130 കാട്ടാന, കരടി, കടുവ, മലമ്പാമ്പു ഇവകൾ
കൂടെ ഇടയിൽ മുതലിട്ടു വൎദ്ധിപ്പിക്കാൻ സ
ഞ്ചരിക്കു സഞ്ചായം ജീവനക്കാക്കം മറവുംആ
ധിവ്യാധിയാൽ വരുന്ന രോഗങ്ങളാകയാൽ
അവരുടെ ചികിത്സ മുതലായതിൽ പ്രത്യേ
കം മനസ്സു വെക്കണമെന്ന് 414 „ 416 „
131 ജീവനത്തിനാക്കുമ്പോഴും ജീവനക്കാക്കം കോ
ൎട്ടുകളിൽ കാട്ടാൻ കക്ഷികൾ മുതലായ വക്ക
സൎട്ടിഫിക്കെററു കൊടുക്കേണ്ടും ക്രമം 417 418
132 നാട്ടിൽ ആനകൾക്കു അപമൃത്യുവന്നാൽ പ
രിശോധിച്ചു സൎട്ടിഫിക്കെററു കൊടുക്കേ
ണ്ടും ക്രമം 419

133 മനുഷ്യരുടെ അപമൃത്യുവിനു സർട്ടിഫിക്കെ
റവു കൊടുക്കാൻ 420

134 മനുഷ്യർക്കു ശരിയായ വെന്ത ഗന്ധകരസായ
നം വായുഗുളിക മുതലായവ കൊടുക്കുന്ന ദു
ഃഖം മുതലായവ 421 മുതൽ 422 വരെ

135 ശീതോഷ്ണങ്ങളിലേതു വീര്യംകൊണ്ടാണ് ഈ
രോഗം മാറേറണ്ടതെന്നു ആദ്യം വൈദ്യൻ
ഓൎത്തും മററും ചികിത്സിക്കണമെന്നു 423

136 ഏതുകാലത്തും ആൎക്കും ഏതു രോഗത്തിനും
മുഖ്യോപയോഗമായ പച്ചമരുന്നിട്ടു കഷാ
യം വച്ചു കുടിക്കാൻ വൈഷമ്യമെന്താണെ
ന്നത് 424 ,, 326 ,,

137 വിശേഷബുദ്ധി മനുഷ്യൎക്കുള്ളതിനാൽ മനു
ഷ്യൎക്കു അസാദ്ധ്യരോഗം വരാതിരിക്കാൻ മാ
ൎഗ്ഗമുണ്ടെന്നത് 427 428

138 സ്പൎശിക്കാനും കണ്ടാൽ ഇരിമ്പടുക്കുന്നതു
പോലെ മേൽപോട്ടുയൎത്തിക്കുന്ന വാതാഗ്നി
കൾ പാകത്തിലാകാൻ മലദ്വാരത്തിൽ പു
രട്ടാൻ പറഞ്ഞ മരുന്നുകൾ കൂടക്കൂടയല്ലാ
തെ അടപ്പിച്ചു പരട്ടണമെന്നില്ലന്നത് 429 ,, 433 ,,

139 വാളിട്ടത്തവരൊക്കെ വെളിച്ചപ്പാടെന്ന് 434 435

140 നെല്ലിക്കായ തിന്നുംവിധമെന്നത് 433

141 യോഗങ്ങളായിട്ടല്ലാതെ സകലവും ബ്രഹ്മാ
വ് വേവ്വേറെ സൃഷ്ടിച്ചതെന്താണെന്നാലോ
ചിക്കണമെന്നത് 437

142 ഇന്ന മരുന്നുതന്നാൽ ഞാൻ മാറ്റാമെന്നു
രോഗവും ഞാൻ ഇന്ന രോഗത്തിനെ മാ
റ്റാമെന്നു മരുന്നും പറയാത്തതാകയാൽ ന
ല്ലവണ്ണം ആലോചിച്ചു ചികിത്സിക്കണമെ
ന്നുള്ളതായ മുഖ്യകാൎയ്യം 438 ,, 442 ,,

143 രോഗം മാറുന്നതിനു 443 ,, 450 ,,

144 ശിഷ്യന്മാർ എന്നവർ 451 ,, 453 ,,

145 സജ്ജ്യലർ 454 ,, 456 ,,

146 രോഗശാന്തിക്കുടൻ എത്താൻ വണ്ടിവേണ
മെന്നത് 457

47 രോഗങ്ങളുടെ പോക്കുവരവിനുള്ള വേഗം 458 459

148 തേങ്ങചോരുന്നത് അറിയും കുടകചോരുന്ന
ത് അറിയല്ലാ എന്നത് 460

149 ആയുൎവ്വേദാൎത്ഥതത്വം മുഴുവൻ പറയുവാനാ
കല്ലെന്ന് 461 ,, 463 ,,

140 ഈ ഗജരക്ഷാതന്ത്രം പുസ്തകം പൊതുജനസ
ഭയിൽ കാഴ്ചവെക്കുക എന്നത് 464 465

151 ഈ പുസ്തകത്തിൽ തെറ്റുകൾ കാണുന്നവ
കളെ പൊറുത്ത് ഇത് പൊതുപയോഗമാ
ക്കുന്നതിനു ജനങ്ങളോടുള്ളതായ അപേക്ഷ 467 368

152 മൂലദൈവം 468 ,, 477 ,,

153 ഗ്രന്ഥകൎത്താവിനാരാണെന്നത് 478

154 ഈ ഗ്രന്ഥമുണ്ടാക്കിയ ആണ്ടുമാസം 479

എഴുതി അയച്ച രോഗസ്ഥിതി മനസ്സിലാക്കി ചികിത്സി
ക്കുന്നതിനു ഉദ്ദേശിക്കുന്ന രോഗികൾക്കു രോഗവിവരം
മുതലായവ എഴുതേണ്ടും നോട്ട്

പുരുഷന്മാരുടെ ദിനസ്ഥിതികൾ എഴുതുന്നതിനു. എടത്തുവശത്തുള്ള ചോദ്യത്തിനു. അനുഭവമുള്ളതുകൾ വലത്തുവശത്തു കുള്ളതു കണ്ടെന്നും ഇല്ലാത്തത് ഇല്ലെന്നും എഴുതുക

നമ്പ്ര്	ചോദ്യം	ഉത്തരം.
1	രോഗിയുടെ അമ്മക്കു എത്രാമത്തെ മകനാണ്	
2	ഉണ്ടെങ്കിൽ ഭാര്യയുടെ അമ്മ പെറ്റതിൽ എത്രാമത്തെ മകളാണെന്ന്	
3	ആണ്മക്കൾ എത്ര പെണ്മക്കൾ എത്ര	
4	ദേഹം കറത്തോ വെളുത്തോ എന്താണ് വേല	
5	ഇതിന്നും പുറമെ, ഈ മഹാൻ എഴുതിയിരിക്കുന്നപോലെ അനുഭവങ്ങളെഴുതുക.	

എഴുത്തിന്റെ പകപ്പ്.

24-4.90 ശ്രീ. നിങ്ങൾ ഇവിടെ വന്നിരുന്ന സമയം മിസ്റ്റർ ലാസറിന്റെ പീടികയിൽ വെച്ച് കണ്ട് സംസാരിപ്പാൻ തരമായില്ല. രോഗിയുടെ വിവരം 1—50 വയസ്സായി 2. ബലഹീനതയും തലതിരിഞ്ഞ് വീഴകയുമുണ്ട്. 3. വായിലും നാവിന്മേലും തൊ

ലി തീരെയില്ല. വ്രണമുണ്ടെ
ന്നു സംശയം 4 അശ്സ്സ് (മൂ
ലക്കുരു) ഉണ്ട്. 5 തൊണ്ടയി
ൽ വേദന കലശൽ.
6 രോമദ്വാരങ്ങളിൽക്കൂടി വെ
ളുത്ത ഒരു സാധനം പോകു
ന്നുണ്ട്. അതു കണ്ണിൽനിന്നു
മുണ്ട്. 7- ആദ്യം മുഖത്തു
കറുത്ത നിറംകണ്ടു. ഇപ്പോ
ൾ പല സ്ഥലങ്ങളിലും അ
തുണ്ട്. ആ കറുപ്പ്നിറം വെ
ളുത്തതായി മാറുന്ന വിധം
കാണുന്നു. 8. മൂത്രത്തിൽ ചി
ല സമയങ്ങളിൽ വെള്ളം
പോകുന്നുണ്ട്. അസ്ഥിയുരു
ക്കാളുണ്ടായിട്ടുണ്ട്.9 മലശോ
ധന കുറയും 10 വട്ടച്ചൊറി
പോലെ ദേഹത്തിലുണ്ടാകു
ന്നുണ്ട്. ആ സ്ഥലത്ത് തൊ
ലിപോയിട്ടെന്നപോലെ വേ
ദനയുണ്ടാകുന്നുണ്ട്. 11. പ
ല ചികിത്സയും ചെയ്തു ഗു
ണം കണ്ടിട്ടില്ല അതുകൊ
ണ്ട്. പ്രത്യേകം ആലോചി
ച്ച് ചികിത്സ നിശ്ചയിപ്പാ
നപേക്ഷ. വരുന്നസമയം ക
ണ്ടേ കഴിയൂ. ഇവിടെ ഇംഗ്ലീ
ഷുപള്ളിക്കു തെക്കുഭാഗത്താ
ണ് എന്റെ താമസം. ദാരി
ദ്ര്യം നന്നെയുണ്ടെങ്കിലും മ
റ്റുദയുണ്ട. മറുപടിക്കപേ
ക്ഷ. എന്ന് വിധേയൻ

സി. ഡി. ഡേവീഡ്.(ഒപ്പ്)
എന്റെ മേൽവിലാസം:_
സി. ഡി. ഡേവീഡ്.
സി.എം. എസ്സ്.തെരുവ്
തൃശ്ശിവപേരൂർ

മ. രാ. രാ. വൈദ്യൻ ശങ്കര
ൻനമ്പ്യാരവർകൾക്ക്
പെരുമ്പാവൂർ
കാർഡിന്റെ—മേൽവിലാസം:_
മ. രാ. രാ. പെരുമ്പാവൂർ
ആയുർവൈദ്യൻ ശങ്കരൻ ന
മ്പ്യാരവർകൾക്ക്
പെരുമ്പാവൂർ
തിരുവിതാംകൂർ

നമ്പ്ര്	ചോദ്യം
1	രോഗികൾ അവരുടെ അമ്മപെററതിൽ എത്രാമത്തെ മകളാണെന്ന്
2	ഭർത്താവുണ്ടെങ്കിൽ അമ്മക്ക എത്രാമത്തെ മകൻ
3	വയസ്സെത്രയായി ഭർത്തും അലസീട്ടുണ്ടെങ്കിൽ
4	എത്ര അലസി പ്രസവിച്ചു എങ്കിൽ
5	ആൺകുട്ടി എത്ര പെൺകുട്ടി എത്ര
6	ദേഹം, കറുത്തോവെളുത്തോ
7	തലക്കാവി

8 തലക്കത്തൽ
9 തലമുടികൊഴിച്ചിൽ
10 തലച്ചൊറിച്ചിൽ
11 കണ്ണിൽദീനം
12 എത്ര കാലമായി
13 വായ്പുണ്ണ്.
14 വെള്ളദാഹം
15 തണ്ണപ്രതിനാശ
16 പുളി മുളകിൽ ആശ
17 വായിൽ വെള്ളം ഊറൽ
18 ഓക്കാനം
19 ഛർദ്ദി
20 ഏമ്പക്കം
21 നെഞ്ച്കത്തൽ
22 വയറുവേദന
23 വയററിൽകത്തൽ
24 രാത്രിയും പച്ചവെള്ളംകുടിക്കൽ
25 വയററിൽ മൊഴച്ചുകാരുക
26 ക്രമത്തിലധികം തളൎച്ച
27 അരക്കെട്ടിൽ പുറമെ വേദന
28 ആസനം ഊന്നാതിരുന്നാൽ അരക്കച്ചിട്ടത്തം
29 മൂത്രദ്വാരത്തിൽ ഒരു നീററൽ
30 അവിടെ അകത്തുനിന്നും. എന്തോ പുറത്തേക്കു തള്ളും പോലെ തോന്നുക.
31 അപ്പോഴും മൂത്രത്തിനു പിട്ടത്തം ചൂട്
32 അവിടെ വരുവായൊ ചാമ

ത്തരിപോലെ ചൊറിപൊ
ക്കകയൊ ഉണ്ടാക്കക

33 അവിടെ ത്തൂശികൊണ്ടു ക
ത്തു. പോലെ

34 ചിലപ്പോൾ ഒരു വെളച്ച്
പോലെ

35 അസ്ഥിസ്രാവം എന്ന ദീനം

36 അതു ചുമന്ന നിറത്തിൽ
പോകുക

37 അതു വെളുത്ത നിറത്തിൽ
പോകൽ

38 ആ പോകുന്ന വെള്ളം ശീല
യിൽ പററിയാൽ ഒരു പിട
ത്തം

39 ആ പോകുന്ന വെള്ളത്തിന
വല്ലാത്ത മണം

40 ആ സ്ഥലത്തുള്ള രോമം
കൊഴിഞ്ഞുപോവുക.
തീണ്ടാരി രക്തത്തിന കറുപ്പ

41 രക്തം ശരിയായി പോകാഷ്ക
പ്രസവം കഴിഞ്ഞാൽ എത്ര
മാസം കഴിഞ്ഞാൽ തീണ്ടാ
രി തുടങ്ങും

42 പ്രസവിച്ചാൽ ഉദ്ദേശം എ
ത്ര ദിവസം വരെ രക്തം
പോകും

43 പ്രസവങ്ങൾക്ക താമസം ഉ
ണ്ടൊ.

44 പ്രസവം വേഗം കഴിയുമൊ

45 പ്രസവിച്ചശേഷം നാട്ടമരു
ന്നൊ ഇംഗ്ലീഷുമരുന്നൊ സേ
വിക്കാറുള്ളതു

46 തീണ്ടാരി മാറി എങ്കിൽ എ
ത്രകാലമായി മാറീട്ട്
47 മലം ഒറച്ചൊ അയഞ്ഞൊ
എളുകിയൊ പോകുന്നതു
48 മലത്തിൽകൂടി രക്തമോ ക
ഫമോ പോകുമോ
49 മലദ്വാരത്തിൽ പഴുക്കൾ
ഉണ്ടോ
50 അവിടെ ചൊറിച്ചിൽ ഉ
ണ്ടോ
51 അവിടെ പുകച്ചിൽ ഉണ്ടോ
52 അവിടെ കൃമിക്കടി ഉണ്ടോ
53 കാലുകൾ വലിക്കുകയുണ്ടോ
54 തൊടകൾക്കു പുളച്ച്യുണ്ടോ
55 കാൽവണ്ണക്കു നോവുണ്ടോ
56 കാൽ വിള്ളലുണ്ടോ
57 കാലടി പുകച്ചിൽ ഉണ്ടോ

ഈ ചോദ്യങ്ങളുടെ ഉത്തരം അറിഞ്ഞാൽ രോഗിയെ കണ്ടില്ലെങ്കിലും സ്ത്രീകളുടെ കണ്ണിൽ ദീനം തലവേദന ഭ്രാന്ത് വാസ്സുണ്ണ ചെവിക്കുള്ള ദീനം ഗുന്മൻ അരോചകം ക്ഷയം വാതം അസ്ഥിസ്രാവം മുതലായി പലവക രോഗങ്ങൾക്കും സാവകാശം ഉണ്ടാകാൻ ചികിത്സിക്കാനെളുപ്പമുള്ളതാണ്.

ഗജരക്ഷാതന്ത്രത്തിൽ ഒന്നാം സൎഗ്ഗത്തിലുള്ള ചില അപൂൎവ്വവാക്കുകളുടെ അൎത്ഥങ്ങൾ.

ശോകോരഗ്രകം=വ്യസനാധിക്യം. ഇഭങ്ങൾ=ആനകൾ. ആൎജ്ജിക്കുക=സമ്പാദിക്കുക. ഇഭമുഖൻ=ഗണപതി. സല്ലോകർ=സജ്ജനങ്ങൾ. ജനി=ജനനം. രാഗിത്വം=സ്നേഹാവസ്ഥ. ഇഭമുഖൻ=ഗണപതി. കൊഴകൾ=മരങ്ങളുടെ ഏലച്ചില്ലകൾ. നാല്പവൃക്ഷം=അത്തി, ഇത്തി, ആല്, പേരാല്. തടകൾ=വാഴകളുടെ പിണ്ടികൾ. അഗദം=മരുന്നു. അതിഥികൾ=വഴിപോക്കർ. പഥികൾ=വഴിപോക്കർ. അഭിമതജനവൎഗ്ഗം=സ്നേഹമുള്ളവർ. ഭാജനങ്ങൾ=പാത്രങ്ങൾ. അമരദാരു=തേവതാരം. മഹിഷി=എരുമ. സൂകരം=പന്നി. കമിക്കുക=കന്നിക്കുക. ഔഷധമാത്ര=മരുന്നുകളുടെ തൂക്കം. പായുപാന്തം=ആസനസരോരുഹം. കെണ്ടി=വെള്ളം എടുത്തു ഉപയോഗിക്കുന്ന പാത്രം കരകമെന്നും പറയും. പായു=മലദ്വാരം. കരുക്കൂട്ടർ=അൎശസ്സ് മൂലക്കുരു എന്നും ആന്ത്രക്കുരു എന്നും പറയും. ആമ എന്നതു്=തൊട്ടപ്പോൾ കഴുത്തും കാലും ചുരുക്കുന്നതും വെള്ളത്തിൽ സഞ്ചരിക്കുന്നതുമായ ഒരു ജന്തുവാണ്. രണ്ടൃരം=വെളുത്തും ചുവന്നും പുള്ളുള്ളതുകൾ. നിശ=മഞ്ഞൾ. സുരസം=തുളസി. എരണ്ടവഴി=ആനകൾക്കു എരണ്ടം, മററു മൃഗങ്ങൾക്കു ചാണകം, മനുഷ്യൎക്കു മലം ഇവ വരുന്ന വഴി. മൂലക്കാററ=അപാനവായു. അരിവി=മലകളിൽ കുറേശ്ശെ വെള്ളം ഒഴുകുന്ന തോട്. ലാജങ്ങൾ=പലവക മലരുകൾ. പത്തുവേര്=കുമ്പൾ, കൂവളം, പാതിരി, പലകപ്പയ്യാനി, മുഞ്ഞ ഇവകളുടെ വേരിലെ തൊലികളും ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, കണ്ടകാരി ഞെരിഞ്ഞല്. ബലകൾ=കുറുന്തോട്ടിയും

ആനക്കുറുന്തോട്ടിയും. ചെറുനീര്=മൂത്രം. ഏറാം=തോട്, പുഴ, സമു
ദ്രം ഇവകളിൽ വെള്ളം മേല്പോട്ട കേറുക. വിട്ട=ആനകൾ എരണ്ടം മൃ
ഗങ്ങൾ ചാണകം മനുഷ്യർ മലം. കരം=കയ്യ്. ആന്ത്രം=കൊട
ല്. ക്ഷുത്ത്=വിശപ്പ് അഞ്ചാം=ദേഹത്ത് പ്രാണൻ, അപാനൻ,
സമാനൻ, ഉദാനൻ, വ്യാനൻ ഈ അഞ്ചു വായുക്കൾ. സത്വങ്ങ
ൾ=ജീവജാലങ്ങൾ. ഇല്ലനക്കരി=തീ കൂട്ടുന്നിടത്ത് ഉണ്ടാകുന്ന ക
ക്കരി. ഇതിനു പുക്കയറ എന്നും പറയും. മൂന്നുകാശ്ശൊലി=കടുക്ക നെ
ല്ലിക്ക താന്നിക്ക ഇവകളുടെ തൊലി. സ്തന്യം=മുലപ്പാല്. ക്രിമി=വയ
റ്റിൽ ഉള്ള കൃമി. ഏരണ്ഡക്കായ=ആവണക്കിൻകായ. വയറക്കര
ൻ=താളിക്ക് ഉപയോഗിക്കുന്ന ഒരു ചെടിയുടെ കൂമ്പ്. ഇതിനു വാ
പ്രയുടെ തള്ളിയെന്നും പറയും. ശർമ്മം=സുഖം. കറപ്പ്=ഇതിനു അവി
യൻ എന്നും പറയും. ശ്വയഥു=വരു മുതലായതിനുണ്ടാകുന്ന നീര്.
നവനീതം=വെണ്ണ നെയ്യ്.

കരിമലം=ആനകൾക്കു നോവിനാദിയിൽ വായുകോപത്താൽ ക
റുത്തുപോകുന്ന മലം. തഴുതാമ=ചിലേടത്തു ചാരണ എന്നും പറ
യും. അപാനസ്ഥലം=മലദ്വാരം. കണ്ണപ്പാട=ആനകൾക്ക മല
മൂത്രദ്വാരത്തിടെ എട്ട് സ്ഥലം. പാഞ്ചി=പാണൽ എന്ന ചെടി
മയിലാഞ്ചി ചിലേടത്ത്. മയിലാഞ്ചി=മരുതോന്നി എന്നും പറ
യും. പാത്രോദരം=പാത്രത്തിനകം. ശർവ്വി=താക്കോൽ. വസ്തി=
മൂത്രാശയം. ഊറൽപോകുക=ആനകൾക്കും മനുഷ്യർക്കും അസ്ഥിസ്രാ
വം എന്നു പറയുന്ന ഒരു മാതിരി പഴുപ്പു മൂത്രദ്വാരത്തിൽകൂടി പോ
വുക. ആട്ടുക=ചക്കിലിട്ടാട്ടുന്നപോലെ ഭക്ഷണസാധനങ്ങൾ വയ
റ്റിൽ പാകംപോലെ കടയുക. എന്ത്രം എഴുതുക=രോഗത്തിനു മ
ന്ത്ര ഫലിക്കാത്താൽ ഉപദ്രവമെന്നു പറഞ്ഞു മന്ത്രവാദരീതിക്കു എ
ന്ത്രം എഴുതിക്കെട്ടുക. ആന പൃഷ്ഠം കുത്തിവീഴുക=തടിവലിക്കുമ്പോ
ൾ വടം പൊട്ടി പിന്നോട്ട വീഴുകയാണ്. തല്പം=ശിരസ്സിൽ വച്ചു

നും മററു പരുക്കുകൾക്ക പുരട്ടാനും ഉണ്ടാക്കുന്ന കുഴമ്പ്. മേൽതാ
ങ്ങിക്കുക=മേത്തുപുരട്ടുകയാണ്. കേരോദകം=തേങ്ങാവെള്ളം. ആ
നേശന്മാർ=ആന ഉടമസ്ഥന്മാർ. ദന്തിരാജവ്യൂഹം=ആനക്കൂട്ടം.
അപ്രമേയബലം=നല്ല ശക്തി. കാണി=കുറച്ച്. തെമ്മല=വേനൽ
വഷം ശരിയായിട്ടുള്ള മലയാളത്തിലുള്ള മല തെക്കെ മലയാളം എ
ന്നും പറയും. ഉഴിയുക=തിരുമ്മുക. മാത്ര=ഗുളിക. അരയാമം=മൂന്നേ
മുക്കാൽ നാഴികനേരം. അനത്തുക=ചൂടുപിടിപ്പിക്കുക. കായ്കൾ=
വാഴക്കാ മുതലായതിൻെറ ഫലങ്ങൾ. ഗുദവിലം=മലദ്വാരം. അ
മ്മപ്പാൽ=മുലപ്പാൽ. പററിടുക=ശിരസ്സിൽ കുഴമ്പിടുക. വത്തി=മ
ലം പോകാഞ്ഞാൽ മരുന്നുകൾ ചേത്ത് ഉണ്ടാക്കുന്ന തിരി. കമ്പി
പോലെ എന്നത്=പാവുകാച്ചിയ ശക്കരകമ്പിപോലെ നീളുക. ഇ
പാവുനൂലുപോലെ ആകുന്നേത്തു ലേഹം ഉണ്ടാക്കാനുള്ള പാകമാ
ണ്. കയ്യൂണ്യം=ഇതിനു കയ്യണ്യം. എന്നും കയ്യോന്നി എന്നും പ
റയും. ചെത്തിപ്പൂവ്=ഇതിനു തെച്ചിപ്പൂവു എന്നും പറയും. എര
ണ്ഡജം=ആവണക്കെണ്ണ. പപ്പടം=പപ്പടകല്ലുല്ല. ഭൃംഗം=കയ്യൂ
ണ്യം. ഇരുപലക്രമം=രണ്ടുപലം വീതം. ചക്കര=കരിപ്പുകട്ടി. മു
ട്ട്=കയ്യു കാലു ഇവകളുടെ മുട്ട്. വക്കത്തഴമ്പ്=ആന മുട്ടിവലിക്കു
മ്പോൾ വക്കുതട്ടി ഒരുത്ത് ഉണ്ടാക്കുന്ന ഒരു തഴമ്പാണ്. പോട്ടി
സ്സ=അരി, കോതമ്പ് ഇവ പൊടിച്ചു വെള്ളത്തിൽ കലക്കിക്കുറുക്കി
ഉണ്ടാക്കുന്നതാണ്. ആണി=പരുനീരു ഇവ പൊട്ടിയാൽ അതിൽ
ഒരു മാതിരി ആണിപോലെ ഒരു കുരു. ശൂലം=വേദന. ഇറുക്കിക്കു
റുക്കുക=പോട്ടീസ്സുവെള്ളം വററിച്ചു കുറുക്കുക. ആതങ്കം=രോഗം. വ
രളുക=ഒണങ്ങുക. പക്ഷപംക്തി=തോളിക്കൂട്ടം. നാല്പാമരത്തൊ
ക്ക്=നാല്പാമരത്തൊലി. കരിമലം=ആനപ്പിണ്ടം. കിഴിത്തിടുക=
കീഴ്പോട്ടുപോകുക. ദ്വൈതമെന്നത്=രാവ്, പകല്. ആണ്
പെണ്ണ്. ഇത്യാദി രണ്ടു കൂട്ടം. അദ്വൈതം എന്നത് ഒന്നായിട്ടു

ഉള്ളത്. ചൊടി എന്നതു=കടുവായയാണ്. മൃതിഎന്നതു=കിഴി
യാണ്. ഹസ്തിവർ=ആനക്കാർ. മൂല്യം=വേല. അരമന=കൊട്ടാരം
എന്നും പറയും. ഗജം ഉടയുക=ആന മറിഞ്ഞുവീഴുക. കാമം=അയ
മോദകം. കപ്പക്കായ=കൂട്ടാൻ വെക്കുന്ന കപ്പക്കായ ഇതിന് അവണ
ക്കാക്കായ എന്നു ചിലടത്തു പറയും. ത്രികടു=ചുക്കു, മുളകു, തിപ്പലി.
ത്രഫല=കടുക്ക, നെല്ലിക്ക, താന്നിക്ക. ഉദകം=വെള്ളം. ഏകനായ
കം=ഇതിനു ചിലടത്തു പൊങ്കൊരണ്ടി എന്നും പറയും. പാദാം
ശം=നാലിലൊന്നു. മന്ദുസ്സഹി=പാവു എന്ന മരുന്നു. വാസവദിപ
മൻ=അയിരാവതം. സുധാ=ചിററമൃത്.

പൊത്ത്=ദ്വാരം. മേഢ്രരന്ധ്രം=മൂത്രദ്വാരം. കളറ എന്നത്=പശു
നിര് ഇവക്കിടാനുള്ള കുഴമ്പാണ്. ആട്ടിച്ചേക്കുക=അരച്ചുചേക്കുക.
ക്ഷുശാണ്ഡം=കുമ്പളങ്ങ. മത്ത=മദമ്പാട്. പൊത്ത്=തൊള്ള. സദ്യോ
വ്രണം=വെട്ടുമുണ്ടായ വ്രണം. വിലാദി എന്ന മാത്ര=വിലാദിഗു
ളിക. ഭുജംഗം=പാമ്പ്. വാകവെള്ളം=വാകത്തൊലി മുതലായതിട്ടു
വെക്കുന്ന കഷായം. അനന്തൻ=സപ്പരാജൻ. മുള്ളുക=മൂത്രം കഴിക്കു
ക. പെയ=ഭ്രാന്ത്. കബളം=ഉരുള. നിമ്മലത്വം=തെളിമ. അമി
തോപകാരം=വളരെ ഉപകാരം ഉള്ളത്. തൻമൃതി=അതുനിമിത്തം
ഉള്ള മരണം. അള=പാമ്പ് മുതലായവ കിടക്കുന്ന പൊത്ത്. ഇവ
യുടെ അവസ്ഥ=ഈ പറയുന്നതിൻെറ ദുഷ്ടാന്താവസ്ഥ. ഒററയാൻ
എന്ന ആന=കാടുകളിൽ നായകനായി പ്രത്യേകം തിരിഞ്ഞുനടക്കു
ന്ന ഒരാന. അടിയളപ്പൻ എന്ന ആന=ഒററയാനയുടെ കാലിൻെറ
അടി അളന്നുനോക്കി ഒററയാനയുടെ കൂടെ നടക്കുന്നതായ ഒററയാ
നയുടെ മകനായ ഒരാന. ലോഹം=ഇരുമ്പ്. ഭിന്നാഭിന്നം=വേണ്ട
തും വേണ്ടാത്തതും. പനിക്കൂക്ക=ഇതിനു ചിലേടത്തു ഞവര എന്നും
പറയും. തിലജം=എള്ളിൻഎണ്ണ. ദന്തരോഗം=പല്ലിൻരോഗം. പ

ശ=മരുന്നുകളുടെ ചാറ്. ഊൎദ്ധ്വജത്രുരോഗം=കഴുത്തിനുമേലുള്ള ദീനം. പായുദേശം=മലദ്വാരം. സുനേത്രി=സുനേത്രി എന്ന ഗുളിക. കനകതാമ്രാദി=കനകതാമ്രാദി എന്ന ഗുളിക. ഭൂമാവുള്ളാവി=ഭൂമിയിൽനിന്നുണ്ടാവുന്ന ആവി. മേഘപ്രകരമിളിതം=മേഘമായി തീരുക. വൃഷ്ടി=മഴ. അശ്രു=കണ്ണുനീര്. ധാത്രീരസം=നെല്ലിക്കനീര്. കൺകേട്=കണ്ണിൽ ദീനം. കോഷ്ഠാഗ്നിജ്വാല=ജഠരാഗ്നിയുടെ ആവി. സ്വാസ്ഥ്യം=സുഖം. കുരു=പരു. ഈരുള്ളി=ചുമന്നുള്ളി. ശ്രേഷ്ഠരു=വലിയ പരു. ക്ഷ്വേളം=വിഷം. ആമിഷം=മാംസം. ഉഭയേത്ര=രണ്ടു ദിക്കിലും. സ്വജനം=തന്റെ ജാതി. ബീജം=ശുക്ലം. രസം=ദേഹത്തിൽ തൊലിക്കകത്തു മഞ്ഞവെള്ളംപോലെ ഒഴുകുന്ന രസധാതുവാണ്. സൂരിജനം=വിദ്വജ്ജനം. വ്യൂഹം=സമൂഹം. ശ്ലാഘ്യവസ്തു=വളരെ മാഹാത്മ്യമുള്ള സാധനം. പടുത=സാമൎത്ഥ്യം. ആറുകാല=കയ്യണ്ട്യം. പയസ്സുകൾ=മാറുകൾ. അജം=ആട്. എന്ത്രം=കരു. ഇപ്പടക്രിയ=ശുദ്ധി ചെയ്യുന്ന രീതി. പ്രഥിതം=പ്രസിദ്ധം. സമസ്തരോഗകലനാശനം=എല്ലാ രോഗത്തിനേയും നശിപ്പിക്കുന്നത്. കല്യത=സാമൎത്ഥ്യം. ഉൾപ്പൂഴപ്പു=നലവ. പച്ച=പച്ചമരുന്നു. ശൎമ്മം ലോകത്തുയൎത്തുക=ലോകത്തു സൌഖ്യം വളൎത്തുക. ഏട്ടിൽ കാണുന്നപോലെ=ഗ്രന്ഥത്തിൽ കാണുന്നപോലെ, ഗ്രന്ഥത്തിൽ പറയുന്ന മാതിരി. കരിമരുന്നു=വെടി, വാണം, ചക്രം മുതലായ വെടിമരുന്നു. ഇരുമ്പുകുറ്റി=വെടിവെക്കാനുള്ള ഇരുമ്പുകതനക്കുറ്റി. അമിട്ടു=മേലിൽചെന്നു പൊട്ടുന്ന ഒരു കരിമരുന്നുവിശേഷം. വൈദ്യചൊൽപ്പടി=വൈദ്യൻ വൈദ്യോദ്യോഗമായി പറയുന്നവകൾ. ഗ്രഹചാരം=രണ്ടാൾ. ജാതനക്കുറി=നന്മതിന്മകളെ തിരിച്ചു വിവരിക്കുന്ന ജാതകം. അഘം=പാപം. പാലകാവ്യം=പാലകാവ്യമെന്ന ഗ്രന്ഥം. രണ്ടുകണ്ണും ഭേദമില്ലെന്നത്=പക്ഷഭേദമില്ലായ്ക. ആനലാഭം വാക്കുക=ആനലാഭം വരുത്തിക്കുക.

ഗജരക്ഷാതന്ത്രം രണ്ടാംസൎഗ്ഗത്തിലെ വാക്യാൎത്ഥങ്ങൾ.

ഏഴാററുമുഖാം=ഏഴാറുകൾ ചേരുകിക്കുന്നതായ സ്ഥലം. ഇതര താം=ആനരത്നം. മഞ്ഞപ്രതിതനീലകണ്ഠൻ=കന്നത്തുനാട്ട മഞ്ഞപ്ര എന്ന മലയിൽനിന്നും പിടിച്ചു വക്കത്തുനിൎത്തിയ പ്രസിദ്ധനായ ആന. ആനക്കളം=പാണ്ടക്കട്ടത്തുള്ളതായ ഒരു മലഅത്ത്രത്തി. അ ടവി=കാട്. അവനിവൻ=രാജാവ്. കടവു പട്ടക്കക=ആനക്കൂടട്ടത്തു ള്ള തോട് പുഴ ഇവയുടെ കടവു കെട്ടിക്കക. അയത്നം=പ്രയാസം കൂടാതെ. കൂട്=ആനക്കൂട്. സംഭാരം=ഓരോ സാമാനം. കൊപ്പം= തിൻസാമാനം നട്ടപിടിപ്പിച്ചതിൽ ആനയെ കേററി പിടിക്കുന്ന ത്. മത്ത്=മറെറാരു വിധത്തിൽ ആണി താച്ചു അതിൽ കേററി ആനകളെ പിടിക്കുന്നത്. കുഴി=ഗൎമ്മണ്ടായി പ്രസവിക്കുന്ന രീതി ക്ക കുഴി കുത്തി അതിൽ ആനകളെ വിഴച്ചു് ഇവിടങ്ങളിൽ ആന കളെ പിടിക്കാൻ കുത്തുന്ന കുഴി. നിലം=പൊത്ത്. സത്ത്വം=ജീവ ൻ. ഗൎത്തം=കുഴി. ഉച്ചസ്ഥലാംഗൻ=വലിയ ഭേഹി. പൊതയിട്ട ക=ആനക്കുഴികൾ ആനകൾ അറിയാതെയിരിക്കാൻ കുഴിക്കമീതെ ചുള്ളിക്കോലുകൾവെച്ചു മണ്ണിട്ടു കരിംഎലകൾ ഇട്ടു വിതറുക. ചതി വ്=കളവ്. പൊഴത്=ആ കുഴിയിൽ വിഴുന്ന പൊഴത്. ഗജപ്ര ധകശ്രേണി=കുട്ടിയാനക്കൂട്ടം ഇട്ടുകെട്ടക=ആന കുഴിയിൽ വീണാ ൽ തനിയേയോ മറേറാ കേറിപ്പോകാതെ കുഴിക്ക മേൽ തടികൊ ണ്ടിട്ടു നെരത്തിക്കെട്ടുക. ചൊഴലം=നാലുപുറവും. വടം=കയറ്. ആ നയെ കെട്ടിക്കാറുന്നവക്ക്. കൊഴു=ആ വക്കകൾക്ക തുമ്പത്തിട്ടുന്ന ഒരു വളയം. തോണ്ടി=മാങ്ങ മുതലായതു തോണ്ടി പറിക്കുന്ന തോ ട്ടി. ചൂണ്ടൽ=മത്സ്യത്തിനെ പിടിച്ചെടുക്കുന്ന ഒരു കൊളുത്ത്. ഗ്ളി ച്ചുപോകക=കെട്ടുന്നത് അഴിയുക. മലങ്കടിക്കലങ്ങൾ=മലയിൽ സ ഞ്ചരിച്ചു വനം മുതൽ സൂക്ഷിക്കുന്നവർ. വിലം=പൊത്ത്. [illegible]

ശം. നാസാ=മൂക്ക്. രണ്ടുബലാ=ആനക്കുറുന്തോട്ടിയും കുറുന്തോട്ടി
യും. ബലാദ്വയം=വിശ്വാമിത്രൻ ശ്രീരാമനുപദേശിച്ച ബല എന്നും
അതിബല എന്നും ഉള്ള മന്ത്രമാഹാത്മ്യംപോലെ ജീവരക്ഷക്കു സാ
മർത്ഥ്യമുള്ള രണ്ടു കുറുന്തോട്ടികൾ. ശോറ=ശോറവാതൽ. മഹേശ്വ
രി=ഈ മലയാററൂർ ഡിവിഷനിൽ നില്പുള്ള ഒരു താപ്പാന. കല്യാ
ണി=അസാദ്ധ്യം കാട്ടാനകളെ പിടിച്ച പഴക്കമുള്ള ഒരു താപ്പാനയാ
ണം. കാവേരിയും=ഒരു താപ്പാന. മാററാണി=ആനയെ കൂടടച്ചാ
ൽ കഴിയിട്ട അതിനുവെക്കുന്ന ഒരു പൂള്. ചുററിത്തിരിഞ്ഞുവലയു
ക=ആനക്കൂട്ടിൽ കാട്ടാന കിടന്നു മറിയുക. പൊക്കിൾക്കൊടി=അ
പ്പോൾ പെററ കുട്ടിയുടെ പൊക്കൾക്കൊടി. കരിമരം=ആനവൃക്ഷം.
ജാതകർമ്മം=ബ്രാഹ്മണർ മുതലായവർ പ്രസവിച്ചാൽ ഉടനെ ചെ
യ്യുന്ന ഒരു ക്രിയ. വേത്തുവെള്ളം=പല പച്ചിലകൾ ഇട്ടുവെക്കുന്ന വെ
ള്ളം. മുസ്താ=മുത്തങ്ങക്കിഴങ്ങ്. ഇതിനു കോരക്കഴങ്ങെന്നും പറയും.
ചെറൂള=ബലിപുഷ്പം. അഗ്നിജ്വരം=പെട്ടെന്നുണ്ടാവുന്ന പനി ദാ
ഹജ്വരം. ശൈത്യജ്വരം=കുളിരപ്പനി. മന്ദോഷ്ണം=ചെറുചൂട്. കൂട്ടി
ൽ തുററുക=മരുന്നുകൾ കൂട്ടിൽ വെതറുക. കൊമ്പണ്ടി=ഏകനായകം.
ബൃഹതി=ചെറുവഴുതിന. ഇഭോൽകരം=ആനമുതൽ. ദ്രവിണം=സ്വ
ത്ത്. പുനൽമുരിങ്ങ=ചുമന്ന മുരിങ്ങ. ഹൃദ്യദാരതി=നല്ല വാക്ക്.
സിംഹകരണം=ആനയുടെ വിരോധിയായ സിംഹമെന്ന. മൃഗക്കര
ണം. നാഗാദ്ധ്യക്ഷൻ=ആനക്കാരൻ. ശാന്തഹീനൻ=ക്ഷമയില്ലാത്ത
വൻ. ഹേഡ്മാനക്കാരൻ=ഹേഡ് ക്ലാർക്ക്, ഹേഡ് കൺസ്റ്റേബിൾ ഇ
വരെപ്പോലെ ആനക്കാരിൽ ഒരു ചുമതലക്കാരൻ. കരിവാളുക=ആ
നക്ക് ഉഷ്ണം തട്ടുക. ശരവേഷം=കൂട്ടവേഷം. വിഷ്ണുപേശൻ=രാജാ
വ്. കൂപ്പാട്=ആർപ്പുവിളി. കാണിക്കളി=മലങ്കുടികളുടെ ആഘോ
ഷം. കരിമീൻ=ഒരു വക മത്സ്യം. വനക്കുഞ്ജരം=കാട്ടാന. കെടുതി=
ക്ഷീണം. താന്തൻ=ക്ഷീണിച്ചവൻ. താന്താന്തി=ദേഹക്ഷീണം. ആ

വലാതി=പരാതി. കൊററാക്കന്ന=ചീനാക്കന്ന. ഇധനം=വൈറക്, പാറം=ക്കൂട്ടം. ഉൽക്രമിപ്രകരം=ഉള്ളിൽ ഉള്ള കൃമിസമൂഹം. ചെടിനീര്=തീററവെള്ളം. താളിപ്രായം=നെല്ല മളച്ചാൽ അരിവെക്കന്നതിൻ ഒരു പാകം. കൊടൽക്കടി=കൊടലിന്നാറമായ മലദോരം. മലപ്പണ്ടാ=ആന. രണ്ടിടമാവുക=പ്രസവിച്ച കഞ്ഞും തള്ളയും തിരിയുക. തൊണ്ടി=കാക്കതൊണ്ടി എന്ന ചെട്ടി. പിണ്ടി=വാഴത്തട്. ശിഗ്രുനീര്=മുരിങ്ങനീര്. ഇഭസൂതിക=ഗർഭമുള്ള പിടിയാന. ഒറഎണ്ണ വെക്കക=കട്ടിയുടെ നിറുകയിൽ എണ്ണ തേപ്പിക്കക. അരുസ്സ്=വ്രണം. പച്ചപ്പത്രം=പശയുള്ള എല. പുഴക്കൊല്ലി=ഒരു പച്ചമരുന്നു. കൊമ്പ് കീഴ്വളരുക=ആനകളുടെ കൊമ്പുകൾ കീഴ്പോട്ടുതന്നെ വളരുക. രണ്ടുകാലിട്ട വടിവെക്കക=രണ്ടുപുറത്തും രണ്ടു കാലിട്ട അതിന്റെ മീതെ വടിവെച്ച കോട്ടംപടിപോലെയാക്കക. അതിൽ കൊമ്പു താങ്ങിക്കക=മോളിലത്തെ പടിയിൽ ആന കൊമ്പുവെച്ചുകൊ നില്ക്കുക. പിടവി=മരം. പീളി=ആനയുടെ കടക്കൊമ്പിൽ ഉള്ള തൊലി. മഞ്ഞപ്പാല=മഞ്ഞളിൻചാറ്. കൂട്ടുകൊമ്പ്=ആനയുടെ രണ്ടുകൊമ്പും കൂടി ആക്കക. അത് അകത്തുക=പാകംപോലെയും ഭംഗിപോലെയും ആക്കന്നതിന് അത് അകത്തുക. ഇഷ്ടപ്രകാരം താങ്ങിക്കക=ആനക്കാർ കൈകൊണ്ടു മിക്ക സമയത്തും പിടിച്ചു വളക്കക. എറണ്ഡക്ഷരം=ആവണക്കംകായ. മൂലാധാരം=മലദോരം. മൂന്നാംക്കം പ്രീതിയാക്കക=വാതപിത്തകഫങ്ങളെ അനുകൂലിപ്പിക്കുക. എഷ്ടി=എരട്ടിമധുരം. മന്തിമൂൎദ്ധാവ്=ആനയുടെ തല. ആട്ടിഎടുത്ത നീര്. ചതച്ച പിഴിഞ്ഞ നീര്. അസ്ഥാപൂൎവ്വം=താല്പൎയ്യത്തോടുകൂടി. ദ്വിരദം=ആന. ബ്രഹ്മാണ്ഡാപമം=ഈ കാണപ്പെടുന്ന ലോകസാദൃശ്യം. ദിനചൎയ്യ=ദിവസവും ചെയ്യേണ്ട രീതികൾ. തേങ്ങയുടെ തൊണ്ട്=തേങ്ങച്ചകിരി. ഉന്നതവരാംഗശ്രഫപ്രണാശം=വലിയ ശ്ലേഷ്മങ്ങൾ ഒടിഞ്ഞുപോവുക. നഖങ്ങൾ=കൈകാലുകളുടെ നഖ

ങ്ങൾ. ആനകൾക്കു മററുള്ള ലക്ഷണങ്ങളിൽ മുഖ്യമായിട്ടുള്ളതു ഇ
രുപതോ പതിനെട്ടോ നഖം വേണമെന്നാണ്. ഏഴ ദിക്കിൽ
STOCK V 1995
നിറം=ഏഴ ദിക്കിൽ ചുമപ്പ്. കൊണ്ടലൊത്തര ചി= ക
രേടത്തു രണ്ടു രോമം=ആനകൾക്ക് ഓരോ രോമക്കുഴിയിൽ രണ്ടോ
മൂന്നോ രോമമുള്ളത് ആയുസ്സുള്ളതാണെന്നർത്ഥം.

ഗജവീരരെ പിടിമുറുക്കുക=ആനകളെ ലേലത്തിൽ വിളിക്കോൾ
ക്കുക. മാനനീയജനം=മാന്യജനം. ആന മാനമിതിപറക്കുക=ആന
കൾക്കു വലിപ്പം വെലകൂട്ടുതൽ ഇവ വൎദ്ധിക്കുക. മായമറാ കട്ടവി
ലെത്തരം=ലേലത്തിനു സ്ഥിരപ്പെടുത്തുന്ന മൂന്നാന്തരം. പിടിവെല
ക്കു വാങ്ങുക=എന്തുവെല കൊടുത്തും ആനയെ വാങ്ങുക വേനൽവ
ഷം ശരിയായുള്ള മലയാളരാജ്യത്തുണ്ടാവുന്ന ആനകൾ നല്ലതാക
കൊണ്ടു എന്തുവെല കൊടുത്തും. [31] സ്വപ്രഭുക്കൾ=വാങ്ങുന്നാളു തന്ന
ർത്ഥം ഭാവിച്ച മുതലെടുപ്പുവിഷയമായ ആനലേലത്തിനു വരുന്ന മ
ഹാരാജമാന്യരാജശ്രീ ദിവാൻജി അവർകൾ കൺസർവേറർ അ
വർകൾ ഡിവിഷനാപ്സർ അവർകൾ മുതലായ മേലാവുകൾ. ഇങ്ങ
ക്കിടാങ്ങളുടെ തള്ളയായ ആനവൈദ്യൻ=രാജരോഗമനുഭവിച്ചു നട
ക്കുമ്പോൾ പെട്ടന്നു കുഴിയിൽ വീണു മുതൽഭ്രാന്തന്മാരെപ്പോലെ
യൊ കുട്ടിയെപ്പോലെയൊ ഉള്ള കാട്ടാനകളെ രക്ഷിച്ചു ലേലംകഴി
പ്പിച്ചു നാടെങ്ങും വരെ രക്ഷിക്കുന്നതിൽ ശാസ്ത്രയുക്തി ദൃഷ്ടാന്താനുഭ
വമുള്ള ആനവൈദ്യൻ വേളി മുതലായ ക്രിയ നടത്തിക്കുന്ന ഉപാ
ദ്ധ്യായാനുക്രിയാവസാനത്തിൽ ചെയ്യുന്ന ദക്ഷിണ. ഉടൽ മുങ്ങി
ചെരിയുക=തീററ വെള്ളം ശരിയായി കൊടുക്കാതെ ക്ഷീണിച്ചുവീ
ണു ദുൎമ്മരണം വരുകയാണ് ദൈവസൃഷ്ടികളും രാജശട്ടങ്ങളും ജീവ
രക്ഷക്കാകയാൽ ദുൎമ്മരണം വരുത്തരുതെന്നർത്ഥം. ആനനാഥന്മാർ=ആ
നകളെ ലേലത്തിൽ വിളിക്കേട്ടവർ. അരണ്യരീതി മറക്കുക=കാട്ടു
തീററ മുതലായതിൽ രുചി വിട്ടു നാട്ടുതീററ വെള്ളം മുതലായതുക

ൾ ശീലിക്ക കയും ജന്മം മുതൽ കാണാത്തതും കേൾക്കാത്തതും ഭവിക്കാത്തതും ശീലിക്കുന്നതിൽ ഉള്ള ആധികൊണ്ട് എളുക്കുന്ന അപാനവായു തീവണ്ടിയുടെ മുൻകൊഴലിൽകൂടി പോകുന്ന ആവിപോലെ കുതിച്ചു മേല്പോട്ടു നില്ക്കുന്നതു നാടെണങ്ങി മനസ്സാച്ചാൽ ആ വായുവും താണു ശരിയായ സ്ഥാനത്താകും. അതുവരെ ദിവസവും ചില ആനകൾക്ക കൂടക്കൂടയും വായുഗുളികയും വെണ്ണ ഗന്ധകരസായനവും മററു ചില നെയ്യ, ലേഹ്യം ഇവകൾ കൊടുക്കണം. അല്ലായെ അഷ്ടചൂർണ്ണം മുതലായ പൊടി കള്ളംപൊടി ഇവകൾ ആനകൾക്കും മൃഗങ്ങൾക്കും മററും കൊടുത്താൽ വെള്ളത്തിൽ പൊടിച്ചിട്ടാൽ അതുകൊണ്ടു വേഗം വെള്ളം വാറുന്നപോലെ ജലാംശമാച്ചി ദേഹത്തുള്ള രസരക്തം ക്ഷണം വലിയുകയാൽ പല രോഗങ്ങൾക്കും മാംസത്തങ്ങൾക്കും എടവരാവുന്നതുകൊണ്ടു പൊടിതന്ന ഉപയോഗിക്കരുതെന്നു താല്പര്യം. വായുഗുളിക ഗന്ധകരസായനം ഇവകളും നെയ്യിലാണ് കൊടുക്കുന്നതു നല്ലത്. ഈ ആനകൾ നാടണങ്ങിയാൽ മുൻതാപ്പാനകൾക്ക പറഞ്ഞ ചികിത്സകൾ ചെയ്യുകൊള്ളാവുന്നതാണ്.

ഗജേന്ദ്രമോക്ഷം=മഹാവിഷ്ണു ഗജേന്ദ്രനു മോക്ഷം കൊടുത്തതുപോലെ പുണ്യക്രിയയാണ് ആനരക്ഷാ എന്ന് ആനകളെ വളി കേട്ടവർ രെമിച്ചു പോയി അവരുടെ നാട്ടിലും മററും ചെല്ലുക. മുൻകഴിഞ്ഞ ലേലവിവരം ഡയറിനോക്കുക എന്നത്=രാജശ്രീ ഡിവിഷനാപ്പുരായി വേലുപ്പിള്ള എജമാനൻ അവർകൾ മലയാററൂർ വന്നപ്പോൾ ആനരക്ഷ മുതൽ വലനക്കള്ള സൌകര്യരീതികൾ വൈഷ്യരീതിക്ക എന്നോടു മുഖദാവിൽ ചോദിക്കകയും, ഈ വധം വഴക്കന്ന ആനതളിൽ താപ്പാനക്കള്ളതിനെ തിരിച്ചു മാറാനകളെ അരുത്ത ബഹു ജനസംഘമുള്ള പരിഷ്കാരസ്ഥലത്തു വെച്ചു ജനസംഘം കൂടുന്ന ദിവസം അതിൽ ഇവിടെ ആലുവാ ശിവരാത്രിനാൾ ലേലം

ചെയ്യുന്നതായാൽ നന്നായിരിക്കുമെന്നു ബോധിപ്പിക്കുകയും ലേലം
അനുവദിച്ചുവന്ന ഉടനെ ആനരക്ഷക്കു വഴിക്കുവേണ്ടുന്ന കയ്യുതുക്ക
ളോടുകൂടി വൈദ്യൻ ആനകളൊന്നിച്ച് ആലുവാവരെ പോകണ
മെന്നു അരചുതന്നതനുസരിച്ച് ആനകളൊന്നിച്ചു ആലുവായ്ക്കു പോ
കയും ലേലത്തിനു പോകുന്ന കാട്ടാനകൾ വണ്ടി മുതലായവ കണ്ടു
ഭയന്നും മാറും വഴിമദ്ധ്യേയും മരണപ്രായമായി വന്ന ദീനങ്ങൾ ത
ൽക്ഷണം തക്ക ചികിത്സകൾകൊണ്ടു ദീനംമാറി വീണ്ടും ലേലസ
ഭയിൽ ആനകൾക്കു വില കുറച്ചുവാങ്ങു അതിനു വന്നവരോടും പ്ര
മാണയുക്ത്യനുഭവദൃഷ്ടാന്തത്തോടെ ആനകളുടെ ഗുണദോഷം ധരി
പ്പിക്കുകയും വിശിഷ്ടതം തെക്കെ മലയാള മലകളിലുള്ള ആനകളു
ടെ ഗുണവിഭാഗം ചെയ്തതിൽ ഈ ആനകളുടെമേൽ ലാഭം പൊതു
സമ്മതിച്ചു വിട്ടുപ്പതു വേലകൾ കൊച്ചുകുട്ടി ആനകൾക്കുകൂടിയും വ
ന്നതിൽ വെച്ച് അന്നും മഹാരാജമാന്യരാജശ്രീ കൺസർവേറ്റർ
സ്വാമി അവർകളും ഡിവിഷനാപ്സർ അവർകളും മററു മാന്യ സഭാ
വാസികളും സന്തോഷിക്കുകയും ചെയ്തു. എത്രയൊ വലിപ്പമുണ്ടായി
രുന്ന വലിയ ബാലകൃഷ്ണൻ മണികണ്ഠൻ ബൈബി ഈ ആനകൾക്കു
വന്ന വിലയും ഈ വിധം ആനകളുടെമേൽ ലാഭം ബോദ്ധ്യപ്പെടു
ത്തി ലേലം ചെയ്തതിൽ ആനകൾക്കു വന്ന വിലകൂടുതലും ഓർത്താ
ൽ ബോദ്ധ്യപ്പെടാവുന്നതാകുന്നു. ഈ ഭാരിച്ച ജീവരക്ഷ മുതൽ വ
ർദ്ധിപ്പിക്കുന്നതിനു മേലധികാരികളുടെ പ്രീതികളോടുകൂടി ചെയ്തതാ
യ വൈദ്യോത്സാഹങ്ങൾ ആലുവായിൽവച്ച് ആനലേലം നടത്തി
തുടങ്ങി ഫാവ്വര് കന്നിയിലെ ഡയറി നോക്കിയാൽ ഈ കാര്യങ്ങൾ
അറിയാവുന്നതാണെന്നത്രെ. ആനരക്ഷ മുതൽ എന്നതു പച്ചപ്പു
ടികളിലും പച്ചവെള്ളങ്ങളിൽനിന്നും പാഴ്ചിലവാകാതെയും ആ
ക്ഷന്തന്നെ കഷ്ടനഷ്ടങ്ങൾക്കു ഇടയാകാതെ പഠിപ്പിക്കാവുന്നതിനു ആ
ദികാരണമായി ആനവൈദ്യൻ വേനൽവർഷം മഞ്ഞ ഈ കാച്ചാന

സരണങ്ങളായും മററും യുക്ത്യനുഭവങ്ങളായി ലാഭസുഖകരരീതികാം ശരിയായി ഡയറിയിൽ കാണിക്കുന്നതായാൽ അതു നോക്കി മേല ധികാരികാം വേണ്ട വ്യവസ്ഥാ പല്ല പരിഷ്ക്കരങ്ങളായി പരിപാകം വന്ന വൃക്ഷരക്തങ്ങളിൽ ജനിച്ച മെഴുക്കാ കൊഴുപ്പാ ഉള്ള ചെടിക ളാം ധാരാളം തിന്നുവരുന്നതിൽ ഊറുന്ന നൈപാട്ടയായ ആനകളാം നാട്ടിൽ അകാലമരണം വന്നു. മേൽപറഞ്ഞ നെയ്യു നാട്ടുകളിലുള്ള കിണർ കുളം മുതലായതിൽ വ്യാപിച്ച ആ നെയ്യു മററു മൃഗങ്ങളാം മനുഷ്യർ മുതലായവ മേൽപറഞ്ഞ കിണർ കുളം മുതലായവകളി ലെ വെള്ളം ഉപയോഗിച്ച പലവക രോഗങ്ങൾക്കും മററനത്ഥങ്ങ ൾക്കും എടയാകാതെയിരിക്കുന്നതിനും മുഖ്യമായിരിക്കുന്ന ആനരക്ഷ ശരിപ്പെടുത്തി ആനകൾക്ക ദുമ്മരണംവരാതെയും ഉത്സവാദിജന ബാഹുല്യത്തിലും ആനകാം എടത്ത മനുഷ്യർ ആനകാം മുതലായ വയെ കുത്തിക്കൊല്ലുക മുതലായ അപകടങ്ങൾക്കും എടവരുത്താത്ത വിധം ലോകത്തിൽ എവക്കും സുഖലാഭപുണ്യം വദ്ധിപ്പിക്കുന്നതായ ആനരക്ഷ ശരിയാക്കമെന്നു താല്പയ്യം. (മലകളിൽ ആനകൾക്ക ദു മ്മരണം വന്നാലൊ എന്നാണെങ്കിൽ) അടിയളപ്പനാന ഒററയാ നെ കുത്തികൊന്നിട്ടൊ നായാട്ടുകാർ മുതലായവരുടെ പെഴ വേടി യേററിട്ടൊ അല്ലാതെ മലകളിൽ ആനകൾക്ക ദുമ്മരണം വരില്ല. അപ്രകാരം ദുമ്മരണം വരുന്ന ആനകളുടെ നെയ്യു പുഴകളിൽക്കൂടി മഴവെള്ളത്തിൽ ചേന്നു സമുദ്രങ്ങളിലേക്ക പോകും. (വൃദ്ധതം വന്നു ചാകുമ്പോഠം മേൽപറഞ്ഞ നെയ്യു ദേഹത്തിൽ വലിഞ്ഞുപോകുന്ന തിനാൽ അപ്രകാരം ചാവുന്ന ആനയുടെ നെയ്യു-ഭൂമിയിൽ വലിയു ന്നതിനും ലളം കിണർ മുതലായവകളിലുള്ള വെള്ളങ്ങളിൽ ചേരു ന്നതിനും മററും വഴിയില്ലാത്തതാകുന്നു.

ഗജരക്ഷാതന്ത്രം മൂന്നാംസൎഗ്ഗത്തിലെ ചില വാക്കുകളുടെ

അൎത്ഥങ്ങൾ.

നാടെന്നതിയ ഗജങ്ങൾ=നാട്ടതീററകളും കെണർ ഇവകളിലെ വെള്ളം ഇവ ശീലിച്ച ആനകൾ ഇവക്ക താപ്പാനക്ക പറഞ്ഞ ചികിത്സചെയ്ക എന്നൎത്ഥം. ഊനം=തകരാറ്. പണിപ്പെട്ട=പ്രയാസപ്പെട്ട പോററമ്മ=വളൎത്തമ്മ ചെല്ലം=ഖജനാവ് ഗജരാജി=ആനക്കൂട്ടം പുല്ലുവെള്ളം=പുല്ലും വെള്ളവും കാട്ടിലുള്ള ചെടിതിന്നംപുഴവെള്ളം കുടിച്ചും ശീലിച്ച ആനകൾക്ക ലേശം തീററകളും കണ്ടം കുളം കിണറുമുതലായവയിലെ വെള്ളവും കൊടുത്താൽ പോരെന്നൎത്ഥം. മാനവേന്ദ്രന്മാരുടേപാദസേവ=തമ്പുരാക്കന്മാരുടെ അകത്തു പ്രവൃത്തി മുതലായവകൾ അവ്യാജം=കേട്ടവാടമുതലായവ കൂടാതെ കടവാള് പത്മനാഭന്റെ തിരുമുമ്പിൽ തമ്പുരാന്തിരുമനസ്സുകൊണ്ടു തൃക്കയ്യിൽ പിടിച്ചു കൊള്ളുന്നവാള് അദ്രിനന്ദിനി=ശ്രീപാൎവ്വതി വാജിയുടെശാല=കുതിരലായം വാരണപ്പങ്ക്തി=ആനക്കൂട്ടം ചെള്ള=തൊലി മാലടിച്ചുകടയുക രോഗംകൊണ്ടു വലയുക ഏനം=സൌഖ്യം സാംക്രമികരോഗം വകന്ന വസന്ത എന്നുംപായും കള്ളക്കാററാട്ടുക വെഷക്കാററിളക്കുക രണ്ടുകൈകെയ്യുഴിചികിത്സ=മനുഷ്യചികിത്സയും സഞ്ചായം ഡിപ്പാൎട്ടുമെണ്ടിലും ആനചികിത്സയും മായപോലെ വിലസുക=സകലടത്തും വ്യാപിച്ചിരിക്കുന്ന മായാഭഗവതയെ പോലെ സൎവ്വദാസഞ്ചരിക്കുക കഷ്ടനഷ്ടം വരാതെ=ബുദ്ധിമുട്ടും ചിലവും കൂടാതെ ദുൎമ്മൃതി=ആദിത്യചന്ദ്രന്മാരുടെ ഉദയാസ്തമനം പോലെ നിശ്ചയമുള്ളതായി ഈശ്വരവിധിക്കകത്ത സൂക്ഷ്മക്കുറവിനാൽ വരുന്ന അകാലമരണം ക്ഷ്വേളവായു=വിഷത്തോടു കൂടിയ കാററ വനത്തിലേക്ക പൊരുകുക=കാട്ടിലേക്ക കേറിവിടുക വനമൃഗം കാട്ടാന കാട്ടുപോത്തു മുതലായി മലയിലുള്ള മൃഗം അമൃതോ

ണമുള്ള ഗദം=ത്രി ദോഷങ്ങൾക്കും നല്ലതായ മരുന്നു അഷ്ടഹാസ
മൊട്ടയന്നിട്ടും ചൊഴലിവായു=വലിയ എരമ്പലോടുകൂടിയ വിഷക്കാ
റ റ തീവരച്ചിൽ കാട്ടിലേക്കു തീപിടിക്കാതെ കാട്ടിനു ചുററുംഉള്ള
ഒണ്ണിങ്ങിസ്ഥകളായുമ്മററുമുള്ള തൊട്ടാവാടിമുതലായവകളെ വെട്ടിനീ
ക്കുന്ന ഒരു ചട്ടം വാററിട്ടമ്പലമരുന്നു വീര്യം=വെതറുന്നമരുന്നിൽ
ശക്തി നീരസംസരസമാക്കുക=തൊലിക്കകത്തോഴക്കുന്ന രസധാതു
ശുദ്ധമാക്കുക ഗ്രഹഭരണത്തിനു അനേകസാമാനങ്ങൾ കുത്തി
വെച്ചു ദിവസവൃത്തി ശരിയാക്കുന്നവിധം വായുഗുളികയും വെന്ത ഗ
ന്ധക രസായനവും ഒന്നാക്കിയൊ വൈദ്യന്മാരോടു ശരിയാക്കിവെ
ച്ചിരിക്കുന്നത വാങ്ങിയോവെച്ചു ദിനങ്ങൾ വരുമ്പോൾ ഇതിൽ പറ
യുംവിം ഉപയോഗിച്ചാൽ അകാലമരണങ്ങൾ വരില്ലന്നത്ഥം ആ
സനമതിന്റെ പൊത്ത്=മലദ്വാരം എന്നത്ഥം മുടി=തലയാണ്
കിഴിയുക=താഴക അഞ്ചുവായുവുമനങ്ങിടാതെ=അനങ്ങാതെസ്തംഭി
ച്ചു മരണപ്രായമായി കിടക്കുക തോഴ=കന്നുകാലികൾ കിടക്കുന്ന
ത്താഴത്താണ് ഈടെഴന്നലകൾ=കൊഴപ്പും മെഴക്കും ഉള്ളഎല
കൾ കളഭത്തിനൊത്തുകുറുക്കുക=താഴത്തു ഒഴിച്ചാൽ പരക്കുന്ന
വിധം കുറുക്കി കുഴമ്പാക്കുക എന്നത്ഥം ഇത്തളം ഈ പാ
ഞ്ഞകുഴമ്പ് എന്നത്ഥം മൂത്തിമുവ്വർ=വാതപിത്തകഫങ്ങൾ ഈ വ
ധം ക്രിയകൾക്കുടലിലുള്ള ചെള്ള=ഈ പറഞ്ഞ ചികിത്സകൾ അ
ജിണ്ണത്താൽ കൊടലിൽ ദുഷിച്ചു കിടക്കുന്ന ദുഷ്ടകൾ ഉടലുചുങ്ങ
ക=ദേഹം ചടക്കുക നാവനക്കിമക്കരക്കുക=കാളപോത്തുപശുആ
ട്. ഇവകൾമക്കരക്കുക എന്നും അയവെട്ടുകഎന്നും പറയുന്നതുകൂടി
ചെയ്യാതെ ഇരിക്കുന്നവെള്ളം ഈ ചികിത്സകൾ ചെയ്താൽ അവ
ചെയ്യുക എന്നത്ഥം അപ്പതിനിവ=തീനും വെള്ളവും പിരാന്ത=ഭ്രാ
ന്ത് പലവിധത്തിലുള്ളവകന്ത=അതിസാരം ഛദ്ദി വയറുകടി പ
നിമുതലായി പെട്ടന്നുവന്നു കഷ്ടനഷ്ടം ചെയ്യുന്ന സാംക്രമികരോഗ

മെന്നൎത്ഥം ആവിവന്ദിപോലെ ഉദരത്തുതിയ്യണ്ടന്നത=ആനകാം ക്ക ജാരാഗ്നി തീവണ്ടിക്കുള്ളപോലെ ഉള്ളതിനാൽ വായുവൎദ്ധിച്ചാലും തീയ്യുംവൎദ്ധിക്കയല്ലാതെ അത്ര എളുപ്പംകെടില്ല. വൊകതീന്നേ തീ കെടും അതുകൊണ്ടു ആനകാം എരണ്ടക്കെട്ട മുതലായവയാലും പത്തും പന്ത്രണ്ടും ദിവസം തിന്നാതെ നിന്നാലും മരിക്കല്ലന്നൎത്ഥം അപാനവായുനമ്പുക=അപാനവായു പതറുക മൂമ്പൂച്ചി മൂമ്പുമറിയുക= അപാനവായുകോപിച്ചിരിക്കുമ്പോൾ നിറുകയിൽ കൊഴമ്പിടുകമല വാരത്തിൽ മരുന്നുവെക്കുക ഇവകൾ ചെയ്യാതെ അനേക മരുന്നു ചെയ്യാൽഉപയോഗംമതിയാക്കല്ലന്നത് ചെറിയപൂച്ചി=കൊച്ചുകൃമി കോഴ കൈക്കുളി എന്നത് നാലുകാലിൽ പന്തലിട്ടു പടിവെച്ചു ക=നാലുകാലു കുഴിച്ചിട്ടു അതിൽ പലകയിട്ടുകച്ചിട്ടു നാല്പൂലിയു ടെ വയറ പതുക്കെ അതിൽ താങ്ങി കാലുകയ്യിവനെലത്തുകത്തി നിന്നതിനുന്നതിനു സൌകൎയ്യപ്പെടുത്തുക ബ്രമ്മണക്രിയ=ദേഹം തടിപ്പിക്കുന്നചികിത്സ പായു=മലദ്വാരം പല്ലുതിരം=ദേഹത്തിൽ ചൊറിഞ്ഞാൽ കാണുന്ന ഒരു വെള്ളം ആനച്ചക്കെന്നചക്കില്ലന്നത്=ആനച്ചക്ക് കാളച്ചക്ക് മനുഷ്യച്ചക്ക് ഈ വിധം ചക്കമുതലായ മരുന്നുകൾ വിവരിച്ചിട്ടില്ലാ മരുന്നുകൾ എല്ലാത്തിന്നും ഒന്നുതന്നെ എന്നൎത്ഥം അപാനാനുകൂലമായ വായുവിങ്കൽ മരുവുക=അപാന വായു കോപിക്കാതെ സ്വസ്ഥാനത്തിരിക്കുക പല്ലുകൾ പൊടിക്കാനെടം കഴിച്ചിടുക=പല്ലുപൊടിച്ച അവിടെനിന്നു കന്നുകാലികൾക്കു തിന്നാൻ സ്ഥലമൊഴിച്ചിടുക എന്നുമ്പും ആയമേറിയ കാളവാജി ഇവകൾ=വലിയ കാള കുതിരഇവകൾ അന്ന്യായമായ-പശു കാള ഇവകൾ=ചെറിയ പശുകാള ഇവകൾ അപ്രമേയ ഗുണമേകിടുന്നൊരു സമാനൻ ശരയായി ദേഹിച്ച രസരക്താദി ധാതുപുഷ്ടിവരുത്തിരക്ഷചെയ്യുന്നതിനു ജാരാഗ്നിപാകത്തിനാക്കുന്ന സമാനവായു പച്ചമുതൽ=വനംവകമുതലിട്ടപ്പ് ആന മനുഷർ ഇവക്കു ആ

സമ ഈശ്വര വിധിയായ ഒരു സംവത്സരം ചക്കമുള്ളുകൾ ച'ക്ക യുടെ പുറമെയുള്ളമുള്ളുകൾ അച്ചെഴയുവോന്നമപ്പന്നത്=അച്ച എന്ന പുഴ എഴഞ്ഞാൽ ചിലടത്തു അക്ഷരം പോലെയാകും അപ്രകാരംചിലതെല്ലാം ഈ ആയുർവേദവിധികൾ നിശ്ചയമായിട്ട എല്ലാം സൂക്ഷ്മമായിട്ട കൊന്നതാണെന്നു താല്പൎയ്യം.

മൂലവായുവനുകൂലനാക്കുക നിമിത്തം=അന്യപക്ഷം നോക്കാതെ സ്വാധീനബുദ്ധികൊണ്ടറിഞ്ഞു ഉൗതി വെഷം കളഞ്ഞു രുചിയുള്ളവ തിന്നുകകൊണ്ടു അവശരിയായി ഭേഹിച്ചു പശുകൾ രസരക്തങ്ങളാകുകകൊണ്ടു അപാനവായുവിനു കോപം സംഭവിക്കാത്ത മൃഗങ്ങൾക്കു മനുഷ്യരെപ്പോലെ നീരെളുക്കം തലക്കു ഭ്രാന്ത് കണ്ണിൽ ദീനം മുതലായ ഊൎദ്ധ്വജമ്മുതലായി മാറു ദീനങ്ങളും വളരെ ഇല്ലന്നു ത്ഥം. മൂന്നുമൂൎത്തി=ബ്രഹ്മാവിഷ്ണു മഹേശ്വരൻ. മൂന്നുദോഷം=വാതപിത്തകഫം. അഭയം=ഭയപ്പെടാതെ. ചന്തം=കച്ചോടത്തെരുവ്. ദിനചൎയ്യ=ആഹാരവിഹാരനിദ്രാമൈഥുനങ്ങൾക്കു സൌകൎയ്യമുള്ള വിധം ദിവസവും നടത്തുന്നരീതികൾ. അദ്ധ്യാപകന്മാർ=വിദ്യ പഠിപ്പിക്കുന്നുപാദ്ധ്യാന്മാർ. വിധിവിഹിതം=ബ്രഹ്മകല്പിതം. പ്രായശ്ചിത്തം=ചികിത്സ. ദീനമായുള്ളരികൾ=രോഗമാകുന്ന ശത്രുക്കൾ. ഉപായമായ ദിനചൎയ്യ=ചുരുക്കമായ ദിനചൎയ്യ. മായംകൂടാതെ ദേഹത്തിൽപാതി=വ്യാജംകൂടാതെ അരക്കുകീഴ്പോട്ടും അരക്കുമേല്പോട്ടും ഇങ്ങനെ ദേഹം രണ്ടായിഭാഗിച്ചതിൽ ഒരു ഭാഗം. ദ്രോഹിക്കും ദുഷ്ടശേഷം=രോഗമുണ്ടാക്കുന്ന കയ്ക്ലിഷം മുതലായവ. ദൈനവല=ഭക്ഷിക്കുന്നവയിലുള്ള നെയ്യിരിക്കുന്ന അവയവം. നെയ്യുൾന്ന ഫലമൂലം=ഏത്തക്കായ ചേന മുതലായ കായകിഴങ്ങു ഇവകൾ. മെയ്യിലുറുക=ദേഹത്ത് ഉണ്ടാവുക. സങ്കടങ്ങളെ വരുത്തീട്ടുകരു=അതായത് മൂലക്കുരു. ഢാപ്പെഴത്തവച്ചശികവതിനുള്ള പത്രം=ചികിത്സക്കു മരുന്നുകുറിക്കുംകൊറിപ്പടി വച്ചുണ്ണും പാത്രങ്ങൾ. തേച്ച

മോറുക=തേച്ചു മെഴുകുക. കിലമാല=മൂലക്കുരുക്കൂട്ടം. ത്രിഫലവെള്ളം=ത്രിഫലകഷായം. പാലൊഴുക്ക തമ്പിമാരുടെയ രക്തദോഷം=സ്ത്രീകൾക്ക തീണ്ടാരിപോറ് ഇവയിൽ കഴിഞ്ഞു പോകേണ്ടും ദുഷ്ടരക്തം പോകുക. ആൾവളത്തിട്ടവതായിട്ടവതായിട്ടും മെഴുക്ക് = ആളുകളെ വത്തിയിട്ടക്കും മെഴുക്ക്. അസ്വസ്ഥൻ=രോഗി. വേശ്യമാരുടെ ആവിവെള്ളം=പെണ്ണുങ്ങൾക്ക കാഞ്ഞുകിടക്കും ദുഷ്ടരക്തം. മാസിമാസി അഖിനാരികൾ=മാസംന്തോറും സ്ത്രീകൾ എത്രയുണ്ടു അത്രയും പുരുഷന്മാരും ഉണ്ടാക്കുക എന്നതാല്പൎയ്യം. ഉണ്ണിമാർ=പുരുഷന്മാർ. സാഹസപ്പണിചെയ്യു=ക്കൂലിവേലകൾചെയ്യു. മൂഢമാം വായു=ദുഷ്ടവായു. ശുദ്ധിചെയ്കവർ=വമനവിരേചനങ്ങളിൽ വയറിളക്കിയവര്. രസം=പരിപ്പ ചുക്കിരസം ഇവകൾ. ഉദരമാട്ടക=വയറു കിടന്നിളക്കുക. രൂക്ഷൻ=സ്നേഹമില്ലാത്തവൻ എടയക=എളുക്കുക. മൽഗം=ചെറുപയറ്. വാന്തി=ഛർദ്ദി. ഉദരശുദ്ധി=വയറിളക്കൽ. കരു=വസൂരി. കാളിയമ്മയുടെമുത്ത്=വസൂരി. പിത്തനിറം=കറുത്തതല്ലാത്തവർ. അരയാമം=മൂന്നേമുക്കാൽ നാഴികനേരം മുടിമുതൽ കാലടിവരെ=തലമുതൽ കാലുകൾവരെ. വാറണ്=വിഷ്ചിക. പീലനന്നമുറുക്കിപിഴിയുക=വെള്ളമില്ലാതെ ഇറുക്കി പിഴിയുക. മധു=തേൻ. മന്ദവഹ്നികൾ=അഗ്നിമാന്ദ്യം ഉള്ളവർ. മാറിലുള്ളവൻ അസാദ്ധ്യം=പ്രാണവായു സഹിക്കവയ്യായിക. ഭേഷജം=മരുന്നു. രണ്ടുകാൎയ്യം=രോഗത്തെ മാറുകയുംഉണ്ടാക്കുകയും. ചുള്ളി=ചെറിയ വൊകിൻതുണ്ടുമുതലായവ. മാത്രകൾ=രോഗങ്ങൾ ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതുമായ മരുന്നിൻ തൂക്കങ്ങൾ. വീൎയ്യമേറുമഗദങ്ങൾ=ശക്തിയുള്ള മരുന്നുകൾ കാഞ്ഞവെള്ളം പച്ചമരുന്നു മുലപ്പാലു ഇവകൊണ്ടു കാളുറാവ നിരെളുക്കപ്പുറി കഠിന വേദന ഇവകളെ മാറാറാം പിന്നെ എന്തിനാ വളരെ ശക്തിയുള്ള കരുതി ഉപയോഗിക്കുന്നതെന്നത്ഥം. ഉച്ചികുത്തിമറിയുക=തലക്കുത്തിമറിയുക. പ

ശിക്ഷാരക്ഷകം=വെശപ്പുമാററുക. സാധ്യവാക്ക്=രോഗകാരണം അത് മാററാനുള്ള സൌകര്യരീതി മുതലായ തരംഗിയായി അറിയത്തക്ക വിധം പറഞ്ഞു മനസ്സിലാക്കുക. ഭൂമിയോടുകിടയാണ് ദേഹമെന്ന ത്=ഭൂമിയിലുള്ള മലദേഹത്തി തല ഭൂമിയിൽ പുഴ ദേഹത്തിൽ കൊടല് ഭൂമിയിൽ കടല് ദേഹത്തിൽ ആസനാം ഇപ്രകാരം ഭൂമിയിൽ ഉള്ളവ*മിക്കതും ദേഹത്തിലുള്ളവയാണന്ന ഉഹിച്ചറിഞ്ഞു ചികിത്സിക്കണമെന്നത്ഥം. മല്ലി=കൊത്തമ്പാലരി. വിളംഗം=വിഴാലരി. മധു=തേൻ. ജാരാഗ്നിമേലാഞ്ഞിടുക മോളിൽ നിന്നു കഴിയുന്നവ അടിക്കടിയുക=ജാരാഗ്നി വദ്ധിച്ചമേത്ത അധികം കാച്ചിൽ പററുക മൂക്കിൽ കൂട കടക്കുന്നവായുവും തിന്നുന്നസാധനങ്ങളും കീഴ്പ്പോട്ടു പാകംപോലെ പോകാതെ ശോധന തടയുക മുതലായവകൾ. ശമന ശോധനങ്ങൾഎന്നത്=ശരിയായ ഭക്ഷണവും അത് പാകംപോലെ ദഹിച്ച് ശരിയായി വേണ്ടും രക്ഷകൾ ചെയ്ത് ദുഷ്ടകൾ വേണ്ടുംവിധം കഴിയുകയും ആണ്. വൈരം=വിരോധം ഉൾത്തിയിളക്കുക= ജാരാഗ്നിയെ വെറുപ്പിച്ച വേണ്ടുംവിധം കത്താൻ സമ്മതിക്കാതെ ചൂടു വല്ലവിധവും പോയി ദഹനം ഇല്ലാതാക്കുക. മുക്കൂട്ട=എണ്ണ നെയ്യ് അവണക്കെണ്ണ ഇവ ചേന്നത്. ആസനപ്പൊത്ത് അരനടുവയറ്=മലദ്വാരം അരക്കെട്ടനടു വയറ് ഈ സ്ഥലത്ത് മുക്കൂട്ടു പുരട്ടുക എന്നത്ഥം. ബ്രമ്മാണ്ഡംപോലെ യുള്ളോദരംമുഴുവനിൽ പററുവെക്കുക=ഈകാണപ്പെടുന്ന ലോകംപോലെയുള്ള വയറ് നടികളിൽ കഴമ്പിടുക. അതികതിമറിയുംരോഗം=അത്യാസന്നരോഗം വാച്ചതായവർ=പ്രായം തികഞ്ഞവർ. മൂലമന്ത്രം=ആയുവ്വേദാത്ഥം ആനക്കാകുന്ന മന്നീശന്മാർ ബ്രമ്മാവിഷ്ണു മഹേശന്മാർ. ഇപ്പെപ്പെടുത്തുള്ളദേഹസ്ഥികൾ=ഈലോകസാദൃശ്യമുള്ള ദേഹസ്ഥിതികൾ.ഉലുത്തീയാമത്തിൽകൊഴയുക=ജാരാഗ്നി അജീണ്ണത്തിൽപ്പെട്ടു വലയുക മുക്കാററൊഴ്പ്പോട=അപാനവായു ജാരാഗ്നിയുടെ പുകകളു

യുക. ഉയിർ പരിഭവമാരോട്ടമോളുക=മരനാധികപ്പെട്ടക മുതലായ വയിൽ ഞാൻപോകുന്നഎന്നജീവൻപരാധിപറയുകയില്ലെന്നത്ഥം കരുമാലൊഴിക്കക=മൂലക്കുരു മുതലായതിൻ തകരാറു കളയുക.

മിററത്തു ചേറുകെട്ടുന്നവിടെയുദിക്കുംകരുപ്പ=മഴപെയ്തു മിററത്തു വെള്ളം കെട്ടി ചേറു കൂടുന്നിടത്തുണ്ടാവുന്ന കരുപ്പ. ഉൽക്ലേശം ചെയ്യുക=മലഭാരം മുതൽ കൊടൽ പഴക്കുക. ആരോഗ്യമേറീടവാൻ സിദ്ധാന്തിക്കുക=ജീവരക്ഷക്കുവേണ്ടി വൈദ്യോപദേശംചെയ്യുന്നതിൽ രോഗികൾക്കു മുഷിയുകയോ മററൊ ചെയ്യുമെന്നു വിചാരിക്കാതെ വിശദമായി പറയണമെന്നത്ഥം. തലയുദിക്കുക എന്നത്=പ്രസവത്തിൽ ശിരോദയമാണ് മുമ്പിൽ കാണുന്നത്. അപാനവായു മുതലായ വായുക്കൾ ശിരസ്സിൽകൂടി മേല്പോട്ടു പൊക്കുന്നതു അതാണ് ഊദ്ധ്വൻപോയി എന്നു മരണത്തിങ്കൽ പറയുന്നത്. അതുകൊണ്ടു മുമ്പിൽ മിക്ക രോഗങ്ങൾ നിറുകയിൽ കഴമ്പിട്ടു രോഗത്തിനെ കിഴപ്പോട്ടിറക്കിക്കളയണം. കുക്ഷിയിങ്കലമരുന്ന ദീപമണക്കുക=ജഠരാഗ്നി കെടുന്നതായ മരണം വരുത്തുക. മുള്ളുപോലെയൊരുകീലം=ഉണങ്ങിയവകയായ അശ്ശ്സ്സ്. രണ്ടു ചന്ദനം=ചന്ദനം രക്തചന്ദനം. കരുപ്പണ്ണം രുധിരം=മൂലക്കുരു കുടിക്കും രക്തം. തിയ്യടിച്ചു കരുവാളിയുള്ള തലയോട്=അപാനസമാനന്മാർ കതിച്ചു തലയോട്ടിൽ കൂട്ട വളത്തിയാൽ ഭ്രാന്തു മുതലായി പലവക ഉൗദ്ധ്വരോഗമുണ്ടാക്കുമെന്നത്ഥം. കടപറിക്കുക=ഇല്ലാതാക്കുക. വെട്ടം ലേശം അനങ്ങുക=ജഠരാഗ്നി എളകാതെ തെളിഞ്ഞുകത്തുക. സൂര്യനോടു കിടയായിട്ടും ദഹനൻ=ലോകത്താദിത്യനെപ്പോലെ ദേഹത്തഗ്നി എന്നത്ഥം. വേഗംകൂട്ടുന്ന ജീണ്ണപ്പനി=ക്ഷണം മരിപ്പിക്കുന്ന കാളറാ പനി മുതലായവകൾ. അപരവണ്ണം=ആന, പോത്ത്, ഇവക കറുപ്പല്ലാതെ മററു നിറമില്ലെന്നത്ഥം. കുക്ഷിരക്ഷ=മൂലക്കുരു നിമിത്തവും സ്ത്രീകൾക്കു ദുഷ്ടരക്തം പോകാഞ്ഞും രക്തം ദുഷിച്ചു വ

യററിൽ ഉള്ള ദീപനശക്തിക്ക തകരാറു കൂടാതെയാക്കുക. ലക്ഷ്യമെ
ന്നിയെ പഠിച്ചവർ വൈദ്യൻ=ശാസ്ത്രയുക്ത്യനുഭവങ്ങളിൽ കൂസലി
ല്ലാത്ത വൈദ്യൻ. കിണ്ണത്തിൽ കൂട്ടിടുന്ന ഘൃതരി=കിണ്ണത്തിൽ ഘൃ
തി കൂട്ടിവച്ചത്. ചുഴലം മൂന്നു ചുററിക്കുക=അരക്കച്ചുററും മൂന്നു
പ്രാവശ്യം ഉഴിയുക. ഇരുവരും കഥിക്കപ്പെന്നതു ആന മുതലായ മൃ
ഗവും കുട്ടിയും പറയപ്പെന്നത്ഥം. ശ്രീപതി=വിഷ്ണുഭഗവാൻ. ത്രപ
വാരി വർഷിക്കുക=അസാദ്ധ്യം ചിലവുചെയ്യുക. ആശുകാരികാരിക
ളതായരോഗം=പെട്ടന്നു മരിക്കുന്ന ദീനം. അമരമാകിയൊരുശു
ക്ലം=ശുദ്ധശുക്ലം. ഋതുവതികൾ=സ്ത്രീകൾക്ക തിണ്ടാരിയിങ്കൽ. പ
ത്മനാഭനെമരുന്നതാപര=പത്മനാഭനെ തുല്യമായ ജഠരാഗ്നി തെളിയു
ന്ന ആര് എന്നത്ഥം. പുരുഷപ്രജക്ക ശരിയായ നാരി=പുരുഷന്മാ
രും സ്ത്രീകളും ശരിയായി ജനിക്കുക. നാരിമാക്ക ഋതുവിലുള്ള ചെ
ള്ള=തീണ്ടാരനു പോകേണ്ടും ദുഷ്ടരക്തം. ത്രിഫലചൂർണ്ണമാക്കുക=
വെന്തഗന്ധകം ത്രിഫലപൊടിച്ചു വച്ചു കാപ്പിപോലെയുണ്ടാക്കി
നെയ്യുചേത്തു സേവിക്കുക എന്നത്ഥം. ത്രികടുതൻപൊടി=ചുക്ക, മു
ളക, തിപ്പല്ലി ഇവ പൊടിച്ചത്. നക്കവാൻ എന്നത്=കാപ്പിപോ
ലെ ജലാംശമായി പാടില്ലാത്തവക്ക നെയ്യു തേൻ ഇവയിൽ ചാലി
ച്ചു സേവിപ്പിക്കുക. ക്രോധവായു=കോപിച്ചവായു. ഏരണ്ഡതൈ
ലം=ആവണക്കെണ്ണ. പോതകം=കുട്ടി.

സദസ്സുകൾ=സഭകൾ. പഞ്ചസാര മുടിനില്പ്=പഞ്ചസാരയുടെ
മധുരം. ഉററ വേനൽ=കഠിനവേനൽ. തോയം=വെള്ളം. തൊളി=
ചെള്ള. പെരിയാറ്=വലിയ പുഴ. നീരാടുക=വെള്ളം ഒഴുക്കുക.
അംഗമായതിലൊലിക്കുംപശ=ദേഹത്തൊഴുക്കും രസധാതു. അപ്പ്=
വെള്ളം. ഉപ്പുവള്ളി=ഉപ്പുകലക്കിയാൽ തെളിക്കുന്ന ഒരു ചെടിയാ
ണ്. യോഗംചേത്തുള്ളകാലം=ധാന്വന്തരം മുതലായ യോഗം കൂ
ട്ടി ഉണ്ടാക്കിയ കാലം. ആയോഗം=ബ്രഹ്മാവ് ഓരോ മരുന്നുകൾ

സൃഷ്ടിച്ചവ പിന്നീട ഓരോരുത്തർ എടുക്കണ്ടാക്കിയ യോഗം. താ യാരും തൌപ്പനാരും=അമ്മയും അച്ഛനും, ഉശിരുള്ള ദുശ്ഘടം. ഈ ഷലെന്നിയേ=സംശയംകൂടാതെ. ആയേപ്പാട്ടുള്ളപോത്=ആയുസ്സും പുണ്യവും ഉള്ളപ്പോൾ. വേഷമതുകളയുക=രോഗം മാറുക എന്ന ൎത്ഥം. സാഹസക്യങ്ങൾ=സാഹസപ്പണികൾ. ഉൾക്കളങ്കം=ഉള്ളിൽ കളവ്. സമീരണൻ=വായു. ഫലകുലം=കായകളുടെ കൂട്ടം. ആഹാ രാദിചതുഷ്ടയം=ഊണ്, മലശോധന, ഉറക്കം, ഭോഗം. സ്നേഹംകൂ ടിനവച്ച=എള്ളിലെണ്ണ, തേങ്ങയിൽ വെളിച്ചെണ്ണ, ഈ വിധം എ ഴ കെല്ലം ചെടികളിൽനിന്നിടുക്കുന്നതാണ് അവകൾ ധാരാളം ഉള്ള ചെടി. മൂലങ്ങളുടെ നാല്വമാതിരി അൎത്ഥം=ഒന്നായുൎവ്വേദഗ്ര ന്ഥാ രണ്ടൌഷധങ്ങളുടെ വേര് 3 മൂലാധാരം 4 ശ്രീമൂലം തിരുനാ ൾ തമ്പുരാൻ തിരുമനസ്സുകൊണ്ടു. അന്നംപാലുണ്ണുംപോലെ=വെ ള്ളവും പാലും ചേൎന്നാൽ അരയന്നം പാലുതിരിച്ചിട്ടത്ത ഭക്ഷിക്കും വിധം. മൂലമോതിയവൻ=ആയുൎവ്വേദം വിധിച്ചവൻ. ഉണ്മതില്ല=ന ല്ലതും ചീത്തയും. ആശ്രുചത്രിയിഹവന്നിട്ടംമുമ്പ=പെരുമ്പാവൂർ ആ ശ്രുചത്രിയില്ലാതിരുന്ന കാലത്തും എന്നത്. ജ്ഞാനിയായ ഗുരുവാ യുരുണ്ണി=അറിവുള്ള ഗുരുനാഥനുണ്ണി. അല്ലലൊഴിയുക=രോഗംമാറു ക. ആയിരം തവണയോതുകയെന്നത്=ചീത്ത വളരെപ്പറഞ്ഞാലും അതു എഴുത്തുകുത്തു ചെയ്യരുതെന്നൎത്ഥം. മേലും കീഴും അറിയുക=കാ ൎയ്യകാൎയ്യം നല്ലപോലെ ആലോചിച്ചു നോക്കുക. ബിറുച്ചുറുക=കാ ൎയ്യങ്ങൾ നടത്താൻ നടക്കുക. സഞ്ചായം ജീവനക്കാർ=വനം മൃത ലിടക്കാൻ മലകളിൽ സഞ്ചരിക്കുന്നതുമായ ജീവനക്കാർ. സയൻ ചെയ്ക=കപ്പിടുക. എന്നം കെട്ടു മരിച്ചതിൽ വഴി=മെഴുക്കുള്ള ചെടി കൾ തിന്നതിൽ നിന്നുരുന്ന നെയ്യോടമായ ആന വാൎദ്ധക്യം വ ന്നു നെയ്യു വലിഞ്ഞശേഷമല്ലാതെ എടക്കാലത്തു മരിച്ചാൽ അതി ൻെറ നെയ്യു ഭൂമിയിലും കിണർ കുളങ്ങളിലും വ്യാപിച്ചാൽ ആ വെ

ള്ളം കടിച്ചു മററു മൃഗം മനുഷ്യർ മുതലായ ജീവജാലത്തിനും കേടാ കയാൽ ആനകൾ നാട്ടിൽ വന്നാൽ ദുർമ്മതിക്കിടയാകാതെ നോ ക്കേണ്ടുന്നതു ഉടമസ്ഥന്മാരുടെ ചുമതലയാണ് അപ്രകാരം നോക്കാ തെ ആനകൾക്ക അകാലമരണം വന്നാൽ അതു ശരിയായി പറ ഞ്ഞു മനസ്സിലാക്കി ്ശവം കണ്ടു മഹസർ എഴുതുക ദുർമ്മരണം വരാ ത്ത വ്യവസ്ഥ ചെയ്യുക മുതലായവകൾ. ലേഹം നാരങ്ങയോളം എന്നത്=ലേഹം വടകപ്പുളി നാരങ്ങയോളം എന്നത്ഥം. വെന്തഗ ന്തകരസായനം=ആനക്ക 15 പണത്തൂക്കം കൊടുക്കാമെന്നത്. അ നല്പം=അധികം. ആഗന്തുക്കൾ പെട്ടന്നു വരുന്നവ=കാളറ, വസൂ സന്നി മുതലായി പെട്ടന്നുവരുന്ന ദീനങ്ങൾ. പച്ചമൂലിക നൽകി ഫീസ്സു വാങ്ങുക=വിലയില്ലാത്ത പച്ചമരുന്നുകൾ കൊടുത്തു വില വാ ങ്ങുക പിടപ്പതു വിലയുള്ള ആനയെ കൊടുത്തു അതിന്നു പകരം ആടിനെ വാങ്ങുന്ന രീതിക്കാണ് ആ പ്രവൃത്തി എന്നത്ഥം സാധുക്ക ളോടു ചികിത്സക്ക പ്രതിഫലം വാങ്ങുന്നതും അപ്രകാരമാകയാൽ അതും ആവശ്യമില്ലാത്തതാണെന്നു താല്പര്യം. കെണ്ടിഎന്നത്=കി ണ്ടി കമുത്തി വാൽ മുരലോടുകൂടി പുരുഷന്മാരുടെയും മുരലില്ലാതെ സ്ത്രീകളുടെയും മൂത്രദ്വാരമായും കെണ്ടിവായ മലദ്വാരമായും കെണ്ടി വായ മലദ്വാരമായും കെണ്ടിയുടെ പള്ള അപാനവായുവിനു സ ഞ്ചരിക്കുന്നിടമായും വിചാരിക്കാം.

അഗദവില=മരുന്നുവില. അനുപാനംഎന്നത്=ത്രിദോഷങ്ങളിൽ വായുവിനെ മുഖ്യം പറഞ്ഞതുകൊണ്ടും ബലവാനായ വായുവിന്റെ അത്തുള്ള പിത്തത്തിന്ന് ഉചിതമായി കയ്യമരുന്നുകളിൽ തത്സമയോ ചിതമായി ചേക്കുന്ന മുലപ്പാല് ഇഞ്ചിനീര മുതലായവകൾ. അ ശാംശകതി൭. അശനസാധനം=ചോറ് കൂട്ടാൻ മുതലായ ഭക്ഷണ സാധനങ്ങൾ: അടപ്പിലെരിയുന്ന തിയ്യ്=അടുക്കളയിലടുപ്പിൽ ക ത്തിക്കുന്ന തിയ്യാണ്. കൊററു പച്ചയോടു തിന്നുക=മനുഷ്യരൊഴി

കെയുള്ളവകൾ വേവിച്ചല്ല തിന്നുന്നത് എന്നൎത്ഥം. ബാഹ്യമായുള്ള
ടപ്പിലെരിയുന്ന തിയ്യ്=ജഠരാഗ്നിക്കു തുല്യമായി പുറമെ. അടുക്കളയി
ലെ അടുപ്പിൽ കത്തിക്കുന്നതായ തീ എന്നൎത്ഥം. വായുവിങ്കലമരുന്ന
പാനനെല്ലകാസ്സു എന്നുത്=മനുഷ്യനു രോഗം വരുമ്പോൾ അയ്യോ
ഇതെങ്ങിനെ മാറും ആരു മാറും എന്തുകൊണ്ടു മാറും എന്നു വ്യ
സനിക്കാതിരിക്കുക. ന്യായമായൊരുചികിത്സയാത്ര്യമിതുപോലെചെ
യ്യു എന്നത്=രോഗിയുടെ ദേഹനിറം മുതലായതു വൈദ്യൻ മനസ്സി
ലാക്കി ലോകന്യായങ്ങളെ ദൃഷ്ടാന്തപ്പെടുത്തി രോഗി മുതലായവരെ
ധരിപ്പിക്കാൻ പറഞ്ഞ് ആധിയായ വ്യാധിയെ ശമിച്ചു കഴിയുന്ന
തും മലപ്പാൽ ഇഞ്ചിനീര് കാഞ്ഞവെള്ളം മുതലായി അനൎത്ഥമില്ലാ
ത്തതും ചിലവും ബുദ്ധിമുട്ടും കറയുന്നതുമായ രീതി നോക്കി ചെയ്തു
ദീനം മാററാൻ നോക്കുക എന്നാൽ സിദ്ധാന്തമില്ലാത്ത ദീനം വേ
ഗം മാറാവുന്നതാണെന്നൎത്ഥം. ആനമുഖനുള്ളപൂജ ചെയ്യതാണാ
നവൈദ്യമെന്നത്=ആനചികിത്സ. നടത്തുന്നതു ഗണപതിഹോമം
മുതലായി ഗണപതിയെ പൂജിക്കുംവിധം മാഹാത്മ്യം മുതലായവയു
ള്ളതാണെന്നൎത്ഥം. കോലൊത്ത എണ്ണുക്ക മടികാട്ടുക=ലോകത്തിൽ
ദൈവത്തിന്റെ പ്രതിനിധിയായ രാജസ്ഥാനത്തൊന്നിനും ലോപ
വും തന്നെ ആശ്രയിക്കുന്നവൎക്ക് എന്തും കൊടുക്കാനും, മടിയില്ലാഴി
കകൊണ്ട് അവിടുന്നു കിട്ടുന്നവക്കു പാത്രമില്ലാഴിക വിചാരിച്ചു താമ
സിക്കാതെ ഉടുത്തിരിക്കുന്ന മുണ്ടിന്റെ മടി കാണിച്ചെങ്കിലും വാ
ങ്ങിക്കുക എന്നുതാല്പൎയ്യം. പിട്ടുകാട്ടുമ നിനാട്ടുകാരെന്നത്=ലോകത്തി
ൽ ഉള്ള മൃഗങ്ങളിൽ ഏററവും വലിപ്പം വേലലാഭം മുതലായവയു
ള്ള ആനകൾക്കു വളരെ കഷ്ടതകൾ വേണ്ടുന്നതുംകൂടി കൊടുത്തും
വൈദ്യൻ ചികിത്സിച്ചു ദീനം മാററിയാൽ കഷ്ടതന്നു വിലപടി മുത
ലായവ കൊടുക്കാതെ മെരട്ടിയോ കബളിച്ചോ അയക്കുമെന്നൎത്ഥം.
ഈ വിധംഭാരിച്ചു ല്പാദസ്വപുണ്യങ്ങൾക്കു കാരണമായ ആനര

ക്ഷ മുതൽ വഷിപ്പിക്കുന്ന വൈദ്യരോഗം കിട്ടാതിരുന്നാൽ കോടതിമു തലായവടത്തു ബോധിപ്പിച്ചാൽ വിധിച്ച് ഈടാക്കിത്തരുന്നതിൽ സംശയം വരില്ലെന്നു താല്പൎയ്യം. ആയിരം തവണ പറയാമെന്ന ത്=പാക്കാൽ ഏതു ചീത്ത വളരെ പറഞ്ഞാലും ചീത്തതപം എഴുത രുതെന്നു താല്പൎയ്യം. വായുഃപിത്തം കഫത്തെ പലവഴിയുമെലിപ്പി ക്കകം=വാതപിത്താ കോപിച്ച കഫസ്ഥാനത്തുചെന്നു കഫത്തിനെ ഏള്ളക്കി തലവേദന, പീനസം, കണ്ണുദീനം, ഭ്രാന്ത്, വായ്പുണ്ണ് മുത ലായി അനേക വിധത്തിലുള്ള ഊൎദ്ധ്വാംഗരോഗങ്ങളെയും പനി, വയറിളക്കം മുതലായവകളേയും ഉണ്ടാക്കുമെന്നൎത്ഥം. ആനവൈ ദ്യന്മാഴക്കുന്നാക്കകം=അടിയളപ്പനാന ഒററയാനയെ കുത്തി മറിച്ചി ട്ടോ നായാട്ടുകാർ മുതലായവരുടെ പെഴവെടി ഏററിട്ടോ കാട്ടിലാ നകൾക്ക ദുർമൃതി വരും. അപ്രകാരം മരിച്ചാലും ആ ആനകളുടെ നെയ്യ് മഴവെള്ളത്തോടുകൂടി ഒഴുകി ആറുകളിൽകൂടി സമുദ്രത്തിൽ പോകുന്നതിനാൽ മററു മൃഗങ്ങൾക്ക അധികം ഉപദ്രവമുണ്ടാകുന്നി ല്ല. നാട്ടിൽ ആനകൾക്ക ദുമ്മരണം വരാതെ നോക്കുന്നതിനുംകൂടി ബഹുമാനപ്പെട്ട ഗവൎമ്മെണ്ടിന്നുകൂടി വേണ്ടും സൌകൎയ്യം ചെയ്തിട്ടു ള്ളപ്പോൾ അതിന്റെ രീതിപോലെ രക്ഷക്ക തക്ക ലാഭസ്വഭവഴി വൈദ്യരീതിക്ക ധരിപ്പിച്ചാലും. അലക്ഷ്യമാക്കിയതിനാൽ ആനക ൾക്ക ദുർമൃതി വന്നാൽ ശവം കണ്ട വൈദ്യൻ പെശകുകൂടാതെ ആ വിവരങ്ങൾ എഴുതിഅയക്കുമെന്നൎത്ഥം. മരണപ്പെടം=മനുഷ്യരുടെ ദുർ മരണ ചരിത്രം എഴുതുന്ന സർട്ടിഫിക്കററാണെന്നു താല്പൎയ്യം. ഒരുപ ണ്ണിടയോടൊന്നുരണ്ടു കൊടുക്കാമെന്നത്=ശരിയായി നൂറുതവണ്ണ ബോധ ഗന്ധകരസായനം എ. പണ്ണിട. വ. പണ്ണിടയും മനുഷ്യ ൎക്ക വീണ്ടും സമയോചിതംപോലെയും സേവിപ്പിക്കാമെന്നു താല്പ ൎയ്യം. കഞ്ഞിവെള്ളംകൂടിയും കട്ടികൾ മുലപ്പാൽകൂടിയും കടിക്കാത്ത പ്പോൾ അനേകം മരുന്നുകൾ സേവിപ്പിക്കാതെ ദീനം മാററാൻ മ

ന്നുകൾ മണപ്പിക്കുക പുരട്ടുക കാഞ്ഞവെള്ളം പിടിക്കുക മുതലായവകളാണ്. ഉത്തമമെന്നൎത്ഥം. രാജാക്കന്മാർതുടങ്ങിട്ടുഗതികൾവരെ=എല്ലാവരും എന്നൎത്ഥം. എന്നാൽ മന്നിലീമരവുമുദിച്ചിട്ടപ്പൊഴ ടനേപറിക്കുക=മരം മുളക്കുമ്പോൾ പറിച്ചുകളയുക അപ്രകാരം ദീനം വരുമ്പോൾ ചില്ലാ മരുന്നുകൊണ്ടു മാററുക എന്നു താല്പൎയ്യം. ആസനപ്പൊത്തിൽ തേക്കുന്ന ഔഷധം=മലദ്വാരത്തിൽ പുരട്ടാൻ പലേടത്തും പറഞ്ഞ മരുന്നു. താഴിൽ താക്കോൽ എളുപ്പംതിരിയുക=മെഴുക്കുപുരട്ടിയ താക്കോൽകൊണ്ടു പെട്ടി മുതലായതു തുറക്കുന്നതിനുള്ള എളുപ്പം എന്നൎത്ഥം. അപ്പടിക്കു വഴിക്കു കേറുക=മൂക്കു, വായ് ഇവകളിലൂടി അകത്തുകേറുന്ന വായു മലദ്വാരത്തിൽകൂടി കിഴവായുവായി പോകാതെ തിരിയെ മേല്പോട്ടു കേറുക എന്നൎത്ഥം. ഗദം=രോഗം. ഇപ്പേറ്റെപ്പട്ട മരുന്നു=പച്ചമരുന്നു ഒണക്കലമരുന്നും ഇംഗ്ലീഷു മരുന്നു മുതലായവ. നൽപും തിൽപും ഇടയുക=രോഗത്തെ കളയുന്നതും ഉണ്ടാക്കുന്നതും കൂടി എടയുക എന്നു താല്പൎയ്യം. അനുഭവം നോക്കി ചികിത്സിക്കുക=ലോകത്തെല്ലാം മരുന്നാകയാൽ ഗുരുമുഖേനയും സ്വാനുഭവംകൊണ്ടും മരുന്നറിഞ്ഞു ചികിത്സിക്കണമെന്നു താല്പൎയ്യം. വൈദ്യവൃദ്ധത=രോഗവും മരുന്നും കണ്ടും അറിഞ്ഞും ചികിത്സിച്ചു ദീനം മാററിയുള്ള പഴക്കം. വൈദ്യരെന്ന ഗതിവൎഗ്ഗമോതുക=അനേക സാധുക്കൾ വൈദ്യനെന്നു വിളിച്ചാൽ വൈദ്യനാകുല്ല. 'ശാസ്ത്രയുക്തൗ നഭവ' ദ്രഷ്ടാന്തം വേണമെന്നൎത്ഥം. യോഗം നോക്കി പഠിച്ചിട്ടുനവധിയഗദം ചാൎത്തുക=സഹസ്രയോഗം മുതലായ യോഗഗ്രന്ഥങ്ങളെ ഗുരുനാഥനാക്കി അവകളിലുള്ള യോഗം മാത്രം കുറിക്കുക എന്നൎത്ഥം. സ്നേഹിച്ചോരോന്നു ചോദിച്ചറിയുക-രോഗാവസ്ഥകൾ വൈദ്യൻ രോഗിയോടു ചോദിച്ചറിയുക അതു രോഗിക്കു വിശ്വാസം വരുന്ന ഒരു മുഖ്യ ചികിത്സയാണ്. എട്ടംഗത്തൊടു കാണിക്കുക=അഷ്ടാംഗഹൃദയം പഠിച്ചു ലോകന്യായങ്ങളെ ഓൎക്കുക. ദീ

നരക്ഷയതിനായി ചിലർ=രോഗൌഷധങ്ങളും ശാസ്ത്രാർത്ഥം ചിലതെങ്കിലും നല്ല പരിചയമുള്ള ചില ശിഷ്യന്മാർ എന്നർത്ഥം. ആമന്ത്രിതന്മാർ ശിഷ്യന്മാർ. വൈദ്യവരൻ=വൈദ്യശ്രേഷ്ഠൻ. യാമം=ഏഴരനാഴിക സമയം. കാററടിച്ച പൊടിയാക്കുക=നോവു മുതലായവകളും ആനകളെ ക്ഷണം മരിപ്പിക്കുക.

ആയുർവേദാർത്ഥ തത്വം സകലവും അറിവിക്കുക=അവയുടെ അർത്ഥം ഈ കാണപ്പെടുന്ന ലോകംപോലെ അവസാനമില്ലാത്ത അർത്ഥമുള്ളതു മുഴുവൻ പറയുവാൻ ആകല്ല. ശിഷ്യന്മാർ പലരും ചേർന്നു ആലോചിച്ചാൽ ജീവരക്ഷക്കു ആവശ്യമുള്ളതറിയാമെന്നർത്ഥം. ആനയോടു കിടയായ ലോകം = എത്രയൊ അഗാധബുദ്ധിയുള്ള ജനം. ആടിനോടു കിടയായ വൈദ്യനെന്നത് = കുട്ടിയായും അല്പനായും ഉള്ള വൈദ്യൻ. ആന വലുതായിയാലും ആടു ആനയുടെ അടുത്തു വന്നാലും ആന എടത്താടിനെ ദ്വേഷിക്കില്ല. എന്നപോലെ ഞാൻ അല്പനാണെങ്കിലും അല്പബുദ്ധിയാണെങ്കിലും ഇനിക്കുണ്ടായ അനുഭവവൈദ്യം പറയുന്നതിൽ അവാര ബുദ്ധിമാരായവരും ആക്ഷേപിക്കുക മുതലായവ ചെയ്യില്ലെന്നു വിചാരിച്ച സമാധാനപ്പെട്ടു താഴ്മയോടുകൂടി ഈ പുസ്തകം പൊതുജന സഭയിൽ കാഴ്ചവെക്കുന്നു. ഇതു തെററുകൾ തിരുത്തി പൊതുപയോഗമാക്കി നടപ്പിൽ വരുത്തുവാൻ മഹാജനങ്ങളോടു അപേക്ഷിച്ചുകൊള്ളുന്നു എന്നു ആശയം. പിച്ചരോടു കിടയാകുമാന = കുടടച്ച ഭ്രാന്തനെപ്പോലെയുള്ള കാട്ടാന. നിർവഹിക്കുക = നല്ലപോലെ നോക്കിരക്ഷിച്ചു വളർത്തിടുക. താപ്പാനക്കൂട്ടം പുരസ്സരം ചെയ്യുക = അറിഞ്ഞും അറിയാതെയും മക്കൾ ചെയ്യുന്ന തെററുകൾ അഛനമ്മമാർ സഹിച്ചു മക്കൾക്കു നന്മ വരുന്നതിനു അനുഗ്രഹിക്കുന്ന വിധം ജീവരക്ഷക്കു ഞാൻ പറഞ്ഞതിൽ തെററുള്ളതു സഹിച്ച് ഈ വിഷയം പരോപകാരമായി തരുന്നതിനു ഗണപതി വംശമായ ആനസമുദായം പൊതുജനത്തിനും ഇനിക്കും സുഖം വർദ്ധിക്കുന്നതിനു ഞാൻ താണു തൊഴുന്നു.

അഭിപ്രായങ്ങൾ

9—1—73

ഞാൻ ഇന്നു പെരുമ്പാവൂരിൽ ശങ്കരൻനമ്പ്യാർ വച്ചിട്ടുള്ള വൈദ്യശാലയിൽ ചെന്നു നോക്കി. അത്യാവശ്യപ്പെട്ടതും വിലയേറിയതുമായ മരുന്നുകൾ ഉണ്ടാക്കിവച്ചിട്ടുള്ളതായി കാണുന്നു. രൂഠം സംപ്രകാരമുള്ള പുസ്തകങ്ങളും ശരിയായിട്ടു വച്ചിട്ടുണ്ട്. ഈ വൈദ്യശാലയിൽനിന്നും ദിവസേന അനേകം രോഗികൾ മരുന്നുകൾ വാങ്ങി സേവിക്കുന്നതായും അതിൽവച്ചു അവൎക്കു ഗുണം സിദ്ധിക്കുന്നതായും അറിയുന്നു. ഈ വൈദ്യൻ വളരെ ക്ഷമയോടും ഔദാൎയ്യശീലത്തോടുംകൂടി രോഗികളെ ചികിത്സിക്കുകയും അഗതികളായ രോഗികളുടെ വീടുകളിൽ ചെന്നു ധൎമ്മമായി മരുന്നുകൾ കൊടുത്തു ദീനം ഭേദമാക്കുകയും ചെയ്യുന്ന ആളാണ്. ഇവിടെയുള്ള ജനങ്ങൾക്കു ഈ വൈദ്യന്റെ പേരിൽ വളരെ തൃപ്തിയുണ്ടെന്നും കാണുന്നു.

തഹശീൽദാർ

സി. രാഘവാചാൎയ്യർ (ഒപ്പു)

1073 ധനു 10-ാം൹

പെരുമ്പാവൂരിൽ വൈദ്യശാല നോക്കി. ലീസ്റ്റപ്രകാരമുള്ള മരുന്നുകൾ വളരെ അധികം ഇല്ലെങ്കിലും ചികിത്സക്കു ആവശ്യത്തിനു തക്കവണ്ണം വലിയ രണ്ടു അലമാരികളിലും ഒരു ചെറിയ അലമാരിയിലും വച്ചിരിക്കുന്നതായി കാണുന്നു. വൈദ്യശാല പുത്തനാ?

യി മേടയോടുകൂടി പണി ചെയ്യിച്ചിരിക്കുന്നു. പൃച്ചവേല തീൎന്നിട്ടില്ലെങ്കിലും ആ കെട്ടിടം തന്നെ ഉപയോഗപ്പെടുത്തി വരുന്നതായിട്ടും കാണുന്നു. ഞാൻ വന്നസമയം രണ്ടുപേർ ഔഷധത്തിനു വന്നിരുന്നു. അവരോടു ആദരവോടു സംസാരിക്കുകയും ഔഷധം കൊടുക്കുകയും ചെയ്യുന്നതായി കണ്ടു. രജിസ്റ്റർബുക്കു പരിശോധിച്ചതിൽ വൃശ്ചികമാസത്തിൽ 181 രോഗികൾ ഉള്ളതായും അതിൽ ഒമ്പതുപേരു മരിച്ചതായും 12 പേർ ഇപ്പോഴും ചികിത്സയിൽതന്നെ ഇരിക്കുന്നു എന്നും രണ്ടുപേർ ചികിത്സയെ ഉപേക്ഷിച്ചുപോയതായും 158 പേൎക്കു ദീനം ഉപശാന്തി വന്നു എന്നും കാണുന്നു. ഈ വൈദ്യശാല നല്ല വൎദ്ധനസ്ഥിതിയിൽ വരുന്നതായിട്ടുതന്നെ അന്വേഷണത്താലും കാണുന്നുണ്ട്. അധികം വിലയേറിയ ഔഷധങ്ങൾ ഉണ്ടാക്കി വയ്ക്കുന്നതിനു വൈദ്യന്റെ ആഗ്രഹം ഉള്ളതുപോലെ ചെയ്യാൻ വൈദ്യൻ അശക്തനായിരിക്കുന്നു. ഹാസ്പത്രികൾക്കു ഹേഡ്കാട്ടർ ആഫീസിൽനിന്നും ഔഷധങ്ങൾ ഉണ്ടാക്കി അയച്ചുകൊടുക്കുന്നതുപോലെ നാട്ടുവൈദ്യശാല ഹേഡ്കാട്ടർ ആഫീസിൽവച്ചു ഔഷധങ്ങൾ ഉണ്ടാക്കി വൈദ്യശാലകൾക്കു് അയച്ചുകൊടുക്കുന്നതായാൽ വൈദ്യശാലകളുടെ വൎദ്ധനയ്ക്കും രോഗങ്ങൾ ശരിയാകുംവണ്ണം വാസിയാകുന്നതിലേയ്ക്കും എളുപ്പമുള്ളതായിത്തീരും. വൈദ്യശാല കെട്ടിടം പബ്ളിക്കുറോഡ് സമീപിച്ചും പരസ്യമായ സ്ഥലത്തും ആയിരിക്കുന്നു.

തഹശീൽദാർ
രാമസ്വാമി അയ്യർ (ഒപ്പു)

1075-ാമാണ്ട് തുലാമാസം 25-ാംനു-

ഇന്നേദിവസം പെരുമ്പാവൂര് വൈദ്യശാലയിൽ ചെന്നുനോ

ക്കി. ലീസ്ററുപ്രകാരമുള്ള മരുന്നുകൾ ഉള്ളതായി കാണുന്നു. ഫോറയാണ്ടത്തേക്കാൾ പെൻഷൻസ് അധികം ഉള്ളതായി കാണുന്നു. ഈ വൈദ്യശാല പ്രാപിയ്ക്കുന്നതു രോഗികളെ ചികിത്സിയ്ക്കുന്നവിഷയത്തിൽ സക്കാർ വൈദ്യൻ സാധരണയിൽ അധികം താല്പര്യമുള്ള ആളായി കാണുന്നു.

തഹശീൽദാർ

രാമസ്വാമി അയ്യർ (ഒപ്പ്)

൧൦൭൦ മകരം ൨൯-ാംനു-

ഞാൻ ഇന്നുകാലത്തു ൯ മണിക്കു പെരുമ്പാവൂർ നാട്ടുവൈദ്യശാലയിൽ ചെന്നുനോക്കി. അപ്പോൾ മരുന്നുകൾക്കായി ൭ ദീനക്കാർ ഹാജരുണ്ടായിരുന്നു. അവരുടെ ദീനത്തിന്റെ വിവരം അറിയുന്നതിനു വൈദ്യൻ ചെയ്യതായ ചോദ്യങ്ങളും ദേഹത്തിന്മേലും ജലമലാദികളിലും ഉള്ള പരിശോധനകളും ദീനം സാരമില്ലെന്നുള്ള ആശ്വാസവാക്കുകളും വളരെ സാവധാനത്തിലും തന്റെ തന്റെ ദീനം ഇന്നതെന്നു വൈദ്യൻ മനസ്സിലായി എന്നു രോഗികൾക്കു ബോദ്ധ്യം വരുവാൻ തക്ക വിധത്തിലും ഉപയോഗപ്പെടുത്തിയതായും ഹാജരുണ്ടായിരുന്ന രോഗികൾക്കു പലവിധമായ ഔഷധങ്ങൾവിലകൂടാതെ കൊടുക്കുന്നതായും കാണപ്പെട്ടു. മരുന്നുകളുടെ വകക്കുള്ള ലീസ്ററു വൈദ്യൻ എന്നെ കാണിക്കയാൽ അതിൽ പറയുന്നതിൽ എടുത്തു കാണിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. എല്ലാ മരുന്നുകളും എന്നെ ബോദ്ധ്യപ്പെടുത്തി. ൧൦ രൂപയിൽ അധികം ശമ്പളം ഇല്ലാത്ത ഈ വൈദ്യൻ ഇത്രത്തോളം കൈമരുന്നുകളെ സമ്പാദിച്ചു അതിനെ ആദരവായി കൊടുത്തു. ഈ ഡിപ്പാർട്ടുമേണ്ടുകൊണ്ടു പൊതുജനങ്ങൾക്കു അധികരക്ഷയുണ്ടെന്നു കാണിപ്പാനും വിശ്വാസത്തെ

വർദ്ധിപ്പാനും ഈ വൈദ്യൻ ചെയ്തുവരുന്ന ശ്രമം അവർണ്ണനീയം എന്നുമാത്രം പറഞ്ഞു അവസാനിപ്പിക്കുന്നു. വൈദ്യന്റെ ശരിയായ നടത്തയേയും ഗുണമായ പ്രവൃത്തികളേയും മേലധികാരികൾ അറിയാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

കുന്നത്തുനാട്ടു താലൂക്കു ആ- തഹശീൽദാർ
കെ. വേലായുധൻപിള്ള (ഒപ്പ്)

൧൦൭൦-ാമാണ്ടു വൃശ്ചികമാസം ൧൬-ാനു

ഞാൻ ഈ താലൂക്കിൽ തഹശീൽദാർ വേലയിൽ സ്ഥലംമാറി വന്നതിന്റെ ശേഷം ഇന്നും ഇതിനുമുമ്പു മൂന്നിലധികം തവണയും ഈ വൈദ്യശാലയിൽ വന്നു ഔഷധങ്ങളേയും അതുകൾ രോഗികൾക്കു കൊടുത്തു ഉപയോഗിക്കുന്നതിനേയും കണ്ടു ബോദ്ധ്യപ്പെട്ടിരിക്കുന്നു. ധന്വന്തരം മുതലായി പല എണ്ണകളും സുകുമാരം ഷന്വന്തരം മുതലായി ഘൃതങ്ങളും, ഗുളിക, പൊടി എന്നു വേണ്ട വൈദ്യശാലയിൽനിന്നും മേലധികാരത്തിൽ അയച്ചുവരുന്ന ലീസ്റ്റനുപ്രകാരമുള്ള എല്ലാ മരുന്നുകളും ശരിയായും യഥാക്രമമായിട്ടും വച്ചിരിക്കുന്നതായും രോഗികൾ വന്നാൽ രോഗാവസ്ഥ ശാസ്ത്രപ്രേണ ചോദിച്ചറിഞ്ഞു രോഗത്തിനു തക്കവണ്ണം ഉള്ള ഔഷധങ്ങൾ അവർക്കു കൊടുത്തു ഉപയോഗപ്പെടുത്തിവരുന്നതായിട്ടും കണ്ടു ബോദ്ധ്യവന്നിരിക്കുന്നു. ഈ വൈദ്യശാലയിലെ നടവടി കണ്ടതിൽ ഗവമ്മെണ്ടിൽനിന്നു കൊടുക്കുന്നതായ ലഘുവായ സഹായികധനത്തിൽ നാലോ അഞ്ചോ ഇരട്ടി ദ്രവ്യം പ്രതിമാസം ചിലവു ചെയ്യുന്നെങ്കിൽ, അല്ലാതെ ഈ വിധം നടത്തുന്നതിനു മാറ്റുണ്ടെന്നു തോന്നുന്നില്ല വൈദ്യൻ കൊടുക്കുന്ന മരുന്നുകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നു ഞാൻ എന്റെ സ്വവീട്ടിൽ കുട്ടികളോടു അന്വേഷിക്കാറുണ്ട്, ആ

തിൽ ഒരുത്തരെങ്കിലും ഔഷധത്താൽ രോഗത്തിനു ഗുണമായ നിവൃത്തിയുണ്ടെന്നല്ലാതെ മററുപ്രകാരത്തിൽ പറവാൻ അവർ ശക്തന്മാരായി ഭവിച്ചിട്ടില്ലാ. ഈ വൈദ്യന്റെ ശാന്തഗുണവും ചികിത്സയിൽ ഉള്ള നൈപുണ്യവും സന്തോഷിക്കത്തക്കതായിരിക്കുന്നു. ഇതിനുപുറമെ എന്റെ അനുഭവത്തെ കൂടി ഇതിൽ സാക്ഷ്യപ്പെടുത്തുന്നു. എനിക്കു അർശസ്സിന്റെ ഉപദ്രവം നിമിത്തം നാലഞ്ചു വർഷമായിട്ടു മലശോധന ശരിയായി ഇല്ലാതെയും തന്നിമിത്തം ആഹാരാദികളുടെ രുചിയില്ലാതെയും ആശുപത്രി അപ്പോത്തിക്കിരിമാരോടും മററു വൈദ്യന്മാരോടും പറഞ്ഞതിൽ നിവൃത്തിവരാതെയും ദുഃഖത്തിൽ ഇരുന്നിരുന്നു. ഈ വിവരം ഈ വൈദ്യനെ ധരിപ്പിച്ചതിൽ ലഘുവായ ഒരു ഔഷധം ഉപയോഗിച്ചാൽ ആശ്വാസപ്പെടുമെന്നു ഈ വൈദ്യൻ പറഞ്ഞതനുസരിച്ചു. പീയൂഷസദൃശമായ ആ ഔഷധം ഉപയോഗപ്പെടുത്തിയതുമുതൽ മേൽപറഞ്ഞ ഉപദ്രവം ഇതേവരെ ഉണ്ടായിട്ടില്ലാതെയും മേൽ ഉണ്ടാകുന്നതല്ലെന്നു അനുഭവത്താൽ ബോദ്ധ്യമായും ഇരിക്കുന്നു. ഈ താലൂക്കിൽ ആസ്പത്രിയില്ല. സെൻസസ്സ് കണക്കുപ്രകാരം ഈ താലൂക്കുനിവാസികളുടെ സംഖ്യ ഏററവും കൂടുതലായിട്ടു കണ്ടിരിക്കുന്നു. ഈ ജനങ്ങളുടെ രക്ഷക്കു ഈ വൈദ്യശാല എത്രയും ഉപകാരമായിട്ടാണ് പരിണമിച്ചിരിക്കുന്നത്. ആസ്പത്രിയില്ലാത്ത സ്ഥിതിക്കു ഇവിടെ പ്രതിദിനം ചിലവാകുന്ന ഔഷധത്തിന്റെയും അതു വാങ്ങി ഉപയോഗപ്പെടുത്തുന്ന ജനങ്ങളുടെയും ക്രമമനുസരിച്ചു ഗൌവർമ്മെണ്ടിൽനിന്നും കൂടുതലായി വേണ്ട സഹായികധനം കൊടുത്തു വൈദ്യനെ ഉത്സാഹപ്പെടുത്തേണ്ടതും അന്യതാലൂക്കുകളിൽ ആസ്പത്രി ഏർപ്പെടുത്തി അതിലേക്കു കൊടുത്തു വരുന്ന ചിലവു നോക്കുമ്പോൾ ഈ വൈദ്യശാല പുഷ്ടിപ്പെടുത്തുന്നതിലേക്കുണ്ടാകുന്ന ചിലവു വളരെ ലഘുവായിട്ടു കാണാവുന്നതും ആകയാൽ ഇതിലേക്കു ഗവർമ്മെണ്ടിൽനിന്നും ദൃഷ്ടിവെപ്പാൻ തക്കവണ്ണം

ഇതിൻെറ മേലധികാരികൾ ന്യായമായി ഗൌനിക്കുമെന്നു വിശ്വസിക്കുന്നു.

കുന്നത്തുനാട്ട താലൂക്ക തഹശീൽദാർ
പി. കുമാരപിള്ള (ഒപ്പ്)

—

൧൦൭൪ മിഥുനം ൧൯-ാം

ഞാൻ ഇന്നു കാലത്തു പെരുമ്പാവൂർ നാട്ടുവൈദ്യൻ ശങ്കരൻ നമ്പ്യാരുടെ വൈദ്യശാലയിൽ വന്നുനോക്കി. ഈ സ്ഥലത്തു തഹശീൽകാര്യം വിചാരിച്ചു കഴിഞ്ഞ മേടം ൨൦-ാംതിയ്യതിമുതൽ ചാർജ്ജെടുത്തു ഈ മാസം പതിനഞ്ചാംതിയ്യതിവരെ ഈ വൈദ്യശാലയേയും വൈദ്യനേയും പററി എനിക്കറിവുണ്ട്. വൈദ്യൻ ചികിത്സിക്കുന്നതിനു താല്പര്യമുള്ള ആളാണ്. വൈദ്യൻെറ ചികിത്സ വളരെ ഗുണം ഉള്ളതായിട്ടാണ് എൻെറ അറിവ്. എനിയ്ക്കു ഈ സ്ഥലത്തു വന്നശേഷം ഉണ്ടായ ഒരു സൌഖ്യക്കേടിനെ വൈദ്യൻെറ ഔഷധഗുണത്താൽ പെട്ടെന്നു ശമിക്കയുണ്ടായി. ഈ വൈദ്യൻ ഇവിടെ ഇപ്പോൾ സക്കാർ വകയായി നിൽപുള്ള ആനകളെ ചികിത്സിക്കുന്നതിനു വളരെ താല്പര്യമുള്ള ആളായിട്ടാണ് കണ്ടിട്ടുള്ളത്. ആനകളെ ചികിത്സിക്കുന്നതിനു ഈ വൈദ്യശാലയിൽ വളരെ മരുന്നുകൾ ഉണ്ടാക്കിവച്ചിട്ടുള്ളതായി കാണുന്നു. ഈ ഔഷധികൾ കയ്യിൽ ചിലവിന്മേൽ ഉണ്ടാക്കിവച്ചിട്ടുള്ളതാണെന്നു വൈദ്യൻ പറയുന്നു. വൈദ്യൻ ആനകളെ ചികിത്സിച്ചതിൽ വളരെ ഗുണം അവകൾക്കു ഉണ്ടായതായി കാണുന്നു. ആനകളുടെ രക്ഷയ്ക്കുവേണ്ടി വൈദ്യൻ ചെയ്തുവരുന്ന ജാഗ്രതയെപ്പററി ശ്ലാഘിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെ ചികിത്സക്കും വളരെ മരുന്നുകൾ വൈദ്യശാലയിൽ കാണുന്നു.

അത്രക്കററി ൧-ാംക്ലാസ്സ് മജിസ്ത്രേട്ട്
കെ. ശങ്കുണ്ണിപ്പിള്ള (ഒപ്പ്)

ഫറവ്വഫ എടവം ൨൩

ഈയ്യാണ്ട് എടവം ൨ വ്വ-൦൦ന്നു-വരെ ഫവ്വരെ രോഗികളെ ചികിത്സിച്ചതായിട്ടും അതിൽ ഫന്നവ്വര ശമിച്ചതായും ൭ മരിച്ചതായും ഫര താനേ വിട്ടതായും റജിസ്റ്റർബുക്കുകൊണ്ടു കാണുന്നു.. ഈ ചികിത്സാഫലം തൃപ്തികരമാണ്. വൈദ്യശാലയിൽ ലിസ്റ്റുപ്രകാരമുള്ള മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. ബുക്കുകളും വച്ചിട്ടുണ്ട്. വൈദ്യശാല കെട്ടിടവും ശുചിയായിരിക്കുന്നു. വൈദ്യൻ ജനരഞ്ജനയും രോഗികളെ ചികിത്സിക്കുന്നതിൽ തല്പരനുമാണെന്നു കാണുന്നു. ഈ വൈദ്യന്റെ ശ്രമംകൊണ്ടു സഞ്ചായം ഡിപ്പാർട്ടുമേണ്ടിലെ അധീനത്തിലും മററും നില്ക്കുന്ന ആനകൾ രക്ഷപ്പെട്ടിരിക്കുന്നതായും കാണുന്നുണ്ട്. ആനചികിത്സക്കുള്ള മരുന്നുകളും വൈദ്യശാലയിൽ ശേഖരപ്പെടുത്തിവെച്ചിട്ടുണ്ട്.

കുന്നത്തുനാട്ടതാലൂക്ക് തഹശീൽദാർ
ഫരിഹരയ്യർ (ഒപ്പ്)

ഫറവ്വ കന്നി ൨൦-൦൦ന്നു-

ഈ വൈദ്യശാലയിൽ ചിങ്ങമാസം ഒന്നിനു ൨൦൦ രോഗികളുടെ പേർ റജസ്റ്റിൽ കാണുന്നു. കഴിഞ്ഞ ഒരു വഷത്തെ കണക്കു നോക്കിയാലും മാസം ശരാശരി ൨൦൦ രോഗികൾ വരുന്നതായി കാണുന്നു. ഈ സ്ഥലത്ത് ഇംഗ്ലീഷ് ആസ്പത്രി ഇല്ലാത്തതുകൊണ്ട് ഈ വൈദ്യശാല വൈദ്യന്റെ അതിശ്രമംകൊണ്ട് ഏറരെ നല്ല സ്ഥിതിയിൽ വച്ചിരിക്കുന്നതും അതിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരമായും ഭവിച്ചിരിക്കുന്നതിനാൽ വൈദ്യനെ എല്ലാ വിഷയത്തിലും ഉത്സാഹിപ്പിച്ച നല്ല സ്ഥിതിയിൽ കൊണ്ടുവരുന്നതിനു ഗവമേണ്ട് അയാളുടെ ഗ്രാൻറിനെക്കൂടി കൊടുപ്പാനുള്ളതാകുന്നു. വൈദ്യശാല

യിൽ വിലപിടിച്ച മരുന്നുകളും വളരെ ശേഖരിച്ചു വച്ചുകാണുന്നു. ഇതുകൂടാതെ ആനകളുടെ രോഗങ്ങളേയും ശമിപ്പിക്കുന്നതിന് ഈ വൈദ്യൻ ഒരു നിപുണനാണെന്നു കാണുന്നു. ആ വകക്കും വേണ്ടുന്ന മരുന്നുകൾ വച്ചിരിക്കുന്നു.

കുന്നത്തുനാട്ടുതാലൂക്ക് തഹശീൽദാർ
പി. ആർ. മാധവൻപിള്ള (ഒപ്പ്)

എത്രയും തൃപ്തികരങ്ങളായ ഈ അഭിപ്രായങ്ങളോടു ഞാനും പൂർണ്ണമായി യോജിച്ചിരിക്കുന്നു. ഇതിനെപ്പറ്റി ഗവമ്മേണ്ടിനോടു ശുപാർശി ചെയ്തിട്ടും ചെയ്യുന്നതും ഉണ്ട്.

൧൦൯൧ ധനു ൧൯-ാംനു നാട്ടുവൈദ്യശാല
സൂപ്രണ്ട് പരമേശ്വരൻമൂത്തത് (ഒപ്പ്) മദ്ര

൧൦൯൨ ചിങ്ങം ൨൪-ാംനു

കഴിഞ്ഞ മൂന്നു വർഷമായിട്ടും ഞാൻ ഈ വൈദ്യന്റെ ചികിത്സാക്രമങ്ങളെപ്പറ്റി അന്വേഷിക്കാറുണ്ട്. ഇവിടെ വന്ന നാൾ മുതൽ ഈ വൈദ്യനെത്തന്നെ എന്റെ കുടുംബഡാക്ടരായിട്ട് ആചരിച്ചുപോരികയും ചെയ്യുന്നു. ഇയാൾ വളരെ സമർത്ഥനും രോഗത്തിന്റെ കാരണം നല്ലതിന്വണ്ണം മനസ്സിലാക്കി അനുരൂപമായ വിധത്തിൽ ചികിത്സിക്കുന്നതിൽ ഒരു നിപുണനുമാണെന്നുള്ളതിൽ ഒരു സംശയവും ഇല്ലെന്നു എന്റെ അനുഭവംകൊണ്ടു ഞാൻ തീച്ചയായും പറയുന്നു. ഒരു വ്യാധി ഉണ്ടായാൽ അതു ചികിത്സകൊണ്ടു ക്രമേണ ഭേദപ്പെടുന്നതല്ലാതെ പെട്ടന്നു ഭേദപ്പെടുന്നതല്ലാ. "അങ്ങിനെ ഭേദപ്പെട്ടാലും അതു ഉപശാന്തി തല്ക്കാലത്തേക്കുമാത്രമേ ഉണ്ടാ

ങ്ങൊട്ടുംപേടിച്ചിടാതാമൃഗതതിയതിനെക്കൊന്നുതിന്നാമെളുപ്പം

ഇഷ്ടംപൂണ്ടായതുണ്ണാതനിശവുമധുനാപച്ചതിന്നാനകാട്ടിൽ
പെട്ടെന്നംഗംകൊഴുക്കുന്നതുവിധമിഭമിഗ്ഗന്ധകത്താൽതടിക്കും. 570

ദോഷംകൂടാതെപച്ചച്ചെടിജലമധികംതിന്നിടുന്നുണ്ടുമാംസം
ഭഷോണാനക്കുതെന്നാലതിനുടെശകലംതിന്നുകാണാത്തതെന്തോ
പേടിക്കുംനാരിരിക്കുന്നിവടയുമടവിക്കുള്ളിലുംനല്ലമാംസം
തേടാതാനക്കുതിന്നാൻപലമൃഗമുഭയത്രാപികിട്ടീടുമല്ലോ. 571

അനക്കാമിഷമുണ്ടിടേണമുടനെന്നാൽക്കൊന്നുതിന്നീടുവാ-
നേനംനോക്കണമെന്നതില്ലധികമുണ്ടല്ലോമൃഗക്കൂട്ടവും
ആനക്കാരരികത്തുനിത്യമിവിടെപ്പാർക്കുമ്പൊഴുംദന്തികൾ-
ക്കാനന്ദത്തൊടുകൂടിയുണ്ണുവതിലാണാരോഗ്യമേറുന്നത്. 572

മാംസത്തിൻദോഷമല്ലിപ്പറയുവതിഭമുണ്ണാൻമടിക്കുന്നതേതും
ശാസിച്ചൂട്ടുന്നതായാലതിലൊരുഗുണവുംവന്നിടാൻമാർഗ്ഗമില്ലാ
കൂസീടാതച്ചിച്ചെയ്യുന്നവയൊരുപടിതിന്നീലയെന്നാലുമാന-
ക്കാമോദംപൂണ്ടുതിന്നുന്നവകളിഹകുറച്ചാകിലുംപുഷ്ടികൂട്ടും. 573

വാഴതന്നുടയപിണ്ടിയോടുകിടയാണതിക്കുടലതിൻപുറ-
ത്തേഴധാതുവുടലിങ്കലുണ്ടവകൾപോളപോലെകരുതാവതാം
ഏഴുകൾക്കിവയറിഞ്ഞിടുമ്പൊഴതിലാത്മരക്ഷകൾവളർത്തുവാൻ
പാഴ്വേലകളെടുത്തിടാതെചെടിവെള്ളമേകിയഴൽപോക്കിടാം. 574

ഊഴീശന്മാരശിക്കുന്നനുഭവമണവായ്ദന്തികൾക്കേകിയാലും
പാഴാക്കാതായതെല്ലാംരുചിയൊടുകുതുകംപൂണ്ടുതിന്നീടുമപ്പോൾ
വാഴപ്പിണ്ടിക്കണക്കുള്ളൊരുകൊടലുടനേവാച്ചിടുംദന്തികൾക്കും
വാഴക്കുപ്പോളവാക്കുന്നതുവിധമുടലിൽധാതുവേഴംതടിക്കും. 575

ഗജത്തിനോർത്താൽപനതൊട്ടനേകം
സുഹൃദ്യവസ്തുക്കളിരുന്നിടുമ്പോൾ

അഹൃദ്യമാംസാദികളെന്തിനായി-
ട്ടതിപ്രയത്നേനകൊടുത്തിടുന്നു. * 576

വെണ്ണില്ലെന്നു വച്ചു വെങ്ങളെ കെട്ടാറില്ല-

വെണ്ണില്ലായെന്നുവെച്ചിട്ടുലകിതിലധുനാവെങ്ങളെക്കെട്ടമാറി-
ല്ലെന്നോതുംമട്ടദന്തിസ്സ്വശനമതുകുറഞ്ഞാലുമുണ്ണില്ലമാംസം
എന്നോണംനിഷ്ഠയുള്ളോരിഭമതിനിതുമട്ടാമിഷത്തെക്കൊടുത്താ-
ലന്തമ്മോദേനതിന്നില്ലതുബഹുദ്ദുരിതംതന്നെയാണേകിയെന്നാൽ. ()

ഗന്ധകം

ദേഹത്തിൽത്തൊലിതന്നകത്തൊഴികിടുന്നാമത്തെന്നീരെപ്പൊഴും
സ്നേഹംപൂണ്ടുവളർന്നിടുംരസമതാണീരക്തമാകുന്നത്
ഊഹിക്കുംപടിരക്തധാതുവളരുംപൊഴന്യധാതുക്കളും-
മോഹിക്കുംവിധമേറിടുമ്പൊഴിഭമിഞ്ഞൊരാവതംപോലെയാം. 578

സ്നേഹംപൂണ്ടവയുണ്ടിടുന്നതിലിരുന്നൂറുന്നതാമീരസം
മോഹിക്കുംപടിരക്തമാകിലുടനേമറ്റുള്ളധാതുക്കളും
ഊഹിക്കുംവിധമേറുവാനൊരമൃതാമിഗ്ഗന്ധകംവെന്തതി-
ങ്ങാഹാരത്തൊടുകൂട്ടിയേകുകിഭമിഞ്ഞൊരാവതംപോലയാം. 579

ഏവനുംസജ്ജനമോടുചേരുവതിലൊണ്ടുവീണ്ടുമൊരുതൃപ്തിയി-
ങ്ങേവമാണരസധാതുവിൻറനിറമുള്ളഗന്ധകരസായനം
തിന്നിടുമ്പൊഴതിലേററവുംരുധിരശക്തികൂടിവരുമപ്പൊഴീ-
മൂന്നുദോഷവുമനുഗ്രഹിച്ചുടലിനേററവുംപൊലിമയേകിടും. 580

ശങ്കരൻറയൊരുബീജമാണരസമെന്നുചൊല്ലിവരുമൌഷധം
ശങ്കരീരുധിരമാണുഗന്ധകവുമെന്നുസൂരിജനസമ്മതം

---

* മാംസം തിന്നാത്തതായ മററു നാല്ക്കാലികൾക്കും മാംസം കൊടുക്കുന്നതിലും അധികം ഗുണം ഈ വാതത്തവകകളായ ചികിത്സകൾക്കാണു.

എത്രയുംമഹിമയുള്ളതാണുരസഗന്ധകങ്ങളവയിൽപ്പരം
ഹസ്തിതൊട്ടതിനുതുള്ളയോടുകിടയാണുഗന്ധകരസായനം. 581

അച്ഛനോടുകിടയാണയീരസമതെന്നതിങ്ങറികഗന്ധകം
കൊച്ചുകുഞ്ഞിനെവളൎത്തുമമ്മയതുപോലെയാണറികശിഷ്യരേ
പച്ചവെള്ളമിവചേൎത്തുകൊണ്ടുഴലൊഴിച്ചിടാനിവകൾനൽകിയ–
മ്മിച്ചിതൻമൂലജലത്തിനോടുകിടയാണുഗന്ധകരസായനം. 582

കൂട്ടാൻവയ്യതിലുപ്പിടുന്നതുവിധംകെല്പേറുമിഗ്ഗന്ധകം
കൂട്ടിച്ചേൎത്തശനംഗജത്തിനുകൊടുത്തീടുന്നതേററംഗുണം
ഇഷ്ടംപോലെയശിച്ചിടുംചെടികളോടൊത്തേകിയാലെത്രയും
കട്ടിതപംമുതലായനേകഗുണമുണ്ടാകുംഗജങ്ങൾക്കുടൻ. 583

ലോകത്താരോഗ്യമേറാൻവിധിവിഹിതമതായുള്ളതാംപച്ചയെ
പാകംപോലെഭുജിസ്സംവനഗജമുടനിക്കണ്ടിൽവീഴുന്നതൊട്ടു് [ന്നും
വേഗംകൂടുന്നതായുള്ളപകടമധികംവന്നിടാമിങ്ങതെല്ലാം
വേഗംമാററീടുവാനുള്ളമൃതിനുസമമാംഗന്ധകംവെന്തെടുക്കിൻ. 584

തൻെറജാതിയൊടുകൂടിയുള്ളസഹവാസമേററമെവനുംമനാ–
സ്സിൻെറതൃപ്തിയെവരുത്തിടുന്നവിധമിങ്ങുഗന്ധകരസായനം
മഞ്ഞവെള്ളമൊടുതുല്യമുള്ളരസധാതുവിൻനിറവുമുണ്ടതിൻ
പുഞ്ജമാകിയൊരുജീവരക്തമതിനേശ്ശരിസ്സുശരിയാക്കിടും. 585

നെല്ലിസ്സാഗന്തകത്തിൻഗുണമധികമുയൎന്നീടുവാൻനൂറുവട്ടം
നല്ലോണംശുദ്ധിചെയ്തീടണമതിനുമടിച്ചീടവേണ്ടെൻെറശ്രേഷ്ഠർ
രോഗത്തിൻശക്തിയോൎത്തിച്ചെടികളിലനുപാനങ്ങളായ്ച്ചേൎത്തിഒ
(ത്തിൻ
രോഗംമാററാംകൊടുത്താലമൃതിനുസമമാണാനനൂറാണ്ടിരിസ്സും. 586

നെല്ലിസ്സാഗന്തകംമൽഗുരുവരനുപദേശിച്ചരീതിസ്സുവെന്താ–
ലെല്ലാക്കുംരോഗശാന്തിസ്സുചിതമൊടുപയോഗിച്ചിടാൻനല്ലതാകും

തെല്ലുംസന്ദേഹമോൎക്കേണ്ടതിന്നടനനുപാനങ്ങളായുച്ചചേൎത്തി-
ട്ടുല്ലാസത്തോടുനൽകീടുകിലഖിലഗദംനീങ്ങിടുംകുഞ്ജരാണാം.. 587

സാക്ഷാൽശ്രീപാൎവ്വതിയ്ക്കുള്ളൊരുമഹിമയെഴുംരക്തമാംഗന്ധക(ത്തെ
ദ്ദാക്ഷിണ്യംലേശമെന്യേഗുരുവരനുപദേശിച്ചമട്ടൊക്കെവെന്താൽ
ഭക്ഷിപ്പിച്ചീടുവാനുംപലവിധമുപയോഗിയ്ക്കുവാനുംപ്രയോഗി-
യ്ക്കാക്ഷേപംവേണ്ടിഭങ്ങൾക്കനവധിഗുണമുണ്ടാകുമില്ലാല്പ്യവസ്ഥ. ()

രക്തത്തെശ്ശുദ്ധമാക്കാൻബഹുപടുതയെഴുംഗന്ധകംവെന്തിടാ(ഞ്ഞാൽ
കൊള്ളില്ലാവെന്തുവെന്നാലതിന്നുടെഗുണഭാഗങ്ങളൊട്ടല്പതാനും
സ്വല്പംചേൎത്താലുമിഗ്ഗന്ധകമധികഗുണംചെയ്തിടുംകുഞ്ജരാണാം
തീരെപ്പെട്ടിക്കോലുകൊച്ചെങ്കിലുമുപകൃതിയെപ്പാരമേകുന്നവല്ലോ. 589

നഞ്ചുനാനാഴി വേണ്ടുന്നു

നഞ്ചുവേണ്ടോളികനാലുനാഴിയതുപോലെദന്തിമുതലേററിട്ടു-
ന്നിഞ്ചനൊക്കെയഴകാക്കിട്ടൊന്നൊരമ്ലതായഗന്ധകരസായനം
വഞ്ചിയിൽപലവഴിയ്ക്കുമാനമുതലോററിട്ടുനവരവൈദ്യനി-
യ്ക്കഞ്ചുവായുവെയെണക്കിടുന്നതിന്നുവെന്തെടുത്തുകരുതീടണം. 590

ഗന്ധകം വേവൽ

ഗന്ധകംവെന്തെടുത്തീടാനുള്ളമാതിരിചൊല്ലിടാം
അന്തമാതിരിവെന്തെന്നാൽഹന്തമൎത്ത്യൎക്കുമേകിടാം. 591

ആറുകാലൊടമ്ലതിഞ്ചിതേങ്ങയിവതമ്പയസ്സുകളിൽനാല്പതും
ഗോവജംമഹിഷിയെന്നിവററയുടെപാലിലിങ്ങറുപതുംക്രമാൽ
നൂറുശുദ്ധിയിതുപാലെചെയ്തുകരുതുന്നഗന്ധകരസായനം
നൂറെഴുംചെടികൾചേൎത്തുതീററുമലപോലെയാകുമുടനാനകൾ. 592

വേനൽവൃഷ്ടിയൊടുമഞ്ഞിവററകളിലുള്ളഭേദഗതികണ്ടറി-
ഞ്ഞാനവൈദ്യനടെയുക്തികൊണ്ടഴലൊഴിച്ചിടുന്നതിനഗന്ധകം
വെന്തെടുക്കകയഥോചിതംഗുണമതിങ്കലാണസകലത്തിനും
വന്നിടുന്നതതുകൊണ്ടുഞാൻഗുരുപറഞ്ഞമാതിരിയുരച്ചിടാം. 593

ഇന്നലെപ്പെയ്ത മഴയ്ക്കിനകരുത്തതകര

ഇന്നലെപ്പെരിയവൃഷ്ടിപെയ്യതിലിരുന്നഹോതകരയിനുക്കു-
മ്പുന്നവെന്നുപറയുന്നമാതിരിയിലാനവൈദ്യമറിയാത്തവർ
ഗന്ധകംതുടതിവെന്തെടുക്കവതിനായ്ത്തുനിഞ്ഞിടുകിലൊക്കകി-
ല്ലെന്തുമംഗമതിലൊക്കെയുണ്ടതഴകാക്കിടുന്നതുവിശുദ്ധിയാം. 594

ഗന്ധകം വേവാൻ

ഗന്ധകംസപടിവെന്തതിൻഘൃതമതേററതാകിയകലത്തിലി-
ച്ചൊന്നീരൊരുപലംമരുന്നിനിരുനാഴിവീതമഥചേത്തുടൻ
കച്ചകൊണ്ടുകലമായതിൻമുഖമടച്ചുനൂൽച്ചരടിനാൽവരി
ഞ്ഞചുമാകിയൊരുഗന്ധകംപൊടിയതാക്കിയാത്തുണിയിൽവച്ചു
(വിൻ. 595

ചട്ടികൊണ്ടുകലമായതിൻമുഖമടഞ്ഞിടുംപടികമത്തിവ-
ച്ചിട്ടു ചട്ടിയുടെ... ..ീലയതുകൊണ്ടുചുററിയഴകായുടൻ
പുറവുമണ്ണുകൾ കാഴച്ചതേച്ചതുമിനുക്കിയാവിയതുപോയിടാ
തുറവുനോക്കിയതിദ്ദമാക്കകിനിവേണ്ടമാതിരിയുരച്ചിടാം. 596

ഏനമായൊരുമുഴംകുഴിച്ചതിനകത്തുതാങ്കലമടച്ചവ-
ച്ചാനതന്നുടയപിണ്ടവുംവരളിയുംകുറച്ചുമിയുമിട്ടുടൻ
തിയ്യവയ്ക്കശരിയായിവെന്തുരുകിടുന്നഗന്ധകമതെത്രയും
പയ്യെയിക്കലമതിങ്കൽവീഴുമൊരുനാളുതങ്ങിനെയിരിക്കണം. 597

കയ്യിലുള്ള പണവും കൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങി

കൈയ്യിലുള്ളപണവുംകൊടുത്തുകടിയുള്ളപട്ടിയെവിലയ്ക്കവാ-
ങ്ങിയ്ക്കുമെന്നവിധമാനരക്ഷയതിനുള്ളഗന്ധകവിശുദ്ധിയേ

നല്ലപോലെശരിയാക്കിടാഞ്ഞിലൊരുപാടുപാഴ ചിലവാകുമെ-
ന്നല്ലവല്ലവിധമുള്ളൊരല്ലലതിൽനിന്നുവായ്യുവതിനുംമതി. 598

അല്പലാഭം പെരുംചേതം

അല്പമാകിയൊരുലാഭമോർത്തിടുകിലാണഹോപെരിയചേതമെ-
ന്നെപ്പൊഴുംപറയുമെന്നമാതിരിയിലാനകൾക്കഴലൊഴിയ്യുവാൻ
ആറുനാളിലിതുപോലെഗന്ധകവിശുദ്ധിചെയ്യുകരുതീടിലാ-
ണേറെനന്മകളതല്ലയെങ്കിലതുചീത്തയാണുചിലവേഫലം. 599

ഇസ്സുടക്രിയപഠിച്ചിടെന്റെഗുരുനാഥനിങ്ങനെപറഞ്ഞതാ-
ണീഫലംവളരെയുള്ളതാണിതുപഠിച്ചുകൊൾവിനിഹനിങ്ങളും
നിഷ്ഫലതാമിതിനില്ലഗന്ധകരസായനംപ്രഥിതമാണിതി-
ന്നൊപ്പമൌഷധമതൊന്നുമില്ലിതുസമസ്തരോഗകുലനാശനം. 600

രാഗദ്വേഷമദാദിരോഗമണുവുംകാണാത്തതാണാനയീ-
ലോകത്തീശ്വരസൃഷ്ടിതന്നിലധികംമാഹാത്മ്യമേറുന്നതാം
ആകുംമട്ടിവയൊക്കെനോക്കിയതിനേകീടുന്നതാംഗന്ധകം
വേഗംശുദ്ധിവരുത്തിടാതിതുവിധംപാകത്തിൽവെന്തീടുവിൻ. 601

കൂലി കിട്ടുവോളവുംനിൽക്കേണ്ട വേലി

കൂലികയ്യിൽവരുവാഞ്ചെമയ്യുമൊരുവേലിയത്രമതുമട്ടഹോ
മാലുനീക്കുവതിനുള്ളഗന്ധകവിശുദ്ധിചെയ്യരുതുശിഷ്യരേ
നല്ലശീലമെഴുമാനവൈദ്യനരികത്തിരുന്നുശരിയാകിലേ
ചൊല്ലെഴുംവിമലഗന്ധകപ്പണികൾകല്യതയ്ക്കുമതിയായ്വരൂ. 602

ഗന്ധകവർജ്ജ്യം

ഈമരപ്പുളിയൊടെണ്ണകൊല്ലുമുളകുൾപ്പുഴുപ്പുകളുയർത്തുവാ-
നുള്ളസാധനമൊടൊത്തുഗന്ധകമതുണ്ണിനേകരുതിഷ്ടത്തിനും
എള്ളിൽനിന്നെളകുമെണ്ണയാണതിനുവർജ്ജ്യമന്യവകയാംമെഴു-
ക്കൊന്നുമല്ലിഹവിരോധമെന്നുപറയുന്നതെന്നുകരുതീടുവിൻ, 603

വൈദ്യൻ

ബ്രഹ്മം ചൊന്നുള്ളൊരായുർബ്ബലമതുശരിയാക്കീടുവാൻലാക്കുനോക്കി
ശ്ശൌമ്മേണ്ടാജ്ഞാനസാരംശരിവരെയനിശംപച്ചയെക്കണ്ടറിഞ്ഞ്
ശമ്മംലോകക്ക്ഷയത്താനനുഭവമറിവിച്ചീടുവാനായ്തുധാതാ–
വിമ്മട്ടീമർത്ത്യനായിട്ടവനിയിലുളവായുള്ളൊരാളാണുവൈദ്യൻ. 604
ബ്രഹ്മൻസൃഷ്ടിച്ചൊരായുർബ്ബലമതുകുറവാക്കനേകാലൻറതട്ടി–
പ്പിമ്മന്നിൽപാറിടാതാക്കണമതിനുനടന്നീടണംവൈദ്യവർയ്യൻ
ധമ്മക്കാമ്പായശൌമ്മേണ്ടിനുഗജധനമേറീടുവാൻവേണ്ടിരണ്ടാം
ബ്രഹ്മാവായിട്ടുലോകത്തൊരുനരവടിവായ്ക്കുന്നതാണാനവൈദ്യൻ ()
ചൊല്ലേറുള്ളൂന്നാനലാഭംപലവഴിയുമെടുത്തീടുവാൻലാക്കുനോക്കി
സ്സൽകൃത്യമായനവൈദ്യൻപലദിശിയടനംചെയ്യണംശ്രദ്ധയോടേ
അക്കൻലോകത്തിലെല്ലാമിരുളുകളൊഴിവാക്കുന്നമട്ടാനകൾക്കും
ദുഃഖംവെക്കംശമിപ്പിച്ചുസുവിധിശരിയാക്കാവതാംദേഹികൾക്ക്.606

വൈദ്യശിഷ്യൻ

വൈദ്യനാഥനുപദേശമേകിയചെടിപ്രഭാവമതറിഞ്ഞുടൻ
വൈദ്യനായതുപറിച്ചെടുക്കുവതിനായ്ഗമിക്കുമളവൊക്കയും
വൈദ്യശാലയിലിരുന്നുനൽചെടികളെക്കൊടുത്തഴലൊഴിക്കുവാൻ
വൈദ്യവിദ്യയറിയുന്നതായചിലശിഷ്യർകൂടിയിഹവേണ്ടതാം. 607
ദേഹത്തീവാതപിത്തംകഫമിവരനുകൂലിച്ചിരിക്കുന്നമട്ടി–
മാഹാത്മ്യക്കാതലാമിച്ചെടിജലമരുളുംനാട്ടുവൈദ്യംപഠിച്ച
സ്നേഹത്തോടൊത്തുവൈദ്യന്നരികിലിരുവർനൽശിഷ്യരാക്കേണമെ
(ന്നാൽ
മോഹിക്കുന്നാനലാഭംപലവഴിയടവിക്കുള്ളിൽനിന്നിങ്ങെടുക്കാം. 608
വൈദ്യശാലയഭിവൃദ്ധിയാക്കുവതിനേറെരൂപവരിഷിച്ചിടേ–
ണ്ടുദ്യമിച്ചചിലശിഷ്യർവൈദ്യനൊടടുത്തിരിക്കുവതശ്യമാം

വൈദ്യശാലയിലിരിക്കുണം ചിലർനടന്നരോഗതവളത്തുവാൻ
വൈദ്യചാൽപ്പടിനടത്തുകെന്നിവപഠിച്ചശിഷ്യരുടെവേലയാം. ()

ആധിബാധയൊടുകൂടിവൈദ്യനമരുന്നിടത്തുവരുവോക്കടൻ
സാധുവാക്കുകൾപറഞ്ഞുമൂലപൊരുളോതിയാധിയെയിടിക്കുവാൻ
വൈദ്യനോതിടുവതായമൂലികപറിച്ചിടിച്ചുടനെനൽകുവാൻ
വൈദ്യവിദ്യയറിവുള്ളശിഷ്യരമ്പതെന്നമട്ടയിരുയത്തിടും. 610

ഭൂമാവാരോഗ്യഭാഗ്യംതെരുതെരെയെതിനുംനൽകിടുംനാട്ടുവൈദ്യം
ശ്രീമൂലക്ഷോണിപാലൻതിരുവടികരുണാപൂരപിയൂഷമാടീ
ക്ഷാമംകൂടാതെലോകക്കനുഭവവഴിയെക്കാട്ടിരോഗംകുറയ്ക്കും
ക്ഷേമത്തെപ്പൂർത്തിയാക്കുന്നതിനുടനനുവാദംതരുംമന്ത്രിവര്യൻ. 611

ഊടറിഞ്ഞവൻ ഒലവായിക്കും.

ഊടറിഞ്ഞവനൊരോലവായനയിലേറുമപ്പരിചയങ്ങളെ-
ന്നീടെഴുംമൊഴിയതോണമാണഴലൊഴിക്കുവാൻപഴമശിഷ്യരേ
നാടകത്തിനകമുള്ളതായകഥയോർത്തറിഞ്ഞുയിരുയർത്തുവാ-
നാടലോർത്തറിവുവാച്ചശിഷ്യനൊരെളുപ്പമുണ്ടുകരുതീടുവിൻ. 612

ദാസിമാർ

നാരിമാരുടയകണ്ണിലട്ടയിടുകെന്നുതൊട്ടുപലരക്ഷ..
സൈപരമായവരൊടൊത്തിരുന്നുടനെചെയ്യണംഗുണമുയർന്നിടാൻ
വൈദ്യദാസിയരികത്തിരുന്നിവനടത്തിയാലബലമാക്കമീ
വൈദ്യവിദ്യയതുകൊണ്ടുരോഗതവളർന്നിടുംപലവിധത്തിലും. 613

കയ്യൂട്ടിക്കുള്ളരോഗംകളയുമതുവിധംതന്നെയാണാനതൊട്ടീ
നാല്പ്പൊലിക്കുള്ളദീനങ്ങളെയഖിലമൊഴിക്കുന്നതാംയുക്തിയെല്ലാം
വൈദ്യംചെയ്യുന്നകണ്ടുള്ളനുഭവവഴിയെക്കണ്ടറിഞ്ഞുള്ളപെണ്ണീ
വൈദ്യംചെയ്യുന്നതായാലപകടമണുവുംവന്നിടില്ലൊന്നുകൊണ്ടും. ()

ഹൃദ്യമാംചെടിയതിന്റെവീര്യരസപാകമിങ്ങഖിലനേരവും
വൈദ്യശാലയിലിരുന്നറിഞ്ഞുപലകൈമരുന്നിനുടെപാകവും
വൈദ്യവുംചിലതറിഞ്ഞതാകിയൊരുദാസിവേണമരികെസ്സദാ
വൈദ്യനായതിനനേകമാതിരിമരുന്നുശുദ്ധികൾവരുത്തുവാൻ. 615

ആശുപത്രികളിലൊക്കയുംതരുണിമാരിരിക്കുമതുപോലെയി-
ങ്ങാശുകാരികളതാംഗദങ്ങളെയകററുവാൻചെടിജലങ്ങളെ
ദേശകാലഗതിഭേദമെന്നിവയറിഞ്ഞറിഞ്ഞതുകൊടുക്കവാ-
നാശയേറിയൊരുനാരിവൈദ്യനുടെദാസിയായരികിൽനില്ക്കണം. ().

ഇഷ്ടമുള്ളചെടിയിട്ടിടിച്ചൊരുകഷായവെള്ളമതുവച്ചുമി-
ങ്ങിഷ്ടമുള്ളമതുപോലെയാക്കിയതരിച്ചുഗന്ധകവിശുദ്ധികൾ
കട്ടമേമടിനിനച്ചിടാതുടനെ ചെയ്തിടുംതരുണിമാരിലുൾ-
പ്പെട്ടതാണഖിലകൈമരുന്നുശരിയാക്കിടുന്നപലവേലകൾ. 616

ആനയും,കുതിര,കാള,പോത്തു,പശുവെന്നുതൊട്ടുപലജന്തുവും
ദീനമായിവിടെവന്നിടുമ്പൊഴതിനുള്ളനേകതരമൌഷധം
പൊറകുഞ്ഞിനെയെടുത്തുതള്ളമുലവെള്ളമേകുമതുപോലെയി-
ങ്ങാറകുററമൊഴിവാക്കിടുന്നതിനുനാരിമാർക്കുകനിവാന്നിടും. 617

താപ്പാനകൾ

താപ്പാനക്കൂട്ടുകാരെന്നവിടെവിടെയുരയ്ക്കുന്നദന്തീശപരന്മാർ
കെല്പോടീനാട്ടിൽവന്നിപ്പണിസകലമെടുക്കുന്നിഭക്കൂട്ടമാണേ
ഇപ്പോപ്പെട്ടുള്ളവൈദ്യംകുതുകമൊടവകൾക്കേവനോ ചെയ്യുവെന്നാ-
ലെപ്പോഴുംവേലചെയ്തിട്ടനവധിധനമദ്ദന്തിവർഗ്ഗംവളർത്തും. 618

താപ്പാനയ്ക്കുചികിത്സചെയ്കതഖിലംനോക്കീഭിഷക്കൊക്കയും
റിപ്പോർട്ടേകണമച്ചരിത്രമറിവാനാനേശനായിട്ടുടൻ
അല്പംപോലുമിഭത്തിനില്ലഴലതിങ്ങെല്ലാംസുഖപ്പെട്ടുവെ-
ന്നുൾപ്പൂവിങ്കലറിഞ്ഞധീശനധികംസ്നേഹിക്കണംവൈദ്യനിൽ. 619

വേനലാകുമളപ്പുഴിയിൽസകലലാഭവുംകുറവുകാൺമി-
യ്യാനലാഭമൊരുപാടുപച്ചജലമെന്നിവററയിൽവളൎന്നിടും
പ്രാണരക്ഷയിലപേക്ഷയോടതിനുനല്ലെളുപ്പവഴികാട്ടിമു-
മ്പാനവൈദ്യനൊരെഴുത്തുകുത്തതിനുമുമ്പുചെയ്തറിവിക്കണം. 620

കാട്ടിലുണ്ടുകൃഷിയെപ്പൊഴുംപലവിധത്തിലുംനരകുലത്തിനും
കഷ്ടനഷ്ടമധികംവരുത്തിവരുമാനകൾക്കമൊരമച്ചയായ്
നാട്ടുകാൎക്കുമുപജീവനത്തിനതിലുണ്ടുവേലകളുമിഗ്ഗജ-
ക്കൂട്ടരേബൊതപിടിച്ചിടുന്നതുപലൎക്കുമോൎക്കിലുപകാരമാം. 621

നാട്ടുകാൎക്കഴൽവരാതെകണ്ടുനൃപനെങ്ങിനെധനമുയൎത്തിടും
കാട്ടിടേണമിരുഭാഗമെങ്കിലിഹകേട്ടുകൊൾവിനതുമോതിടാം
കാട്ടിലാനകളനേകമുണ്ടവകളെപ്പിടിക്കുവതിലാളുകൾ-
ക്കൊട്ടുമേവരികയില്പ്രസങ്കടമനേകമാനമുതലേറിടും. 622

ആനകളെ വാങ്ങൽ.

ആനതന്നുടയലക്ഷണങ്ങളെയറിഞ്ഞുകൊണ്ടതിനെവാങ്ങുവാൻ
സ്ഥാനമാനികളൊടൊത്തുവൈദ്യനുമിരിപ്പതിന്നുചിലരൊത്തുടൻ
ആനവൈദ്യനെവിളിക്കുവാൻവരികിലപ്പൊഴായവരൊടൊത്തുചെ-
ന്നേനമുള്ളവഴിചെറററിഞ്ഞവരൊടോതിവാങ്ങണമിഭത്തിനെ. 623

മാനുഷൻറഗുണദോഷമോതുവതിനുള്ളജാതകമതെന്നമ-
ട്ടാണിഭത്തിനുടെനന്മതിന്മയറിവിച്ചിടുന്നഗജലക്ഷണം
ആനവൈദ്യനുര പസ്ഥിടുമ്പൊഴിരുവൎക്കുമായതിലിയന്നിടും-
മാനസത്തിലതിഭക്തിയുംപെരിയലാഭവുംഝടുതിവന്നിടും. 624

ജാതകക്കുറികളൊത്തുനോക്കുമിഹവേളികൾക്കുതുവിധത്തിലീ-
ചേതലാഭമറിയുന്നതായഗജവൈദ്യനാനയുടെലക്ഷണം
പാലകാപ്യമതിലുള്ളമാതിരിയറിഞ്ഞുവാങ്ങുകിലിഭോല്ക്കര-
മ്മേലിലേവനുമനേകമാതിരിവളൎന്നിടുംകരുതുശിഷ്യരേ. 625

ആരാണാനയെവാങ്ങിടാൻമടിവിചാരിക്കുന്നതെശപ്ഥമി-
ങ്ങോരോമാതിരിയേകിട്ടംഗണപതിക്കുറ്റത്തുള്ളോരീദന്തിയെ
വാങ്ങിച്ചല്ലലൊഴിച്ചനിൎത്തുകിലവൎക്കുല്ലാസ്സ്യൊഴംചൊല്ലുഴം
മംഗല്യംബഹുകീൎത്തിതൊട്ടുപലതുംനൽകുന്നതല്ലോഗജം. 626

ലേശംനിൎവ്വാഹമുള്ളോരൊരുഗണപതിഹോമംനടത്തുംപടിക്കി-
ങ്ങാശയ്ക്കൊത്തോണമോരോഗജമതിനെയതെന്നാകിലുംവാങ്ങിനി
ക്ലേശംകൂടാതെരക്ഷിക്കുകിലിഭമഖിലാഭീഷ്ടവുംനൽകിടുമ്പോൾ (ത്തീ
കാശിങ്ങേററംവരുത്തിട്ടഫലമഖിലമൊഴിച്ചെത്രയുംസൌഖ്യമേകും. 627

രണ്ടുകണ്ണും ഭേദമില്ല.

രണ്ടുകണ്ണുമൊരുഭേദമില്ലതുവിധത്തിലാനയുടമസ്ഥരും
വീണ്ടുമാനകളെവാങ്ങുവാനരികിൽവന്നതായവരുമൊപ്പമാം
രണ്ടുപേൎക്കുമൊരുദോഷമൊന്നുമണയാതകണ്ടുഗജലക്ഷണം
വേണ്ടപോലെയവരോടുരച്ചുവിലവച്ചുവാങ്ങണമിഭങ്ങളെ. 628

ആദ്യത്തെസ്സൎഗ്ഗമായീഘടുതിയിലടവിക്കുള്ളവാഴംഗജത്തെ
സ്സുദ്യോഗത്തോടെടുക്കാനുചിതമൊടെവരുംന്നയത്തിച്ചിടേണം
പച്ചപ്പാലേറെയേറുംചെടിജ്ജലമതിലുണ്ടായിട്ടുന്നാനലാഭം
വാച്ചീടുംദേശമേതെന്നറിവതിനിനിഞ്ഞാനോതിടാംനീതിപോലെ.

ഗജരക്ഷാതന്ത്രം

൧-ാം സൎഗ്ഗം.

ആന അധികമുള്ള സ്ഥലങ്ങൾ

ഏഴാററുംമുഖമെന്നുതൊട്ടുമലയാററൂരാററുവക്കിങ്കലും
വാഴുന്നോരിട്ടരത്തമാററുമണലെന്നോണംവരുത്താമുടൻ
മഞ്ഞപ്രത്തിരുനീലകണ്ണനെലഭിച്ചാക്കാട്ടിൽനിന്നാനയെ-
പ്പണ്ടെംവിട്ടിഫകൊണ്ടുപോരുവതിനായുണ്ടിന്നനേകംവഴി. ൧

ചൊല്ലേറുംപെരിയാററുവക്കതിലെഴുന്നാനക്കളംതൊട്ടുമേ
ലെല്ലാക്കൊല്ലവുമാനലാഭമധികംപാരാമനേകംവിധം
കെല്പേറുന്നൊരുകൺസർവോററരറിയുമ്പോഴാനകൾക്കൊക്കയും
ക്ഷിപ്രംനൽപരിരക്ഷ ചെയ്യുവതിനായൊപ്പിട്ടയസ്ലംവിധീ. ൨

സന്താപംലേശമില്ലാതതുധനമനിശംകാട്ടിൽനിന്നിങ്ങെടുക്കാ-
നെന്തെല്ലാംമുമ്പുകൂട്ടിക്കരുതണമവയെച്ചൊല്ലണംഞങ്ങളോടും
അണ്ണാറക്കണ്ണനുംതൻബലമതിനുചിതംപോലെയാംവേലചെയ്യും
വണ്ണംഞാനാനരക്ഷയ്ക്കിതുവരെയിവിടെച്ചെയ്യതോതാംപഠിപ്പിൻ. ൩

കുണ്ടിൽച്ചാടിച്ചെടുക്കുംവനഗജഭരണങ്ങൾക്കുവേണ്ടുന്നതെല്ലാം
കണ്ടോതാൻബുദ്ധിപോരെങ്കിലുമിവനിവിടെച്ചെയ്യതെൻശിഷ്യരോ
ടോതീടാൻപുണ്യമേകുംമുറജഘമതിനന്നാദ്യമായിട്ടൊരുക്ക- (ട്ടം
ന്നേതാനുംവേണമെന്നാച്ച്ലവൊരുപടിവേണ്ടാനലാഭംവളൎത്താൻ.

ആനസ്ഥ്രീനാട്ടിലില്ലാജനനമതടവിസ്സുള്ളിലാണങ്ങുലേശം
ദീനംക്കൂടാതെവാഴ്ച്ചപ്പൊഴുതതിനെയുടൻകുണ്ടിൽവീഴിച്ചിട്ടത്താൽ
തീറ്റംനീരുംകൊടുത്തിട്ടഴലുകളൊഴിവാക്കിച്ചുലേലത്തിൽവിറ്റാ-
ലാനന്ദത്തോടുലോകർക്കനവധിവിലവച്ചീടുവാനിച്ഛതോന്നും. ൧

ആരോഗ്യക്കാതലായിട്ടടവിയിലമരുന്നാനയെക്കുണ്ടിൽവീഴി-
ച്ചോരോരോമാതിരിസ്സുള്ളപകടമൊഴിവാക്കിച്ചുകൊണ്ടിട്ടുപോലെ
തീറ്റംനീരുംകൊടുപ്പിച്ചനവധിചിലവാകാതെലേലംകഴിപ്പി-
ച്ചാനന്ദക്കാതലായുള്ളിഭധനമിയലാഞ്ചെയ്യതെല്ലാമരയ്ക്കാം; ൨

മുറജപസാദൃശ്യം

വേദോച്ചാരംപെരുക്കുംമുറജപമതിനായേററമുത്സാഹമുൾക്കൊ-
ണ്ടാദൌവേദജ്ഞരായുള്ളനവധിവിബുധന്മാരെയീവഞ്ചിരാജൻ
നീട്ടുംബോട്ടുംകൊടുത്തിട്ടഴകൊടുസസുഖംകൊണ്ടുപോരാൻവിധിച്ചും
മട്ടില്ലാത്താനയേയുംശരിവരെയിതുമട്ടിങ്ങെടുക്കാൻവിധിച്ചും. ൩

വാദ്ധ്യാൻവേദാന്തിതൊട്ടുള്ളനവധിവിബുധന്മാരമന്നേറെവന്നാ-
ലിദ്ധാത്രീപാലനേററംകരുണയൊടവരെസ്സൽക്കരിക്കുന്നമട്ടിൽ
ഐശ്വര്യക്കാതലായുള്ളടവിമുതലുയൎത്തുന്നകാട്ടാനകൾക്കി-
ങ്ങാശപാസംപാരമേകാനവനിപനരുളിച്ചെയ്യതെൻശിഷ്യർകേൾപ്പി
(ൻ ൪

കെല്പേഴുംമുറജപത്തിനാദ്യമവനീശമന്ത്രിവരരൊക്കയും
കോപ്പുക്കൂട്ടമതുപോലെയാനമുതലേററിടുന്നതിനസാദരം
എൾപ്രമാണമൊരുകള്ളമെന്നിയെയനേകസാധനമൊരുക്കണം.
ക്ഷിപ്രമിസ്സുസ്വധനംപെരുത്തുഭജനാവിലേയ്ക്കിഹവരുത്തുവാൻ. ൫

സ്നേഹാഹാരത്തിലുണ്ടായവനിപനമരുംമട്ടുകാട്ടിൽസുഖിക്കും
മാഹാത്മ്യക്കാതലാകുംവനഗജമതിനെക്കുണ്ടിൽവീഴിച്ചിടുക്കാൻ

ആധാരംനീരുതൊട്ടുള്ളവകളെയുചിതംപോലെമുമ്പേറൊരുക്കി-
ട്ടഹിസ്സുംപോലെയെന്നുംഗജധനമധികംകാട്ടിൽനിന്നങ്ങെടുക്കാം. ()

ആനാക്ഷാമാഹാത്മ്യം

ആനരക്ഷണമത്യന്തം മാനനീയമതാകയാൽ
ഊനമെന്ന്യേശ്രവിസ്സേണം സ്ഥാനമാനങ്ങളേറിടും. ൧൧

സത്യാസത്യവിചാരമൂർത്തിവടിവാംശൌരേണ്ടജീവൻധനം
പ്രത്യേകിച്ചവരുത്തിടേണമതിനായെല്ലാപ്പൊഴുംനല്ലപോൽ
കാത്താർത്തുറെമനസ്സിരുത്തുയതിലീമൂലേശനായുസ്സെഴും
പാർത്തട്ടിൽധനധാന്യസന്തതികളെന്നിത്യാദിവാഴുംക്ഷണം. ൧൨

വസ്തുതൻകരമുയർത്തിടാനൊഴുകെടുത്തപോലെയിനിയെപ്പൊഴും
ഹസ്തിരക്ഷയതിലിക്ഷിതീശനറപൂലാഭമെന്നുമിഹവാരുവാൻ
സതവസ്ഥവതിലുള്ളതൃത്തിതെളിയിപ്പതാമിഭചികിത്സയി-
പ്പാർത്ഥിവൻെറകരുണാമൃതംമുടിയിലാടിയിങ്ങുടനെചെയ്യുവിൻ. ൧൩

തീനുകുത്തക കൊടുക്കണമെന്ന്

തീനുകുത്തകകൊടുക്കിലാനവരുമെന്നമട്ടുചെടിയുംവരാ
നേനമുണ്ടുപലവഞ്ചിവണ്ടിയിവയുണ്ടുകൊണ്ടുവരുവാനിഭം
ദിനമെന്നിയെമികച്ചിടട്ടെവിപിനത്തിലെന്നതുകണക്കിലാ
മാനവുംവിപുലപുണ്യവുംധരണിപാലനായതിലുദിച്ചിടും. ൧൪

കാടുമുണ്ടുചെടിയുണ്ടനേകമനുവാദമുണ്ടധികമാനയീ
നാടകത്തിലതിമാന്ദ്യമാണതിനുമൂല്യവുംവളരെയുള്ളതാം
നാടടിച്ചുപൊടിയാക്കിടുംപവനവീരനുംനിലയിൽനില്ക്കുകിൽ
ക്കേടുവിട്ടുബാഹുപാടവത്തൊടുവളർന്നുദന്തികൾവിളങ്ങിടും. ൧൪

കാട്ടുതീററയൊരുപാടുവേണമവവെട്ടിയിട്ടുവലുതായുടൻ
കെട്ടിവഞ്ചികളിലാക്കൊലിച്ചുവരുമേറുകില്ലചിലവോർക്കുകിൽ

കൂടടുത്തകടവിൽകയററിയവവാരണത്തിനുകൊടുക്കുകി-
ല്ലേറ്റൊടൊഴിഞ്ഞധികധാടിമോടിയൊടുക്കൂടിവാഴ്കമിഭജാതികൾ. ൧൭

വേനല്ക്കാലത്തുതീനും ജലവുമധികമില്ലാത്തതായുള്ളിടത്തു-
ള്ളാനയ്ക്കുന്നംവരുത്തുംപനിയതുകുറവാക്കുന്നതാംതീററവെള്ളം
എന്നുംനോക്കിക്കൊടുക്കുന്നവരുടെമതിയുംചേഷ്ടയുംനല്ലതായാ-
ലുന്നംദന്തിക്കുപററാകുശലമിവിടെയുംകാട്ടിലെപ്പോലെയുണ്ടാം. ൧൮

ചൊട്ടേലെശീലം ചൊടലയിലെപോക എന്നു

ചൊട്ടേലെശ്ശീലമെല്ലാംചൊടലവരെയിരുന്നീടുമെന്നുള്ളമട്ടിൽ
ക്കാട്ടിൽജ്ജന്മംമുതൽക്കാമൃതിവരെയനിശംസൌഖ്യമുണ്ണുംഗജങ്ങൾ
പെട്ടന്നീനാട്ടിൽവന്നാലപമൃതിയെയകററീടണംകാലദോഷം
തട്ടീട്ടാണാന ചത്തെന്നപമൊഴിപാവാൻഹേതുവുണ്ടാക്കിടൊല്ലാ.

കിണറു ശുദ്ധിചെയ്യൽ

വേടകൊണ്ടുകരിവാളിട്ടുംകരിമരംനനയ്ക്കുവതിനെപ്പൊഴും
കൂടടുത്തകിണറിന്നകത്തുതൊളിയുള്ളതൊക്കയുമകററണം
ഈടെഴുന്നജലസൂത്രവുംകിണാട്ടുത്തുവയ്ക്കണമതാനതൻ
കേടൊഴിക്കുവതിനുള്ളമാർഗ്ഗമതിൽമുഖ്യമെന്നുകരുതിടണം. ൧൯

ആനകൾക്കൊരുജലാഭിഷേകമന്ന് ശംനടത്തുവതിനായുടൻ
മാനമുള്ളജലസൂത്രമൊന്നരിവിയാററുത്തുടനെവയ്ക്കണം
ശംഭുദേവനിഹധാരചെയ്യുമതുപോലെയാണപുഴവെള്ളമി-
ക്കുംഭികൾക്കഴകൊടാടിടുന്നതതിപുണ്യമെന്നതുധരിക്കുവിൻ. ൨൦

കടവു നന്നാക്കണമെന്നു

ആനക്കുട്ടിന്നടുത്തുള്ളൊരുകടവുപടുക്കുന്നതാവശ്യമെന്നാ-
ലാനക്കാറാടുവാനായനുദിനമതിലേസ്സഞ്ചരിക്കാമയത്നം

പാരംവിത്തംവരുത്തുന്നൊരുമഹിമയെഴുന്നാനകൾക്കൊക്കെമേലാ
(ൽ
സൈ്വരംസ്ഥാനത്തിനായിട്ടവനിപനതിസൌകൎയ്യമേകേണ്ടതല്ലോ.()

രോഗചികിത്സാപരിഷ്കാരം ചെയ്യൽ

കാട്ടിൽനിന്നുവരുമാനയെത്തടവൊഴിച്ചുകൊണ്ടുവരുവാനുടൻ
റോഡുകൾക്കുടവരെയെങ്കിലുംശുചിയതാക്കുവാനുമറിവിക്കണം-
വീണ്ടുമാവഴിപുഴക്കുലോളമഴകാക്കിടേണമിഭജാതിതാൻ
ഫ്ണ്ടുനിണ്ടുവരുവാനെളുപ്പവഴിയാണുകാണിവകളൊക്കയും. ൧൧

കൂടപരിഷ്കാരം

രാജമന്ദിരമതെന്നപോലെനിരുപിക്കണംദ്വിരദമന്ദിരം
വ്യാജമെന്നിയെയതെത്രയുംവിമലമാക്കിടേണമനുവാസരം
പാലനിയമ്ഗുണശീലമാൎന്നബഹുചേലെഴുന്നഗജജാതിത-
ന്നാലയത്തിലശുചിത്വമുള്ളവകളേശിടൊല്ലലവലേശവും. ൧൨

വമ്പെഴുംകരികൾതൻപുരങ്ങളുടെകേടശേഷവുമകററിയാ-
ലമ്പലപ്പണിയതെന്നപോലെഗുണമുള്ളതാണതുധരിക്കണം
കംട്ടിവീരരിഹവന്നിടുന്നതിനുമുമ്പുകൂട്ടിയറിവിക്കുകി-
ത്തമ്പുരാൻതിരുമനസ്സുകൊണ്ടനുവദിച്ചിടുംപണികഴിക്കുവാൻ. ൧൪

വൈദ്യശിഷ്യന്മാരുടെ കെട്ടിടം

ഖീറവുചാറുവതിനുള്ളഗാർഡിനെതിരാനവൈദ്യനുടെശിഷ്യന-
ക്കാററിലേശുവതിനൌഷധങ്ങളഥകൂടടത്തുകരുതീടണം
അത്രയല്ലവനഹസ്തികൾക്കുവരുമത്തലൊക്കയുമകററുവാൻ
ബുദ്ധിവക്കണമിതൊക്കെവൈദ്യവരശിഷ്യർതന്നുടയകൃത്യമാം. ൧൫

രാജതുല്യമതിസൌഖ്യമാൎന്നുവളരുന്നതാമടവിയാനതൻ
പൂജകൾക്കുപലസാധനങ്ങളുമൊരുക്കിവക്കുമൊരുകെട്ടിടം

രാജമന്ദിരമതിന്നടുക്കലൊരുവൈദ്യശാലയൊടുതുല്യമാം
രാജമന്ത്രികളുതെന്നമട്ടിലവുമാനവൈദ്യനുമതോൎക്കണം. ൨൩

ആനക്കു വേണ്ടുന്ന സാമാനങ്ങൾ

വഞ്ചിപാട്ടകടമോടു ചട്ടികലമമ്മികല്ലൊരലുലക്കയും
സഞ്ചിതാദരമൊരുക്കണംപലതുമുണ്ടുസാദ്ധ്യമിവകൊണ്ടിഹ
അഞ്ചുവായുവുമിടഞ്ഞതാമടവിവാരണത്തിനെയെണക്കുവാൻ
കൊഞ്ചമല്ലപണിയേറെയുണ്ടവകളൊക്കെവൈദ്യനറിവിക്കണം. ()

അഞ്ചമാവൊടുപിലാവുവേങ്ങകൾമരിക്കമെന്നിവകൾകൊണ്ടഹോ
പാലാടൊത്ത ചിലതോണിതീൎത്തവയിലേകനീരിരതതിക്കിതിൽ
മേലൊലിക്കുമൊരുചോരയേറെവലിയാതിരിക്കുകിലപാനനാ
മൂലവായുവെടയാതിരിക്കുവതിനാണിതിങ്ങനെപറഞ്ഞത്. ൨൪

കപ്പിഡപ്പിയൊടുപാളസൂഞ്ചു ചിലകോലുമാനമതലേറുവാൻ–
ഡാപ്പുഡൈരിമുതലായതൊക്കെയെഴുതുന്നതിന്നു ചിലബുക്കതും
എപ്പൊഴുംകരുതിവക്കണംഗജചികിത്സചെയ്യുമൊരുവൈദ്യനാ–
രിപ്രകാരമിതൊരുക്കവാൻപ്രഭുജനത്തൊടുദ്യമംവിധിക്കണം. ൨൫

തീനവെക്കുന്നതിനുള്ള കെട്ടിടം

തീനിനുള്ളചെടികൊണ്ടുവക്കുവതിനുള്ളതാകിയൊരുപന്തലും
വേണമിങ്ങടവിയാനകൂട്ടിലമരുംപഴുക്കുമുരുക്കണം
തൂറിടുന്നതിനുമട്ടിരുമ്പൊഴെടമെന്തിനാണതെരയുന്നുമുൻ–
കൂറിതൊക്കയുമൊരുക്കിടേണമിരതാമിങ്ങടനെവാരുവാൻ. ൨൦

കൈമരുന്നുകൾ കരുതൽ

ചൊല്ലെഴുംമുറജപത്തിനാക്കുരുതിടുംവിധംപലതരത്തിലും
നല്ലനല്ലഫലമുള്ളഭേഷജവുമിങ്ങുനാംകരുതിവക്കണം
തല്ലുകൊട്ടു ചിലവെട്ടുകത്തുമുറിയേറുകണ്ടിലമരുംപൊഴു–
ള്ളല്ലലൊക്കയുമൊഴിക്കുവാൻവിഷമമല്ലയെങ്കിലതുമോൎക്കണം. ൨൧

മുമ്പിലങ്ങിവിടെവന്നിരുന്നുപണമില്ലയിപ്പൊഴതുകൊണ്ടുനാം
മുമ്പുകണ്ടഗദമൊക്കെയെങ്ങിനെ ചമസ്സമെന്നുകരുതേണ്ടതാൻ
വമ്പനായഗുരുകുട്ടനുണ്ണിയുടെമുത്തതാമമ്മളുകംരമു-
ണ്ടിമ്പമോടുഗജരക്ഷചെയ്യതിനുലീസ്റ്റുമൊണ്ടുവെലതന്നിട്ടും. ()

അമ്മപ്പാലെന്നമട്ടുള്ളഗദമതിഭജ്യോതിസ്സുവൈദ്ദ്യൻകൊടുത്താ-
ലുമ്മാനുംമെററുമേകാൻധനമൊടരികിലച്ചന്റെമട്ടൊണ്ടുറൈഞ്ചർ
ശമ്മന്ദന്തിസ്സയത്തിച്ചയിർധനമധികംവാസ്സവാൻലാക്കനോക്കി- (ൽ
ഗ്ഗൌമ്മേണ്ടന്തൊക്കയോമുന്നടവടിയെഴുതീട്ടുള്ളതെൻശിഷ്യരോക്കി

ആനാക്ഷസ്സ അത്യാവശ്യച്ചിലവിനുള്ള അനുവാദം

റൈഞ്ചുകാക്കടനെമ്മുന്നുരൂപചിലവാക്കിടാമിഭചികിത്സകൾ
കഞ്ചുരൂപഗജരക്ഷയിൽ ചിലവഴിസ്സമസ്ഥിവിഷനാപ്പരും
അഞ്ചുവായുവുമെടഞ്ഞിടുമ്പൊഴതിലെട്ടുരൂപചിലവാക്കിയീ
വഞ്ചിരാജ്യമതിലാനജീവധനമേറുവാൻവെഷമമാക്കഥോ ൩൫

കൈമരുന്നിന്ന അനുപാനത്തിനുള്ള മരുന്നുകൾക്ക കൊടുക്കൽ

ആനക്കുട്ടിലമരുമ്പൊഴല്ലൊഴിവാക്കിടുന്നതിനുകൈമരു-
ന്നാനവൈദ്ദ്യരുടെകയ്യിലുള്ളതനുപാനമൊത്തുടനൊന്നാകുവാൻ
ഏന്നമായ്പലമരുന്നുവേണമവതന്നിടുന്നതിനുകൂത്തക-
സ്ഥാനികൾക്കൊരനുവാദമസ്ഥിവിഷനാപ്പരേകുകിലെഴുംഗുണം. ()

ഉപ്പുശക്കരകരുപ്പുകട്ടിയരിനെയ്യുവെണ്ണപലയെണ്ണയി-
ന്തുപ്പുകായപഴമിഞ്ചിമഞ്ഞൾതഴതാമചേനയൊടുചേമ്പതും
കാപ്പിടഞ്ഞളരിയാറുചുക്കിനൊടുജീരകങ്ങൾമ്പതനാലതും
കെല്പെഴുംഭേരിദവായുകോപശമനത്തിനീവകയവശ്യമാം. ൩൬

ഇക്ഷുതേങ്ങയവിലെള്ളുചക്കയൊടുവാഴതമ്പഴമനേകമി-
ദ്രാക്ഷയുംമലരുഴുന്നുനല്പമുള്ളകോട്ടുകാച്ചിലുകിഴങ്ങളും

രക്ഷയേറുമൊരുനല്ലരിത്തവിട്ടുമേററവുംറവകൾബാർളിയും
പക്ഷമേറിയൊരുപഞ്ചസാരയുമിരിയ്ക്കണംകടയിലെപ്പൊഴും. ൩൭

ഭ്രാന്തരെന്നവിധമെത്രയുംവികൃതിയോടുക്കൂടിമരുവുന്നൊരി-
ബ്ബന്ധനത്തിലെഴമാനകൾക്കിവകളൊക്കെവേണ്ടിവരുമോർക്കുവിൻ
ദന്തിതന്നുടയരക്ഷചെയ്യുമൊരുവൈദ്യനാരുപറയുന്നമ-
ട്ടാന്തരാത്മമറിയുന്നതാംധിവിഷനാസ്സരന്നനുവദിച്ചിടും. ൩൮

ഏവംസംഭാരമെല്ലാംകരുതുകിലടവിയ്ക്കുള്ളിൽനിന്നാനരത്നം
ഭാവിച്ചോണംവരുത്താംചിലവുകളധികംവന്നിടില്ലൊന്നുകൊണ്ടും
പാവങ്ങൾക്കുണ്ടനേകംഗുണമിതിലധികംസൌഖ്യമുണ്ണുംനരേന്ദ്രൻ
ഭൂവിൽശ്രീപത്മനാഭൻതിരുവടികരുണാഭാരപൂരപ്രവാഹാൽ. ൩൯

ഭൂപാലന്മാർക്കുമാർക്കുംസുഖധനമധികന്നൾകിടുന്നാനനാട്ടിൽ
പ്രാപിച്ചാലന്നതൊട്ടുജ്ജനനിയൊടെതിരായുള്ളതാമാനവൈദ്യം
ലോപംകൂടാതെചെയ്യാംചെടമതിയതുമോതീടുകിൽചെയ്തിടാഞ്ഞാ
ലാപത്താനയ്ക്കുപററുംപലവിധമലകിൽക്കേടുമുണ്ടാകുമല്ലോ. ൪൦

കൊപ്പമത്തു കഴി

കൊപ്പത്തിൽക്കേററിയുംമററിടമടവിഗജത്തെപ്പിടിയ്ക്കുന്നതുണ്ട്
കൊപ്പംകൂടാതെമത്തിൽക്കയറിയൊരിഭജാലത്തെയുംകൂട്ടിലാക്കാം
ഇപ്പാരിൽകാട്ടുതോറുംതടമതിലഴകിൽഗർഭപാത്രത്തൊടൊപ്പം
കെല്പോടിക്കണ്ടുകുത്തിച്ചിഭമതിൽമറിയുമ്പൊഴെടുക്കുന്നുനോക്കിൻ. ()

ഈമട്ടിമ്മൂന്നുമാർഗ്ഗംശരിവരെയറിവിക്കേണമെന്നില്ലമുമ്പും
ധീമാന്മാരാനലാഭംതെരുതെരെയടവിയ്ക്കുള്ളിൽനിന്നിങ്ങെടുക്കാൻ
ക്ഷേമംവായ്ക്കുന്നമട്ടിൽകുഴികളിൽമറിയുന്നാനലാഭംവളർത്താൻ
ക്ഷാമംകൂടാതെമട്ടിൽബലവഴിയെഴുതീട്ടുണ്ടതെൻശിഷ്യർനോക്കിൻ.

ഗർഭപാത്രമതിനൊത്തതാണകുഴിയൊക്കെയോക്കവയിൽവീഴമാ-
ഹസ്തികൾക്കപകടങ്ങളെറെവരികില്ലതാണിവിടെയിപ്പൊഴം
മത്തുകൊപ്പമിവരണ്ടുമെന്നിയെവനത്തിലിക്കഴികൾതീർത്തതിൽ
ഹസ്തിവീഴമളവിങ്ങുകൊണ്ടുവരുവാൻവിധിച്ചതവനീശപരൻ. ൪൩

ആനക്കഴിക്കുള്ള തടം

ആനപ്പിടിത്തത്തിനുകണ്ടുതാത്താൻ
സ്ഥാനങ്ങളേതെന്നുമുരച്ചിടാംഞാൻ
ഏനംനിനച്ചക്കഴികുത്തിടാഞ്ഞാ-
ലാനസ്സനേകംതകരാറുപാറും. ൪൪

ഗർഭപാത്രമതിനൊത്തതാംകുഴികൾതീർത്തുവെങ്കിലതിലാനയാ-
മർഭകന്നുജനനത്തിനുണ്ടുഗ്ലണമാടലെന്നിയെവളൎന്നിടാൻ
ലാഭപുണ്യമതിലേറിടാമധികബാധവിട്ടയിരുവാസ്സുവാൻ
ശോഭയേറിയൊരുവൈദ്യമുത്തമമതെത്രയുക്തികരുതേണ്ടതാം. ൪൫

ഭൂവിൽസ്ത്രീഗർഭപാത്രപ്രതിമപൃഥുബിലത്തിങ്കലാവാരണൌഘം
ഭസ്സാൽവന്നിങ്ങുവീണാലഴല്പകളവകൾക്കൊന്നുമേശാതിരിപ്പാൻ
ക്ഷേമംനൽകും ചികിത്സാവിധികൾപലതുമുണ്ടായതത്യുഷ്ണകാലേ-
ഭ്രമൌബാലദ്രുമങ്ങൾക്കിഹമഹിതമഴയ്ക്കൊത്തപീയൂഷമല്ലോ. ൪൬

തോടട്ടത്തമലകൾക്കടുത്തുതടമുള്ളിടത്തുകുഴികുത്തണം
ചൂടടിച്ചുമുടികാഞ്ഞിടുമ്പൊഴതിലാവഴിസ്സുവരുമാനകൾ
ആട്ടലോടെകരുതാതയിക്കഴിയിൽവീണുവെങ്കിലുടനെല്ലൊടി-
ഞ്ഞീടുമായതുവരാതകണ്ടുശരിയായിട്ടുന്നവിധമാകണം. ൪൭

കുഴിക്കുള്ള കണക്ക

ആനക്കണ്ടുകൾതങ്കണക്കമുകളിൽപന്ത്രണ്ടുസക്ക്യൂൽക്കിട-
സ്ഥാനംപത്തുച്ചുവട്ടിലെട്ടടിമുതൽപന്ത്രണ്ടുപൊക്കംക്രമാൽ

സ്ഥാനം കണ്ടു കുഴിച്ചു ചാട്ടവരയും ചാച്ചാണു കുത്തേണ്ടതെ-
ന്നോന്നക്കേട്ടവരുന്നതാകിലുടനസ്സുത്ഥാപം പുറത്തേച്ചുപോം. ൮൯

തേങ്ങക്കണ്ണൊത്തു മൂന്നാച്ചുഴികുഴിയിലെഴും മണ്ണു ദൂരത്തു നീക്കാ-
താഞ്ഞാലും കണ്ടിടല്ലേ ചില കുഴികൾ നേരത്തിത്തടത്തിൽക്കുഴിച്ചാം
ഹസ്തിഗ്രാഹായകുത്താം കിണറുകൾ ശരിയായ്ത്താത്തിടാഞ്ഞാൽ ഗജ
ക്കത്ത്യന്താപത്തുപാറുന്നതിനിടവരുമെന്നുള്ളതും പാർത്തിടേണം. (ങ്ങൾ

പച്ചച്ചാറേറെയേറുന്നേലകൾ കുഴിയിലിട്ടിടണം ദന്തിയേററം
വാച്ചീടും പണ്ടമാണോക്കടലതു പൊടിയാകാതെയാണായതോക്കിൽ
അശ്ശത്തും ഗർഭപാത്രത്തൊട്ടു കിടപറയാമത്തടേ ഹസ്തിവീണാ-
ലുച്ചസ്ഥലാംഗദന്തിച്ചുടലുടനെയുടഞ്ഞീടുമല്ലെങ്കിൽ നൂനം. ൯൦

കുഴിയിലിടാനുള്ള ഏലകൾ

അത്തിയിത്തിച്ചുടനാലുരണ്ടുമിരുവേങ്ങ ചൂവ്വമൊട്ടതേക്കപൊ-
ങ്ങിത്തിൽ ചത്തിമരുത്തുരകട്ടായബലാദായങ്ങളിവയൊക്കയും
ഹസ്തിവീഴവതിനായെടുത്തകുഴിയിങ്കലേററവുമിടുന്നകൊ-
ണ്ടെത്രയും ഘനമതൊണ്ടിളത്തിനൊരുപാടുകേടുകൾവരാദ്ദൃഢം. ൯൧

പൊത്തയിടൽ

പൊതയിടുവതുമോതാമാദരാൽ കേട്ടുകൊൾവിൻ
പൊതുജനമിതുകണ്ടാപ്പാന്നെട്ടത്തോത്തിടേണം
ചതിയിതിലണുപോലും വന്നിടല്ലൊന്നുകൊണ്ടും
ചതുരവനഗജൈഘലാപുണ്യസംപ്രാപ്യമല്ലോ. ൯൨

ചുള്ളിവള്ളികളൊടിാറവച്ചുപുരമച്ചിടും പടികുഴിച്ചുക-
ത്തുള്ളകള്ളമവർ കണ്ടിടാത്തുപരിമണ്ണുമിട്ടിഹ നിരത്തണം
തള്ളപിള്ളമുതലൊക്കെനോക്കുവതിനാശയുള്ള കുഴികാവലാം
പിള്ളയുള്ളകമലിഞ്ഞുലഞ്ഞു കരിവീഴമപ്പൊഴതു നോക്കണം. ൯൩

ഇക്കാൎയ്യങ്ങളറിഞ്ഞുകൊണ്ടിഹഗജത്രാണംനടത്തീടുവാൻ
ചൊല്ലേറുള്ളൊന്നൊരുനാട്ടുവൈദ്യമധികംനന്നെന്നു ചിന്തിക്കണം
ഊക്കേറുന്ന കരികളാകുണ്ടിൽവീണധികമാപ്പെട്ടുപോകാതക്ഷണം
തന്നാക്കാൻബുദ്ധിവിചാരശക്തികളെഴുംലോകത്തെയാക്കീടണം. ൭൭

ആന കഴിയിൽ വീഴുന്നതിന്നു വഴിവാട കഴിക്കൽ

കാട്ടിലുള്ളവനദൈവതങ്ങളുമിവക്കൎക്ഷപലതേകുവാ-
നിഷ്ടദീപമൊടുവച്ചുനേദ്യവുമവസ്ഥമാലകളുമേകണം
ദിഷ്ടശക്തിയൊടുപൃഷ്ഠഹസ്തികുഴിതന്നിൽവീഴുവതിനുംപെരു-
ത്തിഷ്ടവിത്തമതുകിട്ടുവാനുമവർതുഷ്ടിയോടുവരമേകിടും. ൭൮

മുമ്പുംപന്തിരുനാഴിയൊണ്ടടിയറ്റോളവുമോടിട്ടുവാൻ
തമ്പീശങ്കരകുംഭിവൎഗ്ഗമുടനക്കുണ്ടിൽപ്പതിച്ചീടുവാൻ
വമ്പുള്ളാനകളിങ്ങുവന്നുകുഴിയിൽച്ചാടീടുവാനയ്യനെ
കുമ്പിട്ടീടണമാനരക്ഷവരുവാൻദൈവംകടാക്ഷിക്കണം. ൭൯

അമ്പലംപണികഴിച്ചതെത്രയതിലെത്രയാനകളെദാനമായ്
തമ്പുരാനിഹപലപ്പോഴുംപലനടക്കുവച്ചതുനിനക്കുവിൻ
മുമ്പിലാരിതുവിധംനടത്തിയതുരാജ്യഭാരമതിഭദ്രമായ്
വമ്പനിപ്പതികുംഭിരക്ഷയതിലിമ്പമേന്തിടുമസംശയം. ൮൦

ആന കഴിയിൽ വീണാൽ

ഭൂമിയമ്മയുടെഗൎഭപാത്രമതിലീശ്വരന്റെകരുണാവശാ-
ലാമയങ്ങളറിയാത്തതാമടവിപാരണംകുഴിയിൽവീഴ്കിൽ
ക്ഷേമമാനയിലുദിത്തിടുന്നതിനൊരുക്കമേറ്റുവിഷനാപ്പുരം
പ്രേമമോടെഴുതുമപ്പുഴസ്ഥപല്കസ്തുരുന്നുകളെടുക്കണം. ൮൧

ആനേക്കേററാൻശ്രമിക്കാനെഴുതിവരികിലന്നാനവൈദ്യന്റെശി-
(ഷ്യൻ
സ്ഥാനിക്കാൎയ്യസ്ഥനോടൊത്തടവിയിലുടനേചെന്നിരുന്നല്പൽപോക്കി

തീനംവെള്ളംവെടിഞ്ഞാഗ്ഗജശിശുക്കുഴിയിൽപ്പെട്ടകഷ്ടംകറച്ചാ-
ലാനന്ദംപൂണ്ടുമെല്ലെക്കുഴിയുടെകരയിലേല്ക്കുമപ്പേറുപോലെ. ൫൯

പൊന്നുതക്കമെടംപൃച്ഛചെന്നുനോക്കവതെന്തിന്
ദന്തിയെക്കേറ്റുവാൻവൈദ്യനെന്തിനെന്നാലതോതിടാം. ൬൦

ആന വീണാൽ കുഴിയിൽവെച്ചു ചെയ്യേണ്ടതു്

ഭൂമിയമ്മയുടെഗർഭപാത്രമതിനൊത്തതാംകുഴിയിലീശ്വരൻ
ശ്രീമികച്ചഗജസത്വജാലമുളവാക്കിടുന്നതഴിയാതുടൻ
കമ്പുരുന്നുകൾകൊടുക്കണംഗദനിവൃത്തിവന്നുഗുണമേന്തിടാ-
നാമഹോത്സവചികിത്സയിൽപരമുദിച്ചിടുംശുഭമൊഴിക്കാലാ. ൬൧

ശ്രീപാദംകണ്ടുവന്നിച്ചിഭഗണമതിനുള്ളാർത്തിതീർപ്പാൻശ്രമിപ്പിൻ
ഭൂപാലക്കൊച്ചുകൾക്കൊത്തൊരുഗജപൃഥുകശ്രേണിവാഴ്ക്കട്ടെമേലിൽ
ആപാദങ്ങൾത്തപായംകളവതിനെളുതാംഗന്ധകന്ദോഷമെന്നും
പ്രാപിക്കില്ലത്രിദോഷത്തിനുമതുഹിതമാംഎന്തിസന്തോഷമേന്തും. ()

നല്ലവെള്ളമൊഴിവില്ലയെന്നുനയട്ടേവരു ഗുളികാദിയിൽ
പിള്ളുതന്നതിയിലുള്ളൊരാധിയത്തുതള്ളിടുന്നതധ കംഗുണം
ചെള്ളയേക്കുമകന്നിടുംചെരിയൊരുവിദേഷവുമൊഴിഞ്ഞിടും
മെല്ലെമെല്ലെയവകേറിടുംവലിയൊരല്ലലില്ലകരയേറുവാൻ. ൬൩

ആന കഴിയിൽ വീണാൽ ഇട്ടു കെട്ടേണ്ട മാതിരി

പേറുവേദനകളുണ്ടിടുംതരുണിപോലെയിക്കുഴിയിലന്നയ-
ന്നേറിടുന്നപരിതാപമോടവളരെക്കടഞ്ഞുകരയേറുവാൻ
ഏറെവേലകൾകഴിച്ചിടുമ്പോഴരിലൊററനേടിയുള്ളപ്പനം
കൂറൊടൊത്തുമുകളിൽക്കയറുമതുവന്നിടാതുടനെനോക്കണം. ൬൪

ഇട്ടുകെട്ടിയതിലാനഗർമലസാതെദന്തിവരരാംവടി-
ററാട്ടിതൊട്ടുപലരുംവരേണ്ണമരിതൊട്ടനേകവിഭവങ്ങളും

കട്ടിയാനയുടെകഷ്ടമൊക്കയുമകററണംജനിമൃതല്ലമേ-
ല്പോട്ടുകോട്ടമണവുംവരാതെകരകേററിടാമുടനെദന്തിയേ. ൫

ആനയെ കുഴിയിലിട്ടു കെട്ടൽ

കട്ടിയുള്ളപലമട്ടിക്കുട്ടിമെടകെട്ടിടുംപടികുഴിയ്ക്കു മേ-
ലിട്ടുകെട്ടുബലപുഷ്ടിയുള്ളകരിപോയിടുംചിലതു ചത്തിടും
ഇഷ്ടുകട്ടിതലകാട്ടിടുംപ്രസവവേളതന്നിലതുപോലെമേ-
ല്പോട്ടുകേറുവതിനാഞ്ഞിടുംകുഴിയിടിച്ചിടുംഝടതിഹസ്തികൾ. ൬

ആനയെ കേറാനും സമയം

കെല്പേറുംഗജരാജനിക്കുഴിതൊഴിച്ചീടാതെകേറീടണ-
നാല്പത്തഞ്ചുമണിക്കകത്തു ചിതമാണല്ലെങ്കിൽവല്ലായ്മയാം
ൎപ്പാവത്തിനുതീനുവെള്ളമുടനേനൾകേണമല്ലങ്കില .
ച്ചൊല്ലൊങ്ങീടിനകുംഭിഢിംഭനധികംക്ഷീണിയ്ക്കുമെന്നോൎക്കണം. ()

ആനയെക്കേററാൻ വടമിടൽ

കേറിപ്പോകാൻശ്രമിയ്ക്കുംകുഴിച്ചുഴലമിടിച്ചിട്ടുമേല്പോട്ടുജീവൻ
കേറിപ്പോകാൻകുതിയ്ക്കുംകരിയുടെദുരിതംനീക്കുവാൻനോക്കവെക്കം
കേറിപ്പോകാതെനോക്കുന്നവരുടെനിനദംകേട്ടുപെട്ടെന്നുകാട്ടി-
ല്ക്കേറിപ്പോകാതെവേഗംവടമിടണമഹോദന്തിയെക്കേററുവാനായ്. ()

കുത്തിക്കൊന്നോരുമത്ത്യാധമനെയുടനഹോകെട്ടിടമ്മട്ടുകണ്ടി-
ല്ക്കുത്തിക്കേറാൻകുതിയ്ക്കുംഗജമതിനെയുടൻകെട്ടുകാലാസ്സുകൊണ്ടു
കെട്ടിപ്പെട്ടുന്നുകൊണ്ടത്തടവതിലിടുമപ്പുള്ളിയോടൊത്തരണ്ട്യേ
കിട്ടുംകാട്ടാനയേയുംകരുതണമവർവിശ്വാസ്യരല്ലോർത്തിടേണം. ൯

ക്ഷണംപിന്നെവടംകെട്ടീടണാദുഷ്ടരമെങ്കിലും
ദ്രുതംചെയ്യേണ്ടതായുള്ളോരതിൻവഴിയുമോതിടാം. ൧൦

കമ്പിപോലെകുഴലുള്ളതാംവടമിടാനതൻഗളമതിങ്കല-
ത്തുമ്പിലുള്ള കൊഴതോണ്ടികൊണ്ടുപിടിമീമ്പിടിയ്ക്കുമതുമാതിരി.

മുമ്പിട്ടംവടമതിന്റെത്തുമ്പിലൊരുവക്കയിട്ടിഹപിടിയ്ക്കണം
മുമ്പുപിമ്പുമറിയുന്നതാണവനകംഭിയായതുനിനയ്ക്കണം. ൧൫

കടിയ്ക്കുവാൻകടുത്തതായ്പ്പടംഗളേതൊടുക്കമാ.
വടത്തിനായ്പ്പടുത്വമോടിടയ്ക്കിടയ്ക്കിടത്തട
പിടിച്ചുടൻകടുത്തചൂണ്ടൽകൊണ്ടുമിമ്പിടിച്ചിട്ടും
പടിയ്ക്കുടുത്തുകെട്ടണംഗജങ്ങൾതൻഗളസ്ഥലേ. ൧൬

വലത്തുകാലിൽമുമ്പിലായ്ത്തൊട്ടത്തെടത്തുകാലിലും
ബലത്തൊടൊത്തുകെട്ടണംഗളിച്ചുപോകൊലാവടം
മലയ്ക്കുചുററുമോട്ടമഗ്ഗജമ്പരിഭ്രമിച്ചുടൻ
വലിച്ചുകെട്ടിയെങ്കിലുംകിഴിയ്ക്കുവാൻശ്രമിച്ചിടും. ൧൭

മലംകുടിക്കലങ്ങളുണ്ടലച്ചുലച്ചുകെട്ടിടാൻ
വലഞ്ഞിടാതെദന്തികൾക്കലത്തുമേകണംഗുണം
അലംബലംവഹിയ്ക്കുമിക്കലംജവേനതദ്ഥില-
സ്ഥലന്തൊഴിച്ചൊഴിച്ചുടൻഗമിയ്ക്കുമെന്നതോക്കുവിൻ. ൧൮

വൃക്ഷംവങ്കാററടിയ്ക്കാതടിമുടിയിടുമാലാസുകൊണ്ടാനവൃക്ഷം
രക്ഷിയ്ക്കാനിട്ടുകെട്ടുംപടിയുടനിടുമാവക്കയെല്ലാംപിടിച്ചു
പ്രക്ഷീണിച്ചുംവലിച്ചങ്ങുപരിബതയെടുക്കുന്നതാപ്പാനകൾക്കും
സാക്ഷാൽനാഗേന്ദ്രമോക്ഷപ്രദഹരിപദമല്ലാതൊരാലംബമില്ലാ. ()

ആനയെ കയറുന്ന ധൃതി

മാനനിയമതായുള്ളോരാനകേറുന്നപേറിന്
ആനന്ദമൂർത്തിയാംമൂലമൂനമെന്ന്യേതുണച്ചിടും. ൧

ലക്ഷദീപംകൊളുത്താൻഝടുതിമുറജപക്കെട്ടിടംമാററിടുംമ-
ട്ടിക്ഷോണീസൂനവാമിക്കഴിയതിലമരുംദന്തിയെക്കേററുവാനും

അക്ഷീണംലോകർതാപ്പാനകളിഖരൊരുമിച്ചിട്ടുയത്തിപ്പതെല്ലാം(ക്ഷം.
സാക്ഷാൽശ്രീപത്മനാഭൻതിരുവടിപണിയുംതമ്പുരാനോത്തുനോ-

മൂപ്പന്താപ്പാനനാലുള്ളതിലിരുപുറവുംവക്കയേന്തീട്ടരണ്ടു-
ങ്ങൊപ്പംകെല്പോടുനില്ക്കുട്ടിരുവർപുറകിലക്കാൽവടംരണ്ടുമേന്തീ-
നില്ക്കേണംലോകരെല്ലാവരുമതുസമയംശ്രദ്ധയാ൯നോക്കിടേണം
ചൊല്ക്കൊള്ളുംദന്തിയോത്താൽപെരിയൊരുധരണീപാലസംപൂജ്യ-
നല്ലോ. ൭൯

കട്ടിയാനതലകാട്ടിടുംപോളിലയിട്ടെകത്തുകുഴിപേററിലി
ട്ടാട്ടിടുംതനുവുലച്ചിടാതുപരികേറിടട്ടെവിരവോടവൻ
വിഷ്ടപേശനുടെദൃഷ്ടികെ ാണ്ടുഗുണപുഷ്ടിയുള്ളഗജജാതിയിൽ
കട്ടിയൊന്നുമമകിട്ടിയെന്നുപരിതുഷ്ടിയോടുനൃപനോക്കണം. ൮൦

ശർമ്മംമെന്മേലുയത്തുംഗണപതിജനനംപോലെയാണോത്തിടേ
വമ്പാഹാത്മ്യംമികക്കുംഗജജനനമിദന്നിർ്രംശ്ലാഘ്യമല്ലേ (ണം
അമ്മാഭ്രദേവിതമ്പേറതിനുസദൃശമാമാനകേറുന്നനേരം
ധർമ്മക്കുപ്പാടുകാണിക്കളിവിളയുടനെകേട്ടിടുംഞെട്ടിടല്ലേ. ൮൧

എട്ടുദിക്കമലയുന്നമട്ടുവടമിട്ടുതട്ടിനിലവിട്ടുവീ-
ണിട്ടുകൂട്ടമതുവിട്ടകുട്ടിവനദന്തിബന്ധനാപരിഭ്രമാൽ
ഇട്ടുചൂണ്ടലിലെടുത്തിടുന്നകരിമീൻപിടിച്ചവടവുംമുറി-
ച്ചിട്ടമണ്ടുമതുപോലെപോകരുതതേവരുംകരുതിനിൽക്കണം. ൮൨

ആനയെക്കേററിയാൽ ഉടനെ ചെയ്യേണ്ടും ക്രമം

വേനലിന്നൊടുവിൽവീശുമാവലിയകാററടിച്ചമരമാട്ടമെ-
ന്നൊണമാധിയതുകൊണ്ടുദന്തികൾകുഴിക്കൽനിന്നുകുഴയുംവിധൌ
പ്രാണഹാനിയതുവന്നിടാതുടനെവായുവിൻഗുളികഗന്ധകം
പ്രാണികൾക്കൊരമ്മതായവെള്ളമതിലിട്ടൊഴിക്കടലിലല്ലൽപോം: ()

വെക്കന്നല്ലജലത്തിൽവായുമ്ളിക്കൊപ്പിച്ചനൽഗന്ധകം
തക്കംനോക്കിയരച്ചൊഴിക്കധികമായ്ബാധിച്ചതാംവ്യാധിപോം
ഉൗക്കേറുംവനദന്തിരക്ഷയുചിതംപോലെനടത്തീടുകിൽ
സൽക്കാരെപ്പൊഴുമാവകയ്ക്കു ചിലവുംചെയ്യുന്നകയ്യോടഹോ. ൪൧

കാട്ടിൽനിന്നും നാട്ടിലേക്ക കാട്ടാനയുടെ വരവു

ബ്രഹ്മാവീന്ദനമുണ്ടുരണ്ടുപുറവുംഭൂപാലസൈന്യങ്ങളോ-
ടുന്മേഷത്തൊടുപത്മനാഭനടെനല്ലാറാട്ടയാത്രോത്സവേ
ഇമ്മട്ടെല്ലാംഘോഷയാത്രനടുവിൽകാട്ടാനതാപ്പാനമാർ
ചെമ്മെരണ്ടുപുറത്തുമൊത്തുവരുമിയാഘോഷമത്യത്ഭുതം. ൪൨

ഛുട്ടിയാട്ടുപലകൊട്ടൊടിഷ്ടവെടികേട്ടുഞെട്ടിയുലകൊക്കയും
പൊട്ടുമാറുവടമിട്ടുതട്ടിമലവട്ടമിട്ടടവിവാരണം
ഇഷ്ടനഷ്ടിബഹുകഷ്ടചേഷ്ടകളൊടെത്തിടുംസമയമാളുകൾ-
ക്കഷ്ടിമുട്ടിപലതട്ടുകിട്ടിയതുമെത്രകഷ്ടമറിയുന്നതാർ. ൪൩

വഞ്ചിരാജകരുണാമൃതംബഹുകടിക്കമീഢിവിഷനാസ്പര-
ന്നഞ്ചിടാതശനമങ്ങിളച്ചപണമിട്ടുകെട്ടിവഴികാട്ടിയും
സഞ്ചരിച്ചുമരികത്തുറൈഞ്ചുപരിവാരവാരണഗണത്തൊടും
വഞ്ചിരാട്ടുകളിയാടിടുംപടിവരേണമാശുവനകുഞ്ജരം. ൪൪

അങ്ങൊട്ടിങ്ങോട്ടലച്ചുംപലവഴിയടവിയ്ക്കുള്ളതള്ളിത്തിരിച്ചും
പൊങ്ങിച്ചാടിക്കുതിച്ചുംകടിവടമിടറിപ്പോംകുവാനായ്‌വലിച്ചും
ഭംഗംപാരംഭവിച്ചുംപലടവുമധികംപാഞ്ഞുവീഴാൻശ്രമിച്ചും
താങ്ങുന്നോരെത്തൊഴിച്ചുംവനകരിവശമിങ്ങാധിയാംവ്യാധിവാച്ചും.()

ഏറെക്ഷീണംഭവിച്ചീടുകിലിഹതണലിൽകെട്ടിഹസ്തിക്കുവേഗാൽ
ധാരാളംതേങ്ങനീരിൽക്കെട്ടിയകലുവാൻഗന്ധകംനല്കിയെന്നാൽ

പാരംസന്താപമേകും പനിയൊടുവെറയുംക്ഷീണവുംവന്നിടാമ-
ന്നേരംചെററൊന്നുനിൎത്തീട്ടുഷ്ണജലമതിനാൽധാരയുംചെയ്തിടേണം.()

ക്ഷീണംമാറാതഴിഞ്ഞുപ്പോരുദിനമവിടെതാമസിച്ചാലുമാസ്സാം
ക്ഷോണിക്കഞ്ഞാണലഞ്ഞീടരുതതിനുകുറുന്തോട്ടിപെട്ടെന്നരച്ച്
ആനപ്പിണ്ടത്തിനൊപ്പിച്ചൊരുപലമതിലഗ്ഗന്ധകംചേൎത്തുനീരിൽ
പാകംപോലേകലക്കിത്തനുവതിലഖിലംവീത്തിയാലത്തൽപോകും.

പേടികൊണ്ടുവളരുന്നതാകിയൊരപാനവായുവുദരത്തുചെ-
ന്നാട്ടമപ്പൊഴുദരാഗ്നിയെത്ധടുതിയിട്ടുതട്ടിയതണച്ചിടും
ആയനത്ഥമതുവന്നിടാതവിടെവായുവിൻഗുളികഗന്ധകം
മായമെന്നിയെജലത്തൊടൊത്തുടലിലാടുവായുശമനംവരും. ൪൭

എന്തൊരേന്തിവലിഫന്തദന്തിബഹുതാന്തനെന്നുകരുതീടിലി-
ന്നിന്തഗന്ധകമനന്തസൌഖ്യകരമന്തദന്തിയൊടുചേൎക്കണം
ശാന്തരായകരികൾക്കെഴുന്നതനുദന്തിഭാരമതിനഞ്ജസാ
ശാന്തിചെയ്യതിനുഗന്ധകാംബുസമമൌഷധംനഹിജഗത്രയെ. ൪൮

രോഗമെന്നിയെവളൎന്തായവനവാരണത്തിനൊരപായമി-
ല്ലാകലങ്ങളെയകററിടാനിവകളെഗ്ഗുരിക്കടനെചെയ്യുവിൻ
ഭാഗധേയനിധിയാകുമാസനമതിങ്കലാൎന്നിടുമപാനനാ-
വേഗമോടുവളരുന്നൊരാധിയിലിയന്നിടുന്നഴലൊഴിച്ചിടും. ൪൯

വിളിച്ചുഴിയ്ക്കുഹസ്തിയെതെളിയ്ക്കുക്കുട്ടുകാരെയും
വെളിച്ചമായിനേരവുംഭവിച്ചയാനകാലവും
കളിച്ചൊടിച്ചപച്ചയുംഭുജിച്ചിടുന്നദന്തിനാ-
മിളച്ചനിന്നിടൊല്ലനാംഗമിച്ചീടേണമഞ്ജസാ. ൫൦

തോടുകാണുമ്പോൾ ഉള്ള ലഹള

അടുത്തുനാടെടോവടംപൊടിച്ചിടാതെനോക്കുവിൻ
തടഞ്ഞിടാൻവലിയ്ക്കുവിൻകടുത്തതോടടുത്തിതാ

മടിച്ചിടാതെകാൽവടംതിടുക്കനെത്തൊടുത്തുടൻ
കടുത്തദന്തിയോടിടാതഹോപിടിച്ചുനിൎത്തണം. ൯൬

കാട്ടാനയുടെ മോഹാലസ്യവും ചികിത്സകളും

ഇയ്യാനയെന്താണുകിടന്നിടുന്നതയ്യോമരിച്ചോണമിതെന്തുകഷ്ടം
എന്നീവിധംചാറവലാതിവന്നാലന്നായതിൻശാന്തിവരുത്തിടേ

കാറേറ റീടിനജന്തുവാണിതിനുതിയ്യാണെററാരസ്നേഹിതൻ(ന്നാം.
കൊററാമിന്ധനമിട്ടുതിയ്യുവളരുന്നോരത്തുനേരായിടാം
പാറന്തെറിനൊരാധിയോടിഭമുടനെല്ലെക്കിടന്നീടുകിൽ
പ്പാറീമൃത്യുവരാതെന്നവച്ചുകളയാതുററൊന്നുനോക്കീടണം. ൯൭

ക്കുററൻകാററുവിളക്കണപ്പതുവിധംതാപ്പാനകെട്ടിപ്പിടി-
ച്ചേററംമദ്ദനമാശുചെയ്യുമളവിൽക്കാട്ടാനനഷ്ടപ്പെടാം
പാറന്തെറിയൊരാധിയുംപലതരംസന്താപമോടാന്തലിൽ
പാറാന്തെറുകളാനകൾക്കുവരാതെകണ്ടുനോക്കീടണം. ൯൮

പനിക്കൂൎക്കനീരമ്മുലപ്പാലുമൊപ്പം
തനിച്ചന്നുകൂട്ടിക്കുഴമ്പാക്കിവെക്കം
ശിരസ്സിൽജ്ജവത്തിൽപ്രയോഗിക്കയെന്നാൽ
കരിക്കുള്ളദീനംശമിക്കുംക്ഷണത്തിൽ. ൯൯

ഊരകന്ദൾബലരണ്ടുമീവകയിലുള്ളചാറുടനെവായുവിൻ
സാരമാംഗുളികചേൎത്തുനാസമൃതലാസനംവരെയൊഴിക്കണം
വാരണത്തിനുസുഖംവരുത്തുവതിനീവിധംപണികളാരുവാൻ.
പാരിടത്തിലഴകാക്കിടുന്നപരമായവൻസുകൃതിയായ്വരും. ൧൦൦

കേൾക്കരണ്ടുബലകൊണ്ടുവച്ചോരുകഷായവെള്ളമതിലാനകൾ
ക്കുളക്കെഴുന്നതിനരച്ചുഗന്ധകവുമൊത്തൊഴിക്കുടലിലൊക്കയും

കണ്ടുകൊൾകമതികൊണ്ടുശങ്കരബലാഢ്യമാകിയബലാദ്വയം
കൊണ്ടുപണ്ടുവിജയിച്ചരാമനതുപോലെദന്തിവിജയിച്ചിടും ൧൦൧

ഇപ്പെപ്പെട്ടചികിത്സവെക്കമവിടെചെയ്യിൽഗ്ഗുണംവന്നിടാം
സ്വല്പംലാഭമതോൎത്തിടേണ്ടുയിരുവീണാലുണ്ടനേകംഫലം
അമ്മപ്പാലിലരച്ചുഗന്ധകമതാമൂക്കിൽപ്രയോഗിയ്ക്കില-
നന്മേഷത്തൊടുദന്തിവീരരെഴുനീല്ക്കുംനുള്ളയോഗംവരും.* ൧൦൨

ആനാവൊ രണ്ടടസ്ഥാമരം പോറാലൊ രണ്ടു കേറപ്പാക്ക

ആനൈശപയ്പ്രഭാവംകരുതുകിലണുവല്ലാനവൈദ്യൻപ്രയത്നി-
ച്ചാനന്ദംകുഞ്ജരങ്ങൾക്കടനിഹവരുവാൻതക്കതായ്നോക്കിടേണം
പോറാലോരണ്ടുപാക്കാണതിനുടെവിലനിസ്സാരമാണോൎത്തുകണ്ടാ-
ലാനാലോരണ്ടടസ്ഥാമരമുയരുമതോൎത്തിടേണംസാരബുദ്ധ്യാ ൧൦൩

വീണ്ടും വഴിനടത്തൽ

പോകട്ടെവെക്കംപുഴവക്കിൽനിന്നാലാകില്ലകാൎയ്യത്തിനുഭംഗമുണ്ടാം
ലോകോപകാരക്ഷമരാംഗജേന്ദ്രൎക്കാകാത്തതെന്തോന്നുപിടിച്ചിടട്ടേ.

ഇപ്പോൾഗ്ഗേററിങ്ങുകാണുംഗജമിനിയുമിടഞ്ഞീടുകിൽശങ്കരാതാൻ
ക്ഷിപ്രന്താപ്പാനമാരെത്തടവുകിലുടനായോരിറുക്കിപ്പിടിയ്ക്കും
വമ്പന്മാർശക്തിയുള്ളോർവനകരികളതെന്നാകിലുംക്ലേശലെന്ന്യേ
വമ്പേറീടുന്നതാപ്പാനകളിവരവരെക്കൊണ്ടുപോന്നീടുമല്ലോ. ൧൦൪

കാട്ടാനയെ കൂട്ടിലേക്കു കടത്തൽ

മുന്നോട്ടുന്നുമഹേശപരിനിജബലാലിട്ടന്തിയെക്കൂട്ടിലേ-
യ്ക്കൊന്നുംകേടുവരുത്തിടാതുടനകത്താക്കീടുവാൻനോക്കണം
എന്നീചണ്ണമുരയ്ക്കുണംകടിവടംകല്യാണികാവേരിമാർ
നന്നായ്നിന്നുപിടിയ്ക്കണംപരമതിൽത്താങ്ങേണമെല്ലാവരും. ൧൦൫

---

* ഈ ചികിത്സകൾ വാണിയംകളം മുതലായ ദൂരസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന മദഗജങ്ങൾക്കും വഴിമദ്ധ്യേ ചെയ്യാവുന്നവകളാകുന്നു.

കാററിലേററമിളകുന്നതാന്തിരകളെന്നപോലെവനദന്തിതാ-
നേററമൂക്കൊട്ടുപുളച്ചുകൂടകമണഞ്ഞിടുംക്ഷണമിറങ്ങിടും
അററകുററമണവുംവരാതരികിലുള്ളതള്ളതിരുവുള്ളമാ
ന്നോററമുററിഹപിടിയ്ക്കിലമ്പലമതിന്നകത്തിഭമണഞ്ഞിടും. ൫൧

കടത്തുകൂട്ടിലേയ്ക്കുടമ്പിടിച്ചുകെട്ടുവക്കയും
മിടുക്കൊടാശുകൂട്ടുകാലെടുത്തുകെട്ടുവിൻവടം
കടുത്തവമ്പെടുത്തിടുന്നകാട്ടുഹസ്തിയെക്ഷണം
പിടിച്ചുകൂടടച്ചിടുംപടിയ്ക്കലാക്കനോക്കുവിൻ ൫൨

വല്ലാതലഞ്ഞുവനദന്തിയെവീണ്ടുകൊണ്ടു
ക്കല്യാണിയമ്പലമതിന്നകമാക്കിവെക്കം
കല്യാണകാരണകരീന്ദ്രകുലമ്മികയ്ക്കാ-
നെല്ലാവരുംകരുണയോടിഹനോക്കിടേണം. ൫൩

മാററാണിവയ്ക്കിനുടനേവനദന്തിയപ്പോൾ
പററംവെടിഞ്ഞുകടലിൽത്തിരമാലപോലേ
ചുററിത്തിരിഞ്ഞുവലയുന്നളവാശ്വസിപ്പാൻ
മിററത്തുനിച്ചുകമഹേശ്വരിചെററുനേരം. ൫൪

ആനയെ കെട്ടിക്കൊണ്ടുവരുന്ന വടമ്മുറിക്കുന്നതു

അറിഞ്ഞിടാതെകാൽവടമ്മുറിച്ചുമാററുതൽക്ഷണം
ഞെരുക്കമുള്ളകൎമ്മമാണതോൎമ്മവച്ചുചെയ്യണം
എടഞ്ഞവായുശക്തിയാലിഭംവലഞ്ഞിടാതുടൻ
കൊടുക്കഗന്ധകംകലൎന്നതാംജലംകുടിയ്ക്കുവാൻ. ൫൫

കൊച്ചിൻപൊക്കിൾക്കൊടിക്കൊത്തെഴുമിരുവടവുംവെട്ടിമാററീൻ
[ഗജാനാ
മച്ഛൻസ്ഥാനംവഹിക്കുംഢിവിഷഭരണവാനായിടുംമന്ത്രിയപ്പോൾ

ഇച്ഛിച്ചുള്ളാനമാനംസകലവുമെഴുതുംകണ്സർവേററക്ഷനാം (ശ്ലോം.
സപത്മന്ദോൽകൃഷ്ടഗൌരമ്മേണ്ടതുപൊഴുതിഭരക്ഷാത്മമായാജ്ഞചൈ

ആനക്കുട്ടിലുള്ളപ്രതി

തമ്പുരാന്റെതിരുമുമ്പിലെനാവിധമാളകമ്പടികളോടുംച-
ന്നമ്പിലമ്പലമതായക്കൂടകമണച്ചവ:തലമടച്ചടൻ
തുമ്പികൊമ്പുതലവാലുവട്ടമിഴിവട്ടമിട്ടുപലവട്ടവും
മുമ്പുപിമ്പുമറിയുന്നതായവനദന്തിതന്നഴലൊഴിക്കണം. ൫൫൩

പെററുവീണളവുകാൽകരങ്ങളുമെട്ടത്തെറിഞ്ഞുകരയുന്നൊരാ-
കൊച്ചുകുഞ്ഞിനുസമാനമായടവിയാനക്കൂട്ടിൽവിളിക്കൂട്ടിടും
ഏററമാദരവോടപ്പൊഴായതിനെയാത്തരക്ഷയതിലാസ്ഥയാ
പെററതള്ളയതുപോലെനോക്കണമതാനവൈദ്യനുടെധർമ്മമാം. ()

പച്ചവെള്ളമിവയുണ്ടുരുണ്ടുവരുമാനകുണ്ടിൽമറിയുമ്പൊഴ-
ക്കൊച്ചുകുഞ്ഞിനെയെടുത്തുതള്ളമുലവെള്ളമേകുമതുമാതിരി
തീററവെള്ളമൊടിടക്കനല്ലൗഗദവുംകൊടുത്തഴലൊഴിക്കമി
പ്പെററതള്ളയതുപോലെയാണനികവൈദ്യമാനമുതലേററുവാൻ: ()

പച്ചവെള്ളമതിലാണ്ടുരുണ്ടുവരുമാനക്കുട്ടിലമരുംപൊഴ
മ്മച്ചികുഞ്ഞിനെയെടുത്തണച്ചുമുലവെള്ളമേകുമതുമാതിരി
അച്ഛമായചെടിവെള്ളമോട്ടു ചിലകൈമരുന്നുകൾകൊടുത്തുമീ-
വാച്ചജീവധനമേററിടുന്നതിനുവൈദ്യനമ്മയതുപോലെയാം. ൫൫൫

വാച്ചൊരിക്കരിമരംമറിഞ്ഞുകുഴിതന്നിൽവീണഴലുമപ്പൊഴ-
മ്മച്ചികുഞ്ഞിനെയെടുക്കമെന്നവിധമാനയെകരയിലേററുവിൻ
വിഴ്ചപററിയതുതൊട്ടുനാട്ടിലമരുംപോഴല്ലലൊഴിവാക്കുവാൻ
നിശ്ചയംവെളരെയുള്ളവൈദ്യനെയൊരമ്മയെന്നുകരുതാവതാം. ()

4 *

ജാതകർമ്മംപോലെയുള്ളതു

ജാതകർമ്മവിധിനന്മയാണതുവിധംകരിക്കുന്നേരമകിടം
വേതുവെള്ളവുമൊഴിച്ചതിന്റെപരിതാപമൊക്കയുമകറ്റണം
താതനമ്മയരികത്തിലിപ്പിതിനെനമ്മൾനോക്കണമതാകയാൽ
ചേതമേതുമണയാതെകണ്ടുഗജപാലനങ്ങളിഹചെയ്യണം. ൧൧൮

ഭൂപാലന്മാർക്കുമാർക്കുംകുതുകമതകിടംമട്ടുകാട്ടാനക്കുട്ടിൽ
പ്രാപിച്ചാലന്നതിന്മേലതികതിമറിയുംവാതപിത്താദിയെല്ലാം
കോപിക്കാതാക്കുവാനായ്ചുടുജലമതിലീവെന്തതാംഗന്ധകംചേ-
ർത്താപാദംവീഴ്ത്തുകെന്നാലഴലുകളൊഴിയുംസൌഖ്യമാനക്കിടാക്കും. ( )

കാട്ടാനക്കു കാച്ചി അടിക്കുക എന്ന ചികിത്സ *

ഞ്ഞവളത്തിലകളാവണക്കിലകളുരകംതുളസിചെത്തി
മുത്തങ്ങമഞ്ഞളമൃതാടലോടകചെറൂളവേളയിലാഞ്ഞിയും
ഈവകച്ചെടികളിട്ടിടിച്ചതവിട്ടുംകലന്നുകിഴിയിട്ടുവെ-
ച്ചാവിപോക്കിയകഷായമാടിടുകഗന്ധകത്തൊടുകലന്നുടൻ. ൧൨൦

തെങ്ങിൻപൂക്കുലയാവണക്കരിയതുംമുത്തങ്ങയുംമഞ്ഞളും
വേങ്ങപ്പട്ടയുമുരകങ്ങളിവയൊപ്പിച്ചിട്ടുവക്കുംജലം
അൽപ്പംഗന്ധകമിട്ടുകൂട്ടിയുടനന്നപ്പായുദേശംമൃത
ലൂൽപ്പംചൂടോടുകൂടിയാടുടലിലുള്ളക്കേടുമാറുംക്ഷണം. ൧൨൧

രോഗങ്ങൾക്കൊരുനാഥനാംപനിവരുംദേഹംവലഞ്ഞീടിലും
വേഗംമററാരുദേശവാസമശനസ്നാനാദികൊണ്ടുംവരാം
ആഗന്തുജ്വരവുംവരാംപറയുവാൻമേലാത്തതാംദന്തിനാം
രോഗശ്രേണിയുമാധിബാധയുമൊഴിച്ചീടാൻശ്രമിച്ചീടണം. ൧൨൨

* ഈ ചികിത്സ, ദൂരസഞ്ചാരം, ഭാരവഹനം മുതലായവകൾ ചെയ്യുന്ന വണ്ടിക്കാള മുതലായവകൾക്കും മാസത്തിൽ ചെയ്യാവുന്നതാണ്.

വിഷ്ണുക്രാന്തിയരച്ചുഗന്ധകമതുംതുല്യംകലന്നിട്ടത
ന്നുഷ്ണാംഭസ്സോടുചേർത്തുകൂട്ടിലമരുംദന്തിക്കൊഴിച്ചാൽഗുണം
കണ്ണിച്ചേറെമരുന്നുചെയ്തവകളെശല്യപ്പെടുത്തേണ്ടമേ
ലുണ്ണിച്ചുള്ളൊരുവായുവഞ്ചുമനുകൂലിച്ചാലൊഴിക്കുംപനി. ൧൨൮

ചൊല്ലേഴുന്നദശമൂലമോടതിനുതുല്യമായമൂളവപ്പട-
പ്പുല്ലുമീവകയിടിച്ചെടുത്തു കിഴികെട്ടിയിട്ടൊരുകഷായമായ്
വച്ചെടുത്തജലമാടുകിൽപനിതുടങ്ങിയുള്ളഴലശേഷവും
പിച്ചതെണ്ടുമതൊരാഴ്ചവട്ടമുടലിങ്കൽവീഴ്ത്തുകിലെഴുംഗുണം.

സാധനദൃഷ്ട്യമകൌശലലക്ഷണം

കുണ്ടിൽവീണവനദന്തികൾക്കധികമാധിയാൽപെരുകിടുംപനി
ക്കണ്ടുകൊണ്ടുവളരുന്നൊരാർത്തിയുമൊഴിക്കണംപലവഴിക്കുനാം
സാധനങ്ങളുടെദൃഷ്ട്യമോതുവതകൌശലത്തിനുടെലക്ഷണം
വ്യാധിനീക്കുവതിനുള്ളയുക്തികളതാണുവൈദ്യനുടെവിദ്യകൾ. ()

പച്ചയാമിലകൾകിട്ടിടുന്നവകളിട്ടുവച്ചജലമാടിഭ
ക്കൊച്ചുഭൂമിയുടെഗർഭപാത്രസമമായിടുംകുഴിയിലാണ്ടുടൻ
വാച്ചപിച്ചൊടുകതിച്ചുകേറുവതിനാഞ്ഞുചാടിമറിയുംവിധൌ
തീച്ചതന്നെപലകേടരിക്കുമതിനായതൊക്കയുമകററണം. ൧൨൯

പണ്ടേചാണകമിട്ടുവച്ചൊരുജലംമേലാടിട്ടുന്നുണ്ടതും
കുണ്ടിൽച്ചാടിനകേടുപാടുകളുവാൻവേണ്ടില്ലയെന്നാകിലും
കൊണ്ടാടുംരസധാതുതൊട്ടുടലിലുള്ളോരേഴുധാതുക്കളും
വേണ്ടുംവണ്ണമുദിച്ചിടാനിഹജലംമുഞ്ഞൊന്നതാണുത്തമം. ൧൩൧

പനിയതുകുറവായാൽത്തീനുവെള്ളംചെലത്തി
പുനരുടനിഭവർഗ്ഗംരാവുകൂട്ടിൽകിടക്കും
മനുജരൊഴികയില്ലാനല്ലബന്ധുക്കളെന്നു
ള്ളറിവൊടുമരുവീടുംഹസ്തിയെകാത്തിടേണം. ൧൩൨

ശൈവമാംപനിയതാണിഭത്തിനത്തുമാററിടാശ്ശിലുടലൊക്കയും
വേവുമാനകളിലാടിടും രുധിരമൈത്ര്യയുംക്ഷണമുണങ്ങിടും
ഏവമുള്ളതകരാറുനീക്കുവതിനാനവൈദ്യരുടെകൈമരു-
ന്നാവലാധിപായാത്തതായഗജരക്ഷയിൽചിലതുചെയ്യണം. ()

അഞ്ചോത്തമാവഞ്ചി,വന്നിങ്ങിവിടെമരുന്നുമിട്ടന്തിരക്ഷക്കുമോരം
സഞ്ചായംസൊത്തുകൂടുന്നതിനുമുചിതമാംകൈമരുന്നേകിടുമ്പോൾ
വേണ്ടന്നേവൻപറഞ്ഞീടിലുമതിനെയെടുക്കേണ്ടജീവൻവളർത്തി
ക്കൊണ്ടെന്നാൽപുണ്യമുണ്ടാംപുനരിഹനൃപതിപ്രീതിയുംകിട്ടുമല്ലോ.

മൂട്ടുള്ളാജ്ജലമോതിരയടമഖിലംമന്ദോഷ്ണമെന്നോക്കി
ങ്ങാടുംകാററിന്നതിഷ്ടമാണവലധാതുക്കൾക്കുമേററംഗുണം
ചേടിക്കേണ്ടവതന്നെജീവനുഗുണംവാതാഗ്നിയൊത്താകവ
ക്കേടുംപോയിടുമേതവർക്കുമതുകൊണ്ടേററംസുഖംവന്നിടും. * ഫന്വ_ഫ

നാവിൻദോഷപരിഹാരം

പാപപ്പെട്ടുള്ളകാട്ടാനകളുടെചരിതംകണ്ടുരക്ഷംജനാത്തിൻ
നാവിൻദോഷംകുറക്കാനടിമുടിവിടുമച്ചൂടനീരോതിവീത്തിൻ
സേവിക്കാമൂലമന്ത്രംമതിയുടനതിനാൽക്ഷേപളുദോഷങ്ങളുംതീ-
ർന്നാവിർമോദേനമേവുംകരിശ്രുമമുടമക്കാരനുംപാരമുണ്ടാം. ഫന്വ

കാട്ടാനകളെ കൂട്ടിലാക്കിയാൽ ഉടൻ ചെയ്യേണ്ടും മരുന്നുകൾ ഉപയോഗിക്കുന്ന രീതി

കാററിൻവേഗംകുറക്കാൻകരുതിനല്ലിക്കാട്ട്യൌഷധംചേർത്തുകൂട്ടിൽ
ത്തൂക്കിൻനാറുമ്പൊഴാനസ്സ്വടിമുടിയിടയുംക്ലേററനാങ്കാററുതാഴ്ം

* ഈ ചികിത്സ മരുമൃഗങ്ങൾക്കു വകതയില്ലുള്ളതായ പനിക്കും മനുഷ്യക്കു പനിയുടെ ആരംഭത്തിങ്കൽ ഈ വക കാഞ്ഞവെള്ളത്തിൽ മുങ്ങുമുക്കി മൂലക്കു കീഴ കരുത്തവർക്കും അതിസാരമുള്ളവർക്കും ധാരാളം ഒപ്പം മലബന്ധമുള്ളവർക്കും കരുത്തവരല്ലാത്തവർക്കും കുറച്ചു നേരവും ഒപ്പം വാണിയംകളും മുതലായ ദൂരസ്ഥലത്തുനിന്നു കൊണ്ടുവരുന്ന മൃഗങ്ങൾക്കും വണ്ടി വലിച്ചുവരുന്ന മൃഗങ്ങൾക്കും മത്തെധ്യകമുള്ള സ്ഥലങ്ങൾ പുഞ്ചവിവകളിൽ ഉഴുന്ന കാളമുതലായവർക്കും നല്ലതാകുന്നു

കൊററില്ലാറിച്ചവച്ചാൽഗജമത്തുമുടനേനാററിയെന്നാലുമാറ
ശ്ലേററാംകോപിച്ചദോഷംപുഴവഴിയൊഴുകുന്നീരുപോലോട്ടമല്ലോ ()

ഇഞ്ചിപ്പുല്ലുമുരക്കൊടിപ്ലിയമൃതുമുത്തങ്ങയുംവേങ്ങയോ-
ടിഞ്ചക്കുന്നുമുരിങ്ങകപ്പനബലയുന്നാല്പാമരപ്പട്ടയും
അഞ്ചാതീവകയിട്ടുവച്ചോരുജലംകാട്ടാനകൾക്കേകുകീ-
വഞ്ചിക്കുമ്മാപതിയെന്നപോലെവളരെസ്സൌഭാഗ്യമുണ്ടായിടും.൧൩൩

ഇല്ലിക്കാഞ്ഞമുരിങ്ങവേങ്ങയമൃതുന്നാല്പാമരപ്പട്ടയു
ഞ്ചൊല്ലേറുന്നദശമൂലമുരകബലാദ്യപദങ്ങളുംചേൎത്തുടൻ
വെള്ളംന്നാനകലന്നുവച്ചോരുകഷായംപാതിവററിച്ചത
ന്നല്പാസേററുകുടിച്ചവെങ്കിലധികംരക്ഷപ്പെടുന്നന്തികൾ. ൧൩൪

ചപ്പങ്ങകപ്പമാവുന്തവിടമൃതുകുറുന്തോട്ടിനാല്ലുരകന്നൽ-
കെല്ലേറുന്നാല്പവൃക്ഷത്തൊലിയിവസമമായിട്ടുവച്ചുന്നവെള്ളം
താപ്പാനത്തട്ടുകെട്ടിപ്പിടിവലിപലതുംകൊണ്ടെഴുന്നല്പലെല്ലാം
ക്ഷിപ്രംമൂരത്തിലാക്കാംകരിയുടെയുദരത്തിങ്കലെത്തീടിലപ്പോൾ- ()

വാഴപ്പിണ്ടികൊരണ്ടിയുരകബലാദപന്ദപങ്ങൾനാല്പാമര-
മ്പേഴമ്മന്തഴതാമചെത്തികരിവേപ്പുംകപ്പനാല്പാഞ്ഞലീ-
മാവോടംപനതെങ്ങുവേങ്ങമുളകിന്തണ്ടെന്നതുംചേൎത്തുടൻ-
വേവിച്ചുള്ളകഷായനീരുകുടിനീരാക്കീടുകേടോടുവാൻ. ൧൩൬

ഇല്ലിവേങ്ങതഴതാമയിഞ്ചിയമൃതാടലോടകമുരിങ്ങയും
വില്ല്പമമ്പഴമെരുക്കൊടീവൃഹതിത്തൊണ്ടിരണ്ടുബലയുരകം
തല്ലിയിട്ടൊരുകഷായവെള്ളമനുപാനമാക്കുകിലിഭോല്ക്കരം
ചൊല്ലെഴുംധരണിപോലെളുപനുവരുത്തിടുംദ്രവിണമെത്രയും.൧൩൭

നാല്പവൃക്ഷമിഥനന്നയുള്ളതഴതാമയുമ്പുനൽമുരിങ്ങയും
വാല്പക്കൂട്ടമിരുവേങ്ങകപ്പയമൃതിഞ്ചിമഞ്ഞൾനറുനീണ്ടിയും

ശീലയിലുഴിയതാക്കിയിട്ടൊരുകഷായവെള്ളമതുനല്ലതാ
മ്മാലുനീങ്ങുവതിനാനകൾക്കിതനുപാനമായ്ഞ്ഞതകൊടുക്കുവിൻ ()

കസ്തൂര്യാദിയതായിടുംഗുളികയുഞ്ചേർത്തീടണംഗന്ധകം
പ്രത്യേകിച്ചനുപാനമായിവിടെയിച്ചൊന്നുള്ളവെള്ളങ്ങളിൽ-
വെക്കന്ദന്തികുടിച്ചുവെന്നുവരികിലേ്ലെടൊക്കയുംനീക്കിടും
പക്വാമാശയദോഷസഞ്ചയമകററീടുമ്പനിക്കേടതും. ൧൩൯

പ്രായമഗ്നിബലമൊക്കെനോക്കിയിഭരക്ഷചെയ്യുതിനുമുഖ്യമാം-
വായുവിൻഗുളികഗന്ധകേറാസഹമുമ്പുചൊന്നവയിലേകണം
ആയമേറിയൊരുബുദ്ധികൊണ്ടുപരിശുദ്ധമാക്കഗജജീവിത-
മ്മായമററുസകലങ്കഥിപ്പതിനനന്തനുംപണിപെരുത്തതാം. ൧൪൦

മിണ്ടാഞ്ഞാലറിയുന്നതാർബഹുധനംകൊണ്ടക്കമിസ്സുന്നൊരീ
മിണ്ടാപ്രാണികളായിടുംവനകരിക്കൂട്ടത്തിൽനിന്നൊന്നിനോ-
ക്കുണ്ടാമണ്ടിവരുത്തിടുന്നപവനൻകോപിച്ചടച്ചീടുകിൽ
കണ്ടില്ലെന്നുവരുന്നനേരമധിപക്ക്ത്ഥക്ഷയംവന്നിടും ൧൪൧

കാട്ടാനസ്സുതളം *

കാട്ടാനജ്ജ്വരമോടുവാനുലജലത്തോളമ്മുരിങ്ങാജ്ജലം
കൂട്ടാന്നാഴികളൊന്നുവീതമുടനേവററിച്ചതിൽഗന്ധകം
എട്ടൊന്നിട്ടഥവായുകംഭമതിലപ്പാറിട്ടുവെന്നാല്പനി-
ക്കോട്ടന്തീർത്തിഭരക്ഷതൽക്ഷണമുടിപ്പിച്ചീടുമീയൌഷധം. ൧൪൨

ഇത്തളംവളമതാണമൂന്നുദിനമാനകൾക്കിടരയാമമാ-
മസ്തകത്തിലതുണങ്ങിടാതെജലമാടിയായതൊഴിവാക്കണം

* ഇപ്പറയുന്ന ചികിത്സകൾ കന്നുകാലികൾക്കും വസന്തമുതലായതിന്നും മനു
ഷ്യർക്ക പനിക്കും മററും ചെയ്യാം.

ആഴ്പവട്ടമിതുപോലെയുള്ളൊരുപചാരമമ്പിനൊടു ചെയ്യുകിൽ
തീർച്ചയാണകരികൾക്കുകേടുകളകന്നിടുംസുഖമിയന്നിടും. ൱൪൩

കട്ടിയാനകളതാകിലുന്തളമിടേണമപ്പൊഴുതിലായവ-
ക്കിഷ്ടമുള്ളമൂലവെള്ളമോടുശരിയാണവസ്തു ധരിക്കണം
കഷ്ടമിഗ്ഗജമറിഞ്ഞതല്ലടവിയായവീട്ടിലമരുംവിധൌ-
വൃഷ്ടിവെള്ളമതുപോലെതള്ളയുടെപാൽകുടിച്ചുവളരുന്നതാം. ൱൪൪

ആനകൾക്കതിനുമക്കഷായമവിലങ്കലുണ്ടുചേർത്തിടുനൽ
കേനകണ്ടുദരാഗ്നിയോർത്തുചിതമായ്ഗോക്ഷീരവുഞ്ചേർത്തിടാം
സ്ഥാനമാനമിതൊക്കെവെക്കമിയലുന്ദന്തിക്കിടാങ്ങൾക്കമേ-
ലാനന്നമ്പലമാതിരിസ്ഥമുയരുംലേലത്തിലേറുംഗ്ഗുണം. ൱൪൫

അന്തഃഹീനാധനാമേകിടുന്നവനദന്തിതന്നുടെകിടാങ്ങളെ
ച്ചന്തമോടിഹവളത്തിടുക്കവതിനാനവൈദ്യനമിതാദരാൽ
സ്വന്തമക്കളെവളത്തിടുംപടിനിനയ്ക്കണന്ദ്വിരദബാലക
ക്കാന്തരാഗ്നികുറവാകകൊണ്ടുവെരവന്നിടാതവരെനോക്കണം. ൱൪൬

സക്കാരാദ്യാദീനങ്കളവതിനുടനേകൈമരുന്നാനവൈദ്യൻ
തക്കംനോക്കിക്കൊടുത്തിട്ടതിനുവിലതരാനുള്ളബില്ലങ്ങയച്ചാൽ
ചൊല്ലേറുള്ളമന്ത്രിരാജൻക്ഷണമതനുവദിച്ചുപ്പണംതന്നിടുന്നു-
ണ്ടൊക്കിക്കുട്ടിലിട്ടിടക്കംഗജഗദശമനേമന്ത്രിയുത്സാഹിയല്ലോ- ൱൪൭

ഛേരിപ്പോകുന്ന കൊരങ്ങിനൊരേണി

കാടിച്ചാടിമറിഞ്ഞുഴന്നാലയുമന്നാളക്കുഴിക്കേടുപോ-
ക്കീടാന്തക്കമരുന്നൊടൊത്തഴകെഴന്തീൻവെള്ളമേകീടണം
പേടിപ്പിച്ചുതൊഴിച്ചിടിച്ചുമദയമ്പിച്ചാത്തിയാല്ക്കത്തിയും
ചാടീടുന്നകരങ്ങനേണിയത്തുമട്ടാനക്കുകേടേകൊലാ. ൱൪൮

ആനക്കുട്ടിയെ പന്തലിടൽ

കുട്ടിലുള്ളവനദന്തികൾക്കധികമുണ്ണമുണ്ടരവിനാടകം
വാട്ടിടുന്നടലിലുള്ളചോരയുമുണക്കിടുന്നതിനൊളപ്പമാം
പിച്ചകൊണ്ടുമറിയുന്നകാലമൊരുപന്തലിട്ടവിവാരണ-
ക്കൊച്ചുകുഞ്ഞുവലയാതെനോക്കവതിനാനവൈദ്യനറിവിക്കണം. ()

ആനക്കാറരെ ആക്കൽ

ദുഃഖമൊക്കയുമൊഴിച്ചനാടുകളിലൊക്കയുംപ്രകടംപരത്തിനി-
വിംല്ലമായവനിപാലകൾക്കുപലകാര്യമാശ്ശനിവേറുവാൻ
ശക്തിഭംഗിമുതലായനേകഗുണമോടുവന്നിവിടെവാഴമി.
സ്സൽഗ്ഗജങ്ങളുടെരക്ഷണത്തിനതിദക്ഷരായവരെയാക്കണം. ൧൫൦

വൈദ്യനോതുവതുപോലെയിച്ചെടികൾകണ്ടറിഞ്ഞുടനൊകൈമ
ന്നദ്യമിച്ചബതനാൾകിയുണജലവുംകൊടുത്തിഭകലത്തിനേ (ആ
ഹ്ലദ്യഭാരതികൾകൊണ്ടുമമ്പിനോടിണക്കിടുന്നപരിചാരകൻ
വൈദ്യവിദ്യചിലതെങ്കിലുംപരിചയിച്ചിടുന്നതധികംഗുണം. ൧൫൧

ആറുവെള്ളമൊഴകമ്പടിക്കടലിലോടിടുംരുധിരമേറുവാ
ന്തിററവെള്ളമിവണ്ണമിയുള്ളമതിയുള്ളമാനുഷർകൊടുക്കണം
ചെറുചോരകുറവാകിലപ്പൊഴതിലഗ്നിയൊന്നിടയുമായതു
മ്പററിടാതെഗജരക്ഷചെയ്യതിനുവൈദ്യനെപ്പൊഴമൊരുങ്ങണം. ()

ദ്രോഹബുദ്ധിമുതലായതൊന്നുമരുതാനമേസ്സമതിനുള്ളവ
ർക്കുദ്രോഹബുദ്ധിനലമുള്ളനല്പനരനായിടേണമിഭപാലകൻ
സിംഹമെന്നഗജവൈരിതങ്കരണമെന്നതുംപെരിയരോഗവും.
സാഹസാദികളുമോക്കിലിട്ടിരഭപാലകക്തിവിരോധമാം. ൧൫൩

നാഗാദ്ധ്യക്ഷന്റെരോഗമ്പകരുതിഭജാതിസ്സതുംനോക്കിടേണം
രോഗന്നോക്കാതെസാക്കാരൊരുവനമഥുനാവേലനാൾകന്നതുണ്ടോ

രോഗംനോക്കേണ്ടപണ്ടുംഗജകുലമതിനെപ്പോററുവാനാനവൈദ്യൻ
പാകംപോലെപറഞ്ഞാലവരെയനുവദിച്ചിങ്ങയച്ചീടുമല്ലൊ. ഫരെ

കത്തുന്നതിയ്യിൽ നെയ്യൊഴിക്കുക

ശാന്തഹീനരെയിഭേന്ദ്രരക്ഷയതിനായ്ക്കൊലാവനഗജങ്ങളാനൽ
ഭ്രാന്തരാണെടവിരീതിവിട്ടുപഴകംവരക്കതുനിനക്കണം
കത്തുമഗ്നിയിലൊഴിക്കിൽനെയ്യധികമാളുമഗ്നിയതുപോലെയി
സ്സത്വജാതികളെരുഷ്ടഭാവമതുവിട്ടുനന്മയൊടുനോക്കണം. ഫമെ

വൈദ്യശിഷ്യൻ

ഹസ്ത്യാനക്കാരനായിട്ടൊരുവനെയനിശങ്കടട്ടത്താക്കിയെന്നാൽ
ചട്ടംകെട്ടുന്നകാര്യംവിരവിനൊടവനെന്നേരവുംചെയ്തുകൊള്ളും
എന്നാലാനക്കനേകംഗുണഗണമുയരുംകുഞ്ജരശ്രേണിമൂലം
വന്നീടുംപുണ്യലാഭംകരുതുകിലവനീപാലനെന്നോർത്തിടേണം. ഫജ്ജ

ഏതുമക്കുട്ടിലമരുന്നദന്തിയുടെപിണ്ഡമെന്നുകരിവാളിയെ
ന്നോതുമേമെടിന്നച്ചിടാതനുദിനംപരീക്ഷകളനടത്തുവാൻ
ആനമേയ്ക്കുവതിനുള്ളതായവരിലാനവൈദ്യരുടെശിഷ്യനാ-
യാനമേലൊരുവിചാരബുദ്ധിഗുണമുള്ളൊരാളെയുടനാക്കണം. ഫള്ള

തീനുവെള്ളമതിനുള്ളൊഴുംഗരവിഷംകളഞ്ഞനിശമേകിയാൽ
ദീനഭാവമതകന്നിടുംതുടുതിക്കുടങ്ങളവനന്ത്യനാം
ആനവൈദ്യനുടെശിഷ്യനാക്കിമൊരുപ്രബലംശകലമേകിയാൽ
ഊനമെന്നിയെയിതൊക്കെനന്മയിൽനടക്കുവാൻബരമെളുപ്പമാം ()

അക്കരശ്മികൾഉയുമ്പോഴുഴിയിലെഴുന്നചെറിലുഴലുംകൃമി
ക്കൂട്ടമേറുമതുപോലെയുണ്ടെന്നറിവിചെറുകുഴയുംവിധൌ
ഉൾകൃമിപ്രകരമേറുമപ്പോഴതിലനേകമുണ്ടാകുമില്ലയന്നിട്ടും
വെക്കമപ്പൊഴൊരൊട്ടുകുവസ്തുതിന്തക്കതാമഗദമേകണം ഫന്റ

കാട്ടാനകൾ കുഴൽവന്നിടാതുടനുടനോക്കീടണം തൽക്ഷണം
കൂട്ടംവിട്ടുപിരിഞ്ഞലഞ്ഞുമരുവുന്നേരത്തു മാലാററുവാൻ
കൂട്ടിൽച്ചെന്നു ചികിത്സചെയ്യുവതിനാളാവില്ലമൂൻകൂട്ടിയ
ക്കാഴ്ചപ്പാടുവരാതെനോക്കുവതിനായ്യൈദ്യൻധരിപ്പിക്കണം. ൧൩൦

കുണ്ടിൽവീണതുമുതൽക്കതീവജലവുംകുറഞ്ഞുടവിവാരണം
പണ്ടുകണ്ടതുവെടിഞ്ഞനേകകൃതിയുള്ളനാട്ടിലമരുംവിധൌ
കുണ്ടുചണ്ടികളശിച്ചുകൊണ്ടിവർമരിച്ചിടുന്നസമയത്തിലി
യ്യുണ്ടുകൊണ്ടുപുഴവാച്ചിടുംഗജകുലത്തിനായതുമകാററണം ൧൩൧

ആനകൾക്കുദരമായതിൽപ്പുഴവെരുത്തിടുംവഴിയുരച്ചിടാം
തീനുടൻകുറയുമെങ്കിലുംസകലദോഷജാലമൊഴിയില്ലതിൽ
നൂനമഗ്നിരമകത്തുചെന്നുദഹനൻറശക്തിയെയൊഴിച്ചിടാ
താനവൈദ്യനതുനോക്കിടേണമതിശുദ്ധ്യവാംക്രമിഗജത്തിനും. ൧൩൨

വേലി വിളവു തിന്നുക

വേലിതാൻവിളവശിക്കുകിൽപ്പശിപൊറുത്തിടാതെവലയുന്നനാ
ല്ക്കാലിയച്ചെടികളെത്തിരക്കിയവരുണ്ടിടാതെവിരമിക്കുമോ
എന്നമട്ടിഭധനംപെരുത്തനുഭവിപ്പതായവരുപേക്ഷചെ
യ്യുന്നുവെങ്കിലിഭപാലകന്നിതിലുപേക്ഷതോന്നുവതുചിത്രമോ. ൧൩൩

പാരംസാരതരൌഷധങ്ങൾപലതുംചേരുന്നനാട്ടിൽസ്സുഖാ
ഹാരംചെയ്തു ചരിച്ചിടുന്നകരികൾക്കാതങ്കയോഗം ലഘു
തിന്നുംനൽച്ചെടികൊണ്ടുവക്ഷശരിയായ്ധാതുക്കളെല്ലാമുടൻ
നന്നായേറുമതാണരോഗതയുമിക്കട്ടിത്തപവുംദന്തിനാം. ൧൩൪

കുട്ടിപ്രായമുള്ള ആനകളുടെ ദിനചര്യം

കുട്ടിപ്രായമുള്ളവനദന്തികൾക്കു ദിനചര്യകൾക്കൊന്നുടനെടുത്തണം
തുഷ്ടിയോടുപലടംനടന്നുപശിപോക്കിടുന്നവകളാണിവ

കൂട്ടിലുള്ളമലമൊക്കെനീക്കിയുടനാററുവെള്ളമുടലിൽചൊരി-
ഞ്ഞിഷ്ടമുള്ളചെടിവെള്ളമെന്നിവകളേറെയേകഴലൊഴിഞ്ഞിടും.

ലാഭപുണ്യധനധാന്യസന്തതികളേകിടുംഗജവരൻെറനൻ
ശോഭയേറിയൊരുപാദസേവശിവപൂജയോടുകിടയാണഹോ
താപനാശനജലാഭിഷേകമതുചെയ്തുപൂച്ചെടികൾനൽകുടൻ
വൈഭവപ്രദമതായഗന്ധകവുമേകുകാനമൃതലേറുവാൻ. ൧൬൬

ആഴ്ചവട്ടമിതുചെയ്കിലാശുപനിമാറിടുംപുനരെണങ്ങിയാൽ
കൊച്ചുകുട്ടികളടുത്തുവന്നിടുമതെന്നമാതിരിയിലാനകൾ
കല്പകേട്ടവരുമപ്പൊഴങ്ങുപഴമോടുശർക്കരയവക്കനാം-
കില്ലുപോലെവരമേകിടുംവരദമാണെദന്തികളതോർക്കുവിൻ. ൧൬൭

ആനയാനമതിസാവധാനമവരോത്തിടുംവിഷമമൊക്കയും
മാനസത്തിലതുപോലെനമ്മളുമറിഞ്ഞിടേണമിഹസപ്പവും
ദീനവത്സലതമാനമെന്നിവകൾപാരമുള്ളധരണീട്ടതാ
മ്മാനദായകരതാകുമാനകളെണങ്ങിടില്ലവഴിതെററിയാൽ. ൧൬൮

കൂട്ടിലുള്ളഗജരാജികൾക്കു സുഖമേകുവാൻകുശലവൈദ്യനാ-
രെട്ടുനാളിലൊരുനാളചെന്നുഗജരക്ഷവേണ്ടതുനടത്തണം
ഇഷ്ടമുള്ളചെടിനീരിലേതവിടെവേണ്ടതെന്നുകരുതീട്ടുറി-
പ്പോടുചെയ്യണമതാണുനല്ലഗജരക്ഷരീതികളതോർക്കുവിൻ ൧൬൯

നാട്ടിലാനമരണംവരുന്നതുവിധംവനത്തിലപമൃത്യുവി-
ല്ലിഷ്ടമുള്ളചെടിയാണതിന്നതമൃതാണവാരണഗണത്തിനും
കൂട്ടിലെന്നതുകൊടുത്തിടാത്തഗജരാജരക്ഷകർകുറച്ചൊലാ
ശിച്ചനായനുപനിച്ചുമില്ലഗജരക്ഷയെന്നതുവരുന്നതോ. ൧൭൦

പത്മനാഭനുടെസേവയാകുമമൃതാടിടുന്നൊരവനീശപരൻ
പത്മജന്റെവിധിസാധ്യവാക്യതിനാനകൾക്കമിനിമേല്ലുമേൽ

സൗത്ത്യമുള്ളപലതീനവെള്ളമനിശംകൊട്ടക്കമതിനാഞ്ഞചെ-
ല്ലാത്തദേഹമതുപോലെദന്തികളെനോക്കിരക്ഷകൾവളത്തിടും. ഫൈ

കുണ്ടിൽച്ചാടിച്ചെട്ടക്കംവനഗജമതിനന്നാധിയാംവ്യാധികൊണ്ടി
ട്ടുണ്ടാകുംകേടുപോക്കാൻചിലവൊരുപടിവേണ്ടല്ലമേവേണ്ടതുള്ള
മിണ്ടാപ്രാണിക്കുവേണ്ടുംസുഖവഴിസകലംചൊല്ലുവാൻവൈദ്യനാര-
ങ്ങുണ്ടല്ലോപിന്നെയാധോരണരുമരികിലെല്ലാസ്സെഴുംകാത്തുകൊൾ
വാൻ. ഫൌ

ഇഷ്ടമുള്ളചെടിയേററമുണ്ടുപുഴവെള്ളമാടിയതശിച്ചുമ-
ക്കാട്ടിൽവാഴുമിഭജാതിയിക്കഴിയതിൽപതിച്ചതുമുതൽക്കനാം
ഇട്ടുകെട്ടിയതിനെപ്പിടിച്ചുടനെടുത്തുകൂടകമടച്ചുതി-
ല്ലെട്ടകഷ്ടതയൊഴിച്ചുവില്ലുകിലസംഖ്യമാതൽവളൎന്നിടും. ഫമ

നന്നല്ലാതുള്ളഭോജ്യംകൾവിനെതിനുംസാവധാനത്തിൽവേണ
ന്നന്നായിട്ടുള്ളതെല്ലാംപരിചിനൊടുപയോഗിപ്പതുമെല്ലവേണം
എന്നുള്ളോരിപ്രമാണംമനുജരിലുപയോഗിക്കുവാൻമാത്രമല്ലാ-
മാന്യത്തപഞ്ചേൻദന്തിവ്രജമതിലുമനുഷ്ഠിക്കണംഹസ്തിവൈദ്യൻ. ()

കാട്ടാനകളുടെ പേരിടൽ.

പേരിടേണമുടനാനകൾക്കിവിടെയവരുംപറയുമെന്നതാം
പേരെഴുത്തുകുറിയച്ചുനോട്ടകിടയായിടുംധിവിഷനാസ്സരും
പേരെഴുന്നവരമന്ത്രിമാൎക്കടനയസ്സുമപ്പൊഴുതുലോകരും
പാരിലൊക്കെവിളിക്കുട്ടമപ്പൊഴിഭനാമവുംപ്രഥിമാസ്സരും. ഫര്

ഇട്ടപേരുകളയാതനോക്കണമനേകരക്ഷവരുമാനരി-
ക്കാട്ടനോക്കിയനുവാസരംപലയെഴുത്തുകുത്തുകൾനടത്തണം
പുഷ്ടിയുള്ളവനവാരണങ്ങളുടെനാമധേയമഖിലൎക്കുമി-
ങ്ങിഷ്ടമായിവരുവാൻഗസററിലുമിടേണമെന്നുകരുതീടണം. ഫള

വയമ്പുകൊട്ടക്കൽ

സച്ഛമായനവനീതഗന്ധകവയമ്പവക്ജരാഗിയോ-
ത്തിച്ഛയോടവർവളന്നിടുന്നതിന്നുവൈദ്യനാരുടനെനൽകണം
സേച്ഛയാൽജനമൂരച്ചിടുന്നവധരിച്ചുകൊണ്ടവരെണ്ണങ്ങിടു-
ന്നീച്ചയാണധികവേലവേണ്ടഭമുയന്നിടാഞ്ഞുചെടിജലംമതി. ൧൬൭

കാട്ടാനകളുടെ കണ്ണുഴതിക്കൽ

കണ്ണുഴത്തിന്നുസമാനമാനമിഴികൾക്കചൂടുകളൊഴിയ്ക്കുവാൻ.
വെണ്ണഗന്ധകമൊടൊത്തുചേർത്തുരുതളംവളംകരിബലംവരാൻ
കണ്ണുകൾക്കനേടുവായുകുംഭമതിലാടുകിത്തളമവൾക്കുഴം-
കണ്ണുടന്തെളിയുമെന്നുവേണ്ടബതന്തികൾക്കൊരമൃതാണിതു. ൧൬൮

പൊണ്ണനാമടവിവാരണംകുഴിയിൽവീണിടുമ്പൊഴുതുവല്ലതും
കണ്ണിലേശുകനിമിത്തമായുടനെവല്ലൊരല്ലലുമുദിയ്ക്കുകിൽ
തിണ്ണമായതുകുറയ്ക്കുവാനെഴുതുചന്ദനാദികൾസുനേത്രിയും
പുണ്യമുള്ളകനകാദിയുമ്മിഴിയിലല്ലലൊക്കയുമൊഴിഞ്ഞിടും. ൧൬൯

മുരിങ്ങത്തൊലിച്ചാർചനിക്കുക്കീരോ-
ടെരട്ടിച്ചുകൂട്ടാംചുലപ്പാലിനൊപ്പം
ധരിച്ചീടുകേരണ്ഡതൈലംകലന്നി-
ട്ടരിച്ചീടുകാച്ചീട്ടുരക്കിൻെറമദ്ധ്യം, ൧൭൦

മുക്കാച്ചുണ്ണമൊടൊത്തുഗന്ധകമതും ചാലിച്ചുമൂഝാവതിൽ
ത്തേക്കിൽകണ്ണുതെളിഞ്ഞുകൊമ്പിനഴകംവൊയ്ക്കുന്നതലപ്പൊക്കവും
ത്തല്ലാലോചിതമൊക്കെനോക്കിയിതിനെച്ചെയ്യുന്നതാണത്ഥപു
ഷ്ടിയ്ക്കുംഭാഗ്യസുഖത്തിന്നുംഗജകുലാരോഗ്യത്തിന്നുംമേത്തരം. ൧൭൦

താളിപ്രായംകഴിയുമ്മുമ്പു മലവെള്ളംവന്നാൽ നെല്ലിന്നുകേടാണെന്ന്

നെയ്യേറുന്നവതീററുവായുരസമെല്ലാടമ്പുരത്തുംക്ഷണം

സൂൎയ്യൻകാറുകൾവിട്ടുദിച്ചവിലസ്സംപോലേവിളങ്ങുമ്മിഴി
താളിപ്രായമതായനെല്ലുമലവെള്ളത്താല്ക്കുഴങ്ങുംവിധ
ങ്കേളശ്ശുക്തിപെരുത്തതന്നെഴതിയാൽഛിദ്ദ്രിസ്സുവാട്ടംവരും. ൧൨൧

തെങ്ങാനപ്പനയത്തിയിത്തിയരശ്ശുമ്പേതാലുമാവുംഫല
മ്പൊങ്ങുപ്ലാവുമുരിങ്ങവേങ്ങയിവയന്നാനക്കതീനേകുവിൻ
തേങ്ങാത്തണ്ണിയുമായവക്കിഫകുടിച്ചീടാൻകൊടുത്താൽഗ്ഗുണ
ന്തിങ്ങുംരക്ഷകളാനകൾക്കുനയനങ്ങൾക്കുംഗ്ഗുണംവന്നിടും. * ൧൨൨

ആനകളുടെ ഗൎഭരക്ഷ *

പിടിച്ചിടുംപിടിക്കുഗൎഭമായിടും ചിലപ്പൊഴ
ന്നിടാപ്പകുത്തുമല്ലലുംസഹിച്ചകുത്തുവാണിടും
കിടാവതന്നുണങ്ങിടാതുയൎന്നുപെററിടാൻകട
ല്ക്കടിസ്സുഗന്ധകംബലാദിതൈലമൊത്തുചാൎത്തുവിൻ. ൧൨൩

കുണ്ടിൽചാടിയൊടിഞ്ഞിടഞ്ഞലയുമദ്ദേഹത്തൊട്ടുംകുട്ടിലി-
ട്ടുണ്ടാകുമ്പചമേട്ടുകൊണ്ടുമലയുംഗൎഭത്തിലുള്ളക്കുകൻ
കുണ്ടാമണ്ടിപെണ്ണത്തിടാതിവിടയിക്കൂട്ടില്ക്കിടക്കുമ്മേല-
പ്പണ്ടംരണ്ടിടമായിടുന്നതുവരെച്ചേയ്യേണമീയൌഷധം. ൧൨൪

ഉള്ളപിള്ളവലയുന്നതായകരിണിക്കതീനധികമേകണം
തള്ളതിന്നുവത്തുകൊണ്ടുരണ്ടുയിരുയൎന്നിടേണമതുനോക്കണം
ചെള്ളതള്ളിവളരെപ്രയാസമുടനേസഹിച്ചപെറുമപ്പിടി ൧൨൫
കല്ലലുള്ളതുകളഞ്ഞിടുന്നചെടിവെള്ളമേററമുടനേകണം.

കാടികേരജലമോടുചേൎത്തുകരിണിസ്സുതിന്നുകുടിനീരിനേ-
കീടുകേടുകളുയുംസഗൎഭപെറുമപ്പൊഴേററമഴലുംവരാ.
ഈടെഴുന്നൊരുകിടാവിനെക്കരിണിപെററതിങ്ങറിവുകിട്ടിയാ

* ഈ ചികിത്സ മറുമൃഗങ്ങൾക്കുള്ള കണ്ണിൽ ദീനങ്ങൾക്കും ചെയ്യാം
* ഈ ചികിത്സ മററു മൃഗങ്ങൾക്കും ചെയ്യുന്നത വളരെ നല്ലതാകുന്നു

ലാടലോക്കയുമൊഴിച്ചിടുന്നതിനുവൈദ്യനാശുമതിവശ്ശണം. ൱൮

